# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



**ജൂൺ 09 – മാർ അപ്രേമിന്റെ തിരുനാൾ**

Vol. LXXIV June 2024 No. 6



എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ചരമത്തിന്റെ 89–ാം വാർഷികദിനത്തിൽ വി. കുർബാനയർപ്പിച്ചതിനുശേഷം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കബറിടത്തിങ്കൽ പ്രാർത്ഥിക്കുന്നു.



ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പന്തക്കുസ്താ തിരുനാളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കുട്ടിയെ ആദ്യാക്ഷരം എഴുതിപ്പിക്കുന്നു.



പൗരോഹിത്യ സുവർണ്ണജൂബിലി നിറവിലായിരിക്കുന്ന റായ്പൂർ മുൻ മെത്രാപ്പോലീത്ത മോസ്റ്റ് റൈറ്റ് റവ. ഡോ. ജോസഫ് അഗസ്റ്റിൻ ചരണംകുന്നേൽ പിതാവിനെ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാക്കന്മാർചേർന്ന് പൊന്നാട അണിയിക്കുന്നു.



SMS സന്ന്യാസസമൂഹസ്ഥാപകനായ ബഹു. കൈപ്പൻപ്ലാക്കലച്ചന്റെ ചരമത്തിന്റെ 10–ാം വാർഷികദിനത്തിൽ കബറിടത്തിങ്കൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഒഫീസ് ചൊല്ലി പ്രാർത്ഥിക്കുന്നു.



ചെത്തിമറ്റം ക്രിസ്തുജ്യോതി സെന്ററിൽ നടന്ന KCSL ജൂനിയർ ക്യാമ്പ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.




കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായതിന്റെ 106 – ാം വാർഷികം
അരുവിത്തുറയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ
വജ്രജൂബിലിസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



ബിഷപ്സ് ഹൗസിൽ ഡി.സി.എം.എസ്. ന്റെ രൂപതാതല മീറ്റിംഗ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.




ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ ഹെൽത്ത് ഡയലോഗ് സീരീസ് – ആരോഗ്യ ബോധവൽക്കരണപരിപാടി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ **PSWS** ന്റെ നേതൃത്വത്തിൽ 2004 മുതൽ വൈദികപട്ടം സ്വീകരിച്ചിട്ടുള്ള ബഹു. വൈദികരുടെ ഓൺഗോയിങ് ഫോർമേഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



കോതമംഗലം രൂപതയുടെ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് **NESTT**ൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ സംസ്ഥാന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമാപനസന്ദേശം നൽകുന്നു.



ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ 2024 – 25 അൽഫോൻസിയൻ ആത്മീയവർഷം ‘‘സ്ലീവ’’ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

LEAD KINDLY LIGHT

IHS

EPARCHY OF PALAI

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**JUNE 2024**
**Vol. LXXIV No. 6**

# CONTENTS

ഇടയലേഖനം 79 ....................403
സർക്കുലർ 326 ....................410
സർക്കുലർ 325 ....................414
സന്ദേശം ....................419
സന്ദേശം ....................426
സന്ദേശം ....................434
കച്ചേരിക്കാര്യം ....................446
ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക് ....................448
അറിയിപ്പ് ....................449
വാർത്തകൾ ....................452
ആദരാഞ്ജലികൾ ....................486
അഭിവന്ദ്യപിതാവിന്റെ ഡയറി ....................491

ഇടയലേഖനം - 79

# വിശ്വാസപരിശീലനം

## സഭയുടെ ഏറ്റം വലിയ ഉത്തരവാദിത്വം

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനി സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

വന്ദ്യസഹോദരരേ, പ്രിയമക്കളേ,

ജൂൺ രണ്ടാം തീയതി ഞായറാഴ്ച പുതിയ ഒരു വിശ്വാസപരിശീലനവർഷത്തിലേക്കു നാം പ്രവേശിക്കുന്നു. സഭയുടെ ഏറ്റവും വലിയ കടമയും അവകാശവുമാണ് വിശ്വാസപരിശീലനം. ഒരു ക്രിസ്തീയകുടുംബത്തിൽ ജനിച്ചതുകൊണ്ടുമാത്രം നാം ക്രിസ്ത്യാനിയായിത്തീരണമെന്നില്ല. ഈശോ പഠിപ്പിച്ച ക്രിസ്തീയജീവിതക്രമം കുടുംബത്തിൽനിന്നുതന്നെ കണ്ടും കേട്ടും അനുഭവിച്ചും പഠിക്കാനുള്ള അവസരമുണ്ടാകണം. ആശയങ്ങളിലോ തത്വങ്ങളിലോ ഒതുങ്ങുന്നതല്ല ക്രിസ്തീയജീവിതശൈലി. അതു പ്രായോഗികജീവിതത്തിൽ അനുഭവിച്ചറിഞ്ഞ് സാക്ഷ്യപ്പെടുത്താനുള്ളതാണ്. ഈശോയെ നോക്കിയാണ് ഈ കാര്യങ്ങൾ നാം കൂടുതലായി പഠിക്കേണ്ടത്. ഈശോ എങ്ങനെയാണ് കുടുംബത്തിൽ വളർന്നുവന്നത് എന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. “ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു”(ലൂക്കാ 2:52). ഈശോയ്ക്ക് ഇപ്രകാരം വളരുവാനുള്ള ഒരു സാഹചര്യമാണ് തിരുക്കുടുംബ

ത്തിൽ ഉണ്ടായിരുന്നത്. പരിശുദ്ധ അമ്മയും മാർ യൗസേപ്പും തങ്ങളുടെ ജീവിതംവഴി ഇത്തരത്തിൽ ഈശോയ്ക്കു വളരുന്നതിന് അനുയോജ്യമായ സാഹചര്യമൊരുക്കി. ഇന്ന് ഈശോയെപ്പോലെ നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നതിന് കുടുംബങ്ങളും കുടുംബക്കൂട്ടായ്മകളും വിശ്വാസപരിശീലന ക്ലാസ്സുകളുമെല്ലാം അനുയോജ്യമായ സാഹചര്യം ഒരുക്കേണ്ടിയിരിക്കുന്നു.

വിശ്വാസപരിശീലനം സഭയുടെ ചുമതലയുമാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 'മതബോധനം ഇന്ന്' (Catechesi Tradendae) എന്ന അപ്പസ്തോലികപ്രബോധനത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നു. "സഭ എക്കാലവും മതബോധനത്തെ വിശുദ്ധമായ ഒരു കടമയും അനുപേക്ഷണീയമായ അവകാശവുമായി കണ്ടിരുന്നുവെന്നതു വ്യക്തമാണ്. ഒരുവശത്ത്, അതു കർത്താവിന്റെ കല്പനയിൽനിന്നു സംജാതമാകുന്നതും, സർവ്വോപരി പുതിയ ഉടമ്പടിയിൽ അജപാലകന്മാരായിരിക്കാൻ വിളി സ്വീകരിച്ചിട്ടുള്ളവർക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്നതുമായ കടമയാണെന്നു നിസ്സംശയം പറയാം. മറുവശത്ത്, അതുപോലെതന്നെയുള്ള ഒരവകാശവും കാണാൻ കഴിയും... മാമ്മോദീസാ സ്വീകരിച്ച ഒരോ വ്യക്തിക്കും അതിനാൽത്തന്നെ സാക്ഷാത്തായ ക്രൈസ്തവജീവിതത്തിൽ പ്രവേശിക്കുവാൻ പ്രബോധനവും അഭ്യാസവും ലഭിക്കാൻ അവകാശമുണ്ട്" (CT.14). "മതബോധനം ലഭിക്കുക എന്നത് വിശ്വാസികൾ ഏവരുടെയും അവകാശമാണ്. അതു നല്കുക എന്നത് അജപാലകരുടെ കടമയും" (CT.64). വളരെ ചെറുപ്പത്തിലേ പ്രവേശകകൂദാശകൾ സ്വീകരിക്കുന്നവർ പ്രായത്തിലും ജ്ഞാനത്തിലും ആത്മീയപക്വതയിലും വളരേണ്ടത് വിശ്വാസപരിശീലനത്തിലൂടെയാണ്.

വിശ്വാസപരിശീലനത്തിന്റെ വിഷയം ദൈവവചനമാണ്, മാംസമായി അവതരിച്ച വചനം ഈശോയാണ് (യോഹ. 1:14). അതുകൊണ്ട് യഥാർത്ഥവിഷയം ഈശോതന്നെയാണ്.

ഇതിന്റെ ലക്ഷ്യം സ്വർഗ്ഗമാണ്. ഈശോയിൽ പൂർത്തിയായ രക്ഷ വ്യക്തിപരമായി കൂദാശകളിലൂടെ പ്രത്യേകിച്ചും പരി. കുർബാനയിലൂടെ അനുഭവിക്കുമ്പോൾ ഒരുവനുണ്ടാകുന്നത് സ്വർഗ്ഗജീവിതത്തിന്റെ മുന്നാസ്വാദനമാണ്. വിശുദ്ധ ഗ്രന്ഥം അവതരിപ്പിക്കുന്ന ക്രിസ്തുരഹസ്യങ്ങളുടെ ആഘോഷമാണ് വി. കുർബാന. അതുകൊണ്ടുതന്നെ വിശ്വാസപരിശീലനം പരിശുദ്ധകുർബാനയിൽ കേന്ദ്രികൃതമാകണം. ഓരോ കുട്ടിക്കും വി. കുർബാന അനുഭവവേദ്യമാകാത്തവിധം അർപ്പിക്കാൻ കഴിഞ്ഞാൽ വിശ്വാസപരിശീലനം വിജയം വരിക്കുന്നെന്നു പറയാം.

ഈശോ തന്റെ ശിഷ്യൻമാർക്ക് വിശ്വാസപരിശീലനം നൽകിയത് തന്റെ ജീവിതശൈലിയിലൂടെയാണ്. ഈശോയെ കണ്ടും കേട്ടും തൊട്ടും അവർ ദൈവാനുഭവത്തിൽ വളർന്നു. അവർ അങ്ങനെ അനുദിനം വളരുവാൻ തക്കവണ്ണം ഈശോയുടെ വ്യക്തിത്വം പരിപക്വവും പരിപൂർണ്ണവുമായിരുന്നു. ഈശോ പഠിപ്പിച്ച കാര്യങ്ങൾതന്നെയാണ് ഈശോ പ്രവർത്തിച്ചതും. ഈശോ പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കാര്യങ്ങളാണ് പ്രാർത്ഥിച്ചത്. നമ്മുടെ ജീവിതത്തിൽ ഈശോ പറഞ്ഞകാര്യങ്ങൾ നാം വിശ്വസിക്കണം. ആ വിശ്വാസമാണ് നാം പരി. കുർബാനയിലും മറ്റു കൂദാശകളിലും പ്രഘോഷിക്കുന്നത്. അതുകൊണ്ടാണ് ആദിമസഭമുതൽ പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമമാണെന്ന് (lex orandi lex credendi) നാം മനസ്സിലാക്കുന്നത്. ഈ വിശ്വാസവും പ്രാർത്ഥനയും നമ്മുടെ ജീവിതബന്ധിയാകണം അഥവാ ജീവിതത്തിന്റെ നിയമമാകണം (lex vivendi).

മേല്പറഞ്ഞ ചിന്തയനുസരിച്ച് വിശ്വാസപരിശീലകർ ഈശോയുടെ സജീവസാക്ഷികളായിരിക്കണം. ഭാഗ്യസ്മരണാർഹനായ വി. പോൾ ആറാമൻ മാർപാപ്പായുടെ ‘സുവിശേഷപ്രഘോഷണം’ (evangelii nuntiandi) എന്ന അപ്പസ്തോലികപ്രബോധനത്തിലെ വളരെ പ്രസക്തമായ ചോദ്യങ്ങൾക്ക് കാതോർക്കാം: “നിങ്ങൾ പ്രസംഗിക്കുന്ന കാര്യങ്ങൾ

യഥാർത്ഥത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ വിശ്വാസത്തിനനുസരിച്ച് നിങ്ങൾ ജീവിക്കുന്നുണ്ടോ? നിങ്ങൾ ജീവിതത്തിൽ അനുഷ്ഠിക്കുന്നവയാണോ പ്രസംഗിക്കുന്നത്? ഈ ചോദ്യങ്ങൾ ഇന്നു നിശ്ശബ്ദമായും പലപ്പോഴും ഉച്ചസ്വര ത്തിലും ഉന്നയിച്ചുപോരുന്നതാണ്" (E.N 76). ഹൃദയസ്പർശി യായി നമുക്കു സംസാരിക്കാൻ കഴിയാത്തതും അനുഭവനിറ വിൽ പ്രാർത്ഥിക്കാൻ സാധിക്കാത്തതും നമ്മുടെ വൈകല്യം കൊണ്ടാണെന്നുള്ള തിരിച്ചറിവ് അനിവാര്യമാണ്. പൗലോസ് ശ്ലീഹാ ഈ കാര്യം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്: "മറ്റുള്ള വരെ പഠിപ്പിക്കുന്ന നീ നിന്നെത്തന്നെ പഠിപ്പിക്കാത്തതെന്ത്? മോഷ്ടിക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുത് എന്നുപറയുന്ന നീ വ്യഭിചാരം ചെയ്യു ന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ദൈവാലയം കവർച്ച ചെയ്യുന്നുവോ? നിയമത്തിൽ അഭിമാനിക്കുന്ന നീ നിയമം ലം ഘിച്ച് ദൈവത്തെ അപമാനിക്കുന്നുവോ? നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം വിജാതീയരുടെ ഇടയിൽ ദുഷിക്കപ്പെടുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ" (റോമാ 2: 21-24). പല പ്പോഴും നമ്മുടെ കുറവുകളും വൈകല്യങ്ങളുമാണ് സഭയുടെ മുഖം വികൃതമാക്കുന്നത്; നമുക്ക് വിശ്വാസപരിശീലനം ഫല രഹിതമാക്കുന്നതും.

ഈശോയുടെ പ്രബോധനത്തിന്റെ സവിശേഷത ശ്രദ്ധി ക്കുക: "നിയമജ്ഞരെപ്പോലെയല്ല അധികാരമുള്ളവനെപ്പോ ലെയാണ് അവൻ പഠിപ്പിച്ചത്"(മത്താ 7:28). ഈശോയുടെ ജീവിതത്തിന്റെ ഔന്നത്യവും ഹൃദയപരമാർത്ഥതയുമാണ് പ്രബോധനത്തെ ആധികാരികമാക്കിയത്. ഈശോക്ക് ശ്രോതാ ക്കളുടെ മുമ്പിൽ തന്റെ ആധികാരിതയെ ബോധ്യപ്പെടുത്താൻ സാധിച്ചു. അതുകൊണ്ടാണ് അവിടുന്ന് നിർഭയം ചോദിച്ചത്: "നിങ്ങളിൽ ആർക്കെന്നിൽ പാപമാരോപിക്കാൻ കഴിയും?" (യോഹ. 8:46). ഈശോയുടെ ഈ ആധികാരികതയിൽ നമുക്കു പങ്കുപറ്റാൻ സാധിക്കണം.

ഈശോ പ്രബോധിപ്പിക്കുന്നതിനുപയോഗിച്ച മാർഗ ങ്ങൾ വളരെ ശ്രദ്ധേയമാണ്. വിവിധങ്ങളായ ബോധനോപാ ധികൾ അവിടുന്നുപയോഗിച്ചു. ആകാശത്തിലെ പറവകൾ, ലില്ലിച്ചെടികൾ, വിതക്കാരൻ, മുന്തിരിച്ചെടി- എല്ലാം ചൂണ്ടിക്കാ ണിച്ച് അവിടുന്നു പഠിപ്പിച്ചു. ശിശുവിനെ ചൂണ്ടിക്കാണിച്ച് സ്വർഗ്ഗത്തിലെ വലിയവനെക്കുറിച്ചു പഠിപ്പിച്ചു. സീസറിനു കപ്പം കൊടുക്കണമോയെന്ന ചോദ്യത്തിന് ഒരു നാണയം ഉപയോ ഗിച്ചുകൊണ്ട് അവിടുന്നു മറുപടി നല്കി. ഈശോയുടെ പ്രബോധനരീതി ആധുനിക സാങ്കേതികമാർഗ്ഗങ്ങൾ അവലം ബിക്കുന്നതിനു നമ്മെ പ്രചോദിപ്പിക്കുന്നു. കാലഘട്ടത്തിനിണ ങ്ങുന്നവിധത്തിലുള്ള പ്രബോധനരീതി നാം അവലംബിക്കണം. നമ്മുടെ പല സൺഡേസ്കൂളുകളിലും മീഡിയാ റൂം ക്രമീക രിക്കുകയും അതുവഴി പഠനം കൂടുതൽ പ്രയോജനപ്രദവും രസകരവുമാക്കുകയും ചെയ്തിരിക്കുന്നു. ഈ വിധത്തിലുള്ള ക്രമീകരണങ്ങൾ വളരെ പ്രോത്സാഹനജനകമാണ്. ചില സൺഡേസ്കൂളുകളിൽ നോട്ടീസ് ബോർഡിൽ അവതരിപ്പി ക്കുന്ന സെയിന്റ്സ് കോർണറുകളും വളരെ വിജ്ഞാനപ്രദവും പ്രചോദനാത്മകവുമാണ്. നമ്മുടെ ബെസ്റ്റ് സൺസ്കൂളുകൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന പ്രായോഗികവും നൂതനവുമായ പദ്ധതികൾ മറ്റുള്ളവർക്കും മാതൃകാപരമാണ്.

ഈശോ സമകാലികസമൂഹത്തിലെ തിന്മകൾ ചൂണ്ടി ക്കാണിക്കുകയും അവയ്ക്കെതിരെ ശക്തമായി പ്രതികരിക്കു കയും ചെയ്തു. കപടഭക്തി, ചൂഷണം, ആന്തരിക അശുദ്ധി, സ്ഥാനമോഹം, അന്തസ്സാരശൂന്യമായ ബാഹ്യപ്രകടനങ്ങൾ, മനഃപൂർവ്വം നൽകുന്ന തെറ്റായ പ്രബോധനങ്ങൾ, ആത്മാർത്ഥ തയില്ലാത്ത നിയമാനുസരണം തുടങ്ങിയ തിന്മകൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ ഈശോ സംസാരിച്ചു (ലൂക്കാ 11:39-53). ഇന്നത്തെ സമൂഹത്തിലെ തിന്മകൾക്കെതിരെ; പ്രത്യേകിച്ചും കുട്ടികൾ അഭിമുഖീകരിക്കുന്ന തിന്മകൾക്കെതിരെ ശക്തമായി പഠിപ്പിക്കുവാൻ വിശ്വാസപരിശീലനവേദി ഉപയോഗപ്പെടുത്ത

ണം. മദ്യം, മയക്കുമരുന്ന്, തെറ്റായ സ്നേഹബന്ധങ്ങൾ, വിശ്വാസത്തിനു നിരക്കാത്ത കൂട്ടുകെട്ടുകൾ തുടങ്ങിയ കാര്യങ്ങൾ നമ്മുടെ കുട്ടികൾ ജാഗ്രതയോടെ ഒഴിവാക്കാൻ അവരെ പ്രേരിപ്പിക്കണം. അടിയുറച്ച ധാർമ്മികബോധവും അടിതെറ്റാത്ത ഉൾക്കാഴ്ചകളും വേണ്ടത്ര തിരിച്ചറിവുകളും വിശ്വാസപരിശീലനംവഴി കുട്ടികൾക്കു പകർന്നുകൊടുക്കണം. ഇതെല്ലാം സാധിക്കുന്നത് അഗാധമായ ദൈവബോധവും ദൈവസാന്നിദ്ധ്യസ്മരണയും നമുക്കുണ്ടാകുമ്പോഴാണ്. ദൈവവിചാരമുള്ള ഹൃദയത്തിൽനിന്നു പകരുന്ന സച്ചിന്തകളാണ് കുഞ്ഞുങ്ങൾക്കു ശരിയായ ദിശാബോധം നൽകുന്നത്.

ഈശോയുടെ പ്രബോധനത്തിന്റെ മറ്റൊരു പ്രത്യേകതകൂടി ചൂണ്ടിക്കാണിക്കട്ടെ. ഈശോ പറയുന്നു: "എന്റെ പ്രബോധനം എന്റെ സ്വന്തമല്ല എന്നെ അയച്ചവന്റേതത്രേ" (യോഹ. 7:16). വിശ്വാസപരിശീലകരുടെ പ്രബോധനം അവരുടെ താത്പര്യങ്ങൾക്കും കാഴ്ച്ചപ്പാടുകൾക്കും അനുസരിച്ചായിരിക്കരുത്. സഭയുടെ കാഴ്ചപാടുകളും പഠനങ്ങളുമാണ് അവരുടെ അധരങ്ങളിലൂടെ കേൾക്കേണ്ടത്. ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കുക: "കർത്താവിൽനിന്നു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം" (1 കോറി 11:23) എന്നാണു പറയുന്നത്. കർത്താവിൽനിന്നു ലഭിച്ചിരിക്കുന്നതാകട്ടെ നമ്മുടെ പ്രബോധനവിഷയം.

പ്രിയപ്പെട്ട വിശ്വാസപരിശീലകരേ, നിങ്ങൾ ചെയ്യുന്ന ശുശ്രൂഷകൾ എത്ര മഹനീയവും ശ്രേഷ്ഠവുമാണ്. നിങ്ങൾ ഈശോയുടെ ദൗത്യത്തിലാണ് പങ്കാളികളായിരിക്കുന്നത്. ഞാൻ നിങ്ങളെ ഹൃദയപൂർവ്വം അനുമോദിക്കുകയും ഈശോയ്ക്ക് പ്രത്യേകം സമർപ്പിക്കുകയും ചെയ്യുന്നു. പ്രിയപ്പെട്ട മാതാപിതാക്കളേ, മറ്റെല്ലാ പരിശീലനത്തെയുംകാൾ പ്രധാനപ്പെട്ടതാണ് നമ്മുടെ കുഞ്ഞുങ്ങൾക്കു നിങ്ങൾ കുടുംബത്തിൽ നൽകുന്ന വിശ്വാസപരിശീലനവും അതോടൊപ്പം സൺഡേസ്കൂൾ വഴി അവർക്കു ലഭിക്കുന്ന പരിശീലനവും.

ഒരു കാര്യം പ്രത്യേകം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. കുഞ്ഞുങ്ങൾക്ക് മൂന്നരവയസ്സാകുമ്പോൾത്തന്നെ സൺഡേസ്കൂൾ നേഴ്സറിസ്കൂളിൽ ചേർക്കുന്നത് വളരെ ഉപകാരപ്രദമാണ്. നമ്മുടെ ചില സൺഡേസ്കൂളുകളിൽ ഇത്തരം നേഴ്സറികൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഈശോയെക്കുറിച്ചറിയാനും ഈശോയോടൊത്തു ജീവിക്കുവാനും നിങ്ങൾക്കു കിട്ടുന്ന വിലപ്പെട്ട അവസരം ഒരു കാരണവശാലും പാഴാക്കരുത്. പ്രിയ ദൈവജനമേ, വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു: "ഒരു നൂറായിരം ചുമതലകളിൽ നിങ്ങൾക്കു ശ്രദ്ധിക്കാനുണ്ട്. എന്നാൽ, സജീവവും ഫലദായകവുമായ മതബോധനം പരിപോഷിപ്പിക്കുന്നതിനുള്ള ശ്രദ്ധ ഒരു കാരണവശാലും മറ്റൊന്നിനും വഴിമാറിക്കൊടുക്കാൻ ഇടയാകാതിരിക്കട്ടെ" (മതബോധനം ഇന്ന് 63).

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 31.05.2024

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: ഈ ഇടയലേഖനം 2024 ജൂൺ 2-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ - 326

# ദളിത്ക്രൈസ്തവശക്തീകരണം സപ്തതിവർഷത്തിൽ

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ക്രിസ്തുമതവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ നീതി നിഷേധിക്കപ്പെട്ട ഒരു വിഭാഗം ജനങ്ങളാണ് ദളിത്ക്രൈസ്തവർ. അവരുടെ അവകാശാനുകൂല്യങ്ങളോട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന നിഷേധാത്മകമായ നിലപാടുകൾക്കെതിരേ ദളിത്ക്രൈസ്തവർ ഇപ്പോഴും സമരമുഖത്താണ്. കേന്ദ്ര-സംസ്ഥാനസർക്കാരുകളും ബഹുമാനപ്പെട്ട നീതിപീഠവും ദളിത്ക്രൈസ്തവസമൂഹത്തിന്റെ കാലാകാലങ്ങളായിട്ടുള്ള ആവശ്യങ്ങൾ വേണ്ടവിധത്തിൽ പരിഗണിക്കാൻ തയ്യാറായിട്ടില്ല. ദളിത്ക്രൈസ്തവരുടെ ഗുരുതരമായ വിഷയങ്ങൾ സമരമാർഗങ്ങളിലൂടെ അധികാരകേന്ദ്രങ്ങളിലും കോടതികൾ മുമ്പാകെയും പൊതുസമൂഹത്തിന്റെ മുമ്പിലും എത്തിക്കുന്നതിനും അറിയിക്കുന്നതിനുംവേണ്ടി 1955 ൽ രൂപീകരിച്ച സംഘടനയാണ് അവശകത്തോലിക്കാ മഹാജനസഭ (ACMS). 1993 മുതൽ ഈ സംഘടന കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ (KCBC) ഭാഗമായിട്ടുള്ള KCBC/SC/ST/BC കമ്മീഷന്റെ കീഴിൽ 'ദളിത് കത്തോലിക്കാമഹാജനസഭ' (DCMS) എന്ന പേരിൽ പ്രവർത്തിക്കുന്നു. DCMS സംഘടനയുടെ ആഭിമുഖ്യത്തിൽ നാളിതുവരെ സമുദായത്തിന്റെ അവകാശാനുകൂല്യങ്ങൾക്കുവേണ്ടി നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്.

പാലാ രൂപതയിൽ DCMS സംഘടനയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വിവിധങ്ങളായ അവകാശസമരങ്ങൾക്കു നേതൃത്വം നല്കുന്നതിനോടൊപ്പം ഇളംതലമുറയുടെ വളർച്ച ലക്ഷ്യംവച്ചുകൊണ്ടുള്ള വ്യത്യസ്തങ്ങളായ കർമ്മപരിപാടികൾക്കു സംഘടന നേതൃത്വം നൽകുന്നുണ്ട്. കുട്ടികളുടെ ക്യാമ്പുകൾ, സെമിനാറുകൾ, കരിയർഗൈഡൻസ്

പ്രോഗ്രാമുകൾ, ഉന്നതവിദ്യാഭ്യാസ ശില്പശാലകൾ തുടങ്ങിയവ മികച്ച രീതിയിൽ നടക്കുന്നു. കൂടാതെ വിദ്യാഭ്യാസ സഹായങ്ങളും സ്കോളർഷിപ്പുകളും നല്കിവരുന്നു. സ്ത്രീ ശക്തീകരണം, യുവജനശക്തീകരണം, ഉദ്യോഗസ്ഥ - ഉദ്യോഗാർത്ഥിസംഗമങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ DCMS സംഘടന സമുദായത്തിന്റെ സമഗ്രമായ വളർച്ച ലക്ഷ്യം വയ്ക്കുന്നു.

1955 ൽ സ്ഥാപിതമായ DCMS സംഘടന സപ്തതി വർഷത്തിലേക്കു പ്രവേശിക്കുകയാണ്. സംഘടനയുടെ സപ്തതിയും പാലാരൂപതയുടെ പ്ലാറ്റിനം ജൂബിലിയും ഒന്നിച്ചുവരുന്ന പശ്ചാത്തലത്തിൽ നമ്മുടെ രൂപതയിലെ ദളിത്കത്തോലിക്കാ സമൂഹത്തിന്റെ സമഗ്രമായ ശക്തീകരണം ഉന്നം വെച്ചുകൊണ്ട് വിപുലമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിരിക്കുകയാണ്. രാമപുരം, കുറവിലങ്ങാട്, ചേർപ്പുങ്കൽ, അരുവിത്തുറ, തുടങ്ങനാട് എന്നീ 5 സോണുകളുടെ നേതൃത്വത്തിൽ ഭവനസന്ദർശനം, കുടുംബസംഗമങ്ങൾ, സോണൽ സംഗമങ്ങൾ, കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കുമുള്ള സെമിനാറുകൾ, ധ്യാനങ്ങൾ, കുടുംബനവീകരണ പരിപാടികൾ, കലാകായികസാഹിത്യമത്സരങ്ങൾ, രാഷ്ട്രീയസാമൂഹിക സാമുദായിക സംവാദങ്ങൾ, കുഞ്ഞച്ചൻ തീർഥാടനപദയാത്ര, ദീപശിഖാപ്രയാണം, വഞ്ചനദിനാചരണം (ഓഗസ്റ്റ് 10), ജസ്റ്റിസ് സൺഡേ ആചരണം എന്നിവ കൂടാതെ ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവ വളരെ പ്രാധാന്യത്തോടെ നമ്മൾ നടത്തുന്നു. ഈ പരിപാടികൾക്കു നേതൃത്വം നല്കേണ്ട സോണൽ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഓരോ സോണിന്റെയും കീഴിലുള്ള ഫൊറോനാ വികാരിമാർ (രക്ഷാധികാരികൾ) ഫൊറോനാ ഡയറക്ടർമാർ (ചെയർമാന്മാർ) അതതു മേഖലയിലെ രൂപതാ കമ്മിറ്റി അംഗങ്ങൾ (മുഖ്യസംഘാടകർ) 5 സബ്കമ്മിറ്റി അംഗങ്ങൾ, കൺവീനേഴസ് (പ്രവർത്തനസമിതിയംഗങ്ങൾ) എന്നിവർ ഉൾപ്പെടുന്നതാണ് സോണൽ കമ്മിറ്റി.

നമ്മുടെ രൂപതയിലെ ഓരോ ദളിത്കത്തോലിക്കാക്കുടുംബത്തെയും സഭയിലേക്കും സംഘടനയിലേക്കും കൂടുതൽ അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ സോണിലും വിവിധ പരിപാടികൾ രൂപതാക്കമ്മിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. സപ്തതിപരിപാടികളിലൂടെ ദളിത്കത്തോലിക്കാ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനോടൊപ്പം അവരെ വിദ്യാഭ്യാസപരമായും ആത്മീയമായും ഉയർത്തുകയും സാമൂഹികസാമ്പത്തികരാഷ്ട്രീയ മേഖലകളിൽ കരുത്തുറ്റവരാക്കുകയും ചെയ്യണം. ഇതിനായി ഇടവകതലത്തിൽ DCMS സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. സംഘടനയുടെ യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ എത്രയും വേഗം യൂണിറ്റ് രൂപീകരിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

സപ്തതിവർഷകർമ്മപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭവനസന്ദർശനം. ദളിത് കത്തോലിക്കാക്കുടുംബങ്ങളെ അടുത്തറിയുക, അവരുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുക, അവരെ ഇടവകസമൂഹത്തോടു ചേർത്തുനിർത്തുക എന്നീ ലക്ഷ്യങ്ങൾ ഭവനസന്ദർശനത്തിലൂടെ സാധ്യമാക്കണം. ഭവനസന്ദർശനത്തിനു സോണൽ പ്രവർത്തനസമിതിയംഗങ്ങളും യൂണിറ്റുള്ള ഇടവകകളിൽ യൂണിറ്റ് ഭാരവാഹികളും യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ സോണൽ പ്രവർത്തനസമിതിയംഗങ്ങളും നേതൃത്വം നൽകും. ഭവനസന്ദർശനത്തിനുശേഷം കുടുംബസംഗമങ്ങളും ഇടവകതലത്തിൽ നടത്തപ്പെടണം. ഭവനസന്ദർശനത്തിനും കുടുംബസംഗമത്തിനും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസ്തേന്തിമാരും സിസ്റ്റേഴ്സും പരിപൂർണ്ണപിന്തുണയും പ്രോത്സാഹനവും സഹായസഹകരണങ്ങളും നല്കേണ്ടതാണ്. രൂപതയിലെ മുഴുവൻ ദളിത്കത്തോലിക്കാക്കുടുംബങ്ങളുടെയും സന്ദർശനം 2024 ജൂലൈ 31നകം പൂർത്തീകരിക്കേണ്ടതാണ്. അതിനുശേഷം കുടുംബസംഗമങ്ങൾ സമയബന്ധിതമായി എല്ലാ ഇടവകകളിലും സംഘടിപ്പിക്കേണ്ടതാണ്. സോണൽതലത്തിൽ നടത്ത

പ്പെടുന്ന വിവിധങ്ങളായ പരിപാടികളിൽ ഓരോ ഇടവകയിൽ നിന്നും പരമാവധി ആളുകളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

2024 നവംബർ ഒന്നാം തീയതി നടത്തപ്പെടുന്ന ദേശീയ സിമ്പോസിയവും മഹാസമ്മേളനവും ഏവരുടെയും സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. ദളിത്സഹോദരങ്ങളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന രാമപുരത്തുവച്ചാണ് ഇവ നടത്തപ്പെടുന്നത്. ദളിത് ശക്തീകരണത്തിനും ഉന്നമനത്തിനും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനാണ് നമ്മുടെ മാതൃകയും പ്രചോദനവും. കുഞ്ഞച്ചൻ തുടങ്ങിവച്ച ദളിത് നവോത്ഥാനം അഭംഗുരം തുടരാൻ എല്ലാ അജപാലകരും മുന്നിട്ടിറങ്ങണം. DCMS സപ്തതിവർഷാചരണവും രൂപതയുടെ പ്ലാറ്റിനം ജൂബിലിയും അവയോടനുബന്ധിച്ചുള്ള കർമ്മപദ്ധതികളും ദളിത്കത്തോലിക്കാസമുദായത്തിന്റെ സർവതോമുഖമായ ഉയിർത്തെഴുന്നേല്പിനു കാരണമാകണം. നമ്മുടെ രൂപതയിൽ നടത്തപ്പെടുന്ന ദളിത്ശക്തീകരണപ്രവർത്തനങ്ങൾ ഇതര രൂപതകൾക്കും നമ്മുടെ രാജ്യത്തെ ദളിത് വിഭാഗത്തിന്റെ നവോത്ഥാനപരിശ്രമങ്ങൾക്കും മാതൃകയും പ്രചോദനവുമാകണം. നമ്മുടെ രൂപതയിലെ ദളിത്കത്തോലിക്കാസമൂഹത്തിന്റെ സർവതോമുഖമായ ഉന്നമനത്തിനുവേണ്ടി നടത്തപ്പെടുന്ന എല്ലാ പരിപടികളിലേക്കും എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

മെത്രാസനമന്ദിരം
പാലാ, 31.05.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ ജൂൺ 9-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ: 325

# കുടുംബദിനം

**ജൂൺ 8 ശനി**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

കുടുംബശക്തീകരണത്തിനുള്ള തീവ്രപരിശ്രമത്തിൽ സഭ ഏർപ്പെട്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന ഗൗരവമേറിയ വെല്ലുവിളികളുടെ വേരുകൾ തേടുമ്പോൾ അതു പലപ്പോഴും എത്തിനിൽക്കുന്നത് കുടുംബത്തിലാണ്. സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സർവ്വോപരി വിശ്വാസജീവിതത്തിന്റെയും ആണിക്കല്ലും അടിസ്ഥാനഘടകവും കുടുംബമാണ്. അസ്വസ്ഥതകൾ നിറഞ്ഞ ഇന്നത്തെ ലോകത്തിൽ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മേഖലകളിൽ ദിശാബോധം നൽകുവാൻ കഴിയണമെങ്കിൽ നമ്മുടെ കുടുംബങ്ങൾ ശക്തിപ്പെടണം. അതുകൊണ്ട് കുടുംബങ്ങളെ സംബന്ധിച്ച് ഒരു തിരിച്ചു വരവിന്റെ കാലഘട്ടമാണിത്.

കുടുംബത്തിന്റെ ഉത്ഭവം ദൈവത്തിൽനിന്നാണ്. വിശുദ്ധഗ്രന്ഥത്തിന്റെ ആരംഭംമുതൽ രക്ഷാകരചരിത്രത്തിലുട നീളം കുടുംബങ്ങളുടെ ചരിത്രവും സംഭവങ്ങളുമാണ് നാം കണ്ടുമുട്ടുന്നത്. സൃഷ്ടികൾക്കെല്ലാം മകുടമായി തന്റെ ഛായ യിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതും (ഉത്പത്തി 1:27, 2:7) അവനെ പിതാവും മാതാവു മാകുവാൻ നിയോഗിച്ചതും അനുഗ്രഹിച്ചതും (ഉത്പത്തി 1:28 4:1) ദൈവംതന്നെ. അബ്രാഹംമുതലുള്ള പൂർവ്വപിതാക്കന്മാ രുടെ കുടുംബങ്ങളുടെ മാതൃകവഴി ഉത്തമരായ പിതാക്കന്മാ രെയും മാതാക്കളെയും വിശുദ്ധഗ്രന്ഥം എടുത്തുകാട്ടുന്നു. ഫ്രാൻസീസ് മാർപാപ്പാ പറയുന്നു: "ദൈവപുത്രന്റെ മനുഷ്യാവ

താരം നസ്രത്തിലെ ഒരു കുടുംബത്തിനുള്ളിൽ സംഭവിച്ചു. ഈശോ ഒരു കുടുംബത്തിലാണു ജനിച്ചത്. ലോകത്തിലേക്കു വരാൻ, ദൈവം ഒരു കുടുംബമാണു തിരഞ്ഞെടുത്തത്." വി. പൗലോസ് ശ്ലീഹാ എഫേസൂസിലെ സഭയ്ക്കെഴുതിയ ലേഖനം 5, 6 അദ്ധ്യായങ്ങളിലായി കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാരും, മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തെ വിശാലമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഒരു സാമൂഹികജീവിയായ മനുഷ്യന് അതിജീവിക്കാനും സ്വയം വളരാനും നേട്ടങ്ങൾ കൈവരിക്കാനും വ്യക്തിബന്ധങ്ങൾ അനിവാര്യമാണ്. ഈ ബന്ധങ്ങൾ കൂടുതൽ ഊട്ടിയുറപ്പിക്കുവാനുള്ള ഏറ്റവും നല്ല വേദി കുടുംബമാണ്.

ആധുനികകുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ പ്രാപ്തമായ അജപാലനപരമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന *അമോരിസ് ലെത്തീസിയ* - സ്നേഹത്തിന്റെ സന്തോഷം - എന്ന അപ്പസ്തോലികപ്രബോധനം 2015 ൽ ഫ്രാൻസീസ് മാർപാപ്പാ പുറത്തിറക്കി. 'കുടുംബം സമൂഹത്തിന്റെ അടിസ്ഥാനകോശം' ആണെന്ന കാര്യം മറക്കരുതെന്ന് ഫ്രാൻസീസ് മാർപാപ്പാ *ഈവാഞ്ചലീ ഗൗദിയും* (Evangelii Gaudium) എന്ന തിരുവെഴുത്തിൽ ഓർമ്മിപ്പിക്കുന്നു.

ആദ്യനൂറ്റാണ്ടിൽനിന്നു വ്യത്യസ്തമായി കുടുംബങ്ങൾ ഇന്ന് ദ്രുതഗതിയിൽ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഘടനയിലും പ്രവർത്തനശൈലിയിലുമാണ് കൂടുതൽ മാറ്റങ്ങൾ ഉണ്ടായത്. ഈ മാറ്റങ്ങൾ കുടുംബങ്ങളെയും സമൂഹത്തെയും ശക്തീകരിക്കുന്നുവെങ്കിലും പല തലങ്ങളിലും ദുർബലപ്പെട്ടുപോകുന്നുവെന്നതിന് ഏറെ ഉദാഹരണങ്ങളുണ്ട്. കുടുംബങ്ങൾ വൈരുദ്ധ്യങ്ങളിലൂടെ മുന്നേറുകയാണ്. വലിയ വീടുകൾ, വാഹനങ്ങൾ, വീട്ടുപകരണങ്ങൾ, ആഭരണങ്ങൾ, ആഘോഷങ്ങൾ, ബ്രാൻഡഡ് ഉപകരണങ്ങൾ എന്നിവ വ്യക്തിയുടെ സമൂഹത്തിലെ സ്ഥാനമാനങ്ങളെ നിർണ്ണയിക്കുന്ന അളവുകോലായി.

കുട്ടികൾക്കു നല്ല ആഹാരവും വിലപിടിച്ച വസ്തുക്കളും മുന്തിയ വിദ്യാഭ്യാസസൗകര്യവും നൽകുക എന്നതിനപ്പുറം ജീവിതനൈപുണ്യം വളർത്താനോ സാമൂഹികപരിജ്ഞാനം നൽകാനോ, ധാർമ്മികതയെയും മൂല്യങ്ങളെയും കുറിച്ചുള്ള അവബോധം ഉണ്ടാക്കാനോ ഉള്ള പരിശ്രമം കുടുംബങ്ങളിൽ നടക്കുന്നില്ല. നഗരങ്ങളിലേക്കുള്ള കുടിയേറ്റം വർദ്ധിച്ചതോടെ അണുകുടുംബങ്ങൾ രൂപപ്പെട്ടു. നഗരത്തിലെ തൊഴിൽലഭ്യതക്കുറവും ജീവിതച്ചെലവും സ്വത്തുസ്വരുക്കൂട്ടലും മനുഷ്യന്റെ ആർത്തിയും ജനങ്ങളെ അന്യസംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും തൊഴിൽ തേടിപ്പോകാൻ പ്രേരിപ്പിച്ചു. കുടിയേറ്റം ഇന്ന് അതിന്റെ ഉച്ചസ്ഥായിലാണ്. മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങളുടെയും ലഭ്യത, നവമാധ്യമങ്ങളുടെ അതിപ്രസരം, ഇതെല്ലാംതന്നെ ഒരു വിഭാഗം ചെറുപ്പക്കാരെ അമിതമായി സ്വാധീനിക്കുകയും അവരുടെ മാനസികാരോഗ്യത്തെയും പെരുമാറ്റരീതികളെയും മാറ്റിമറിക്കുകയും ചെയ്യുന്നുണ്ട്.

മാറ്റങ്ങൾ അനിവാര്യമാണ്. പക്ഷേ, അതു സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബങ്ങളിലാകുമ്പോൾ വിവിധ പ്രായത്തിലുള്ള ജനവിഭാഗത്തെ, പ്രത്യേകിച്ച് വൃദ്ധരുടെയും കുട്ടികളുടെയും ജീവിതനിലവാരത്തെയും മാനസികാരോഗ്യത്തെയും കാര്യമായി സ്വാധീനിക്കുന്നുണ്ട് എന്ന കാര്യം നാം മറക്കരുത്. മനുഷ്യഭാവനയ്ക്കും അപ്പുറമായ ഇത്തരം വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധഗ്രന്ഥാധിഷ്ഠിതവും സഭാത്മകവുമായ ജാഗ്രത നാം പുലർത്തേണ്ടതുണ്ട്. പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും കുടുംബത്തിലും സഭയിലും തങ്ങൾക്കു നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ച് മാതാപിതാക്കൾ ബോധവാന്മാരാകണം. നല്ല കുടുംബങ്ങൾ എന്ന ലക്ഷ്യവുമായി, കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെ മനസ്സിലാക്കി ആവശ്യമായ അജപാലനശുശ്രൂഷ നൽകാൻ സഭ എക്കാലത്തും പരിശ്രമി

ച്ചിട്ടുണ്ട്. സമൂഹത്തിൽനിന്ന് ഉയർന്നുവരുന്നതും കാലാകാല ങ്ങളിൽ നേരിടുന്നതുമായ വിവിധ പ്രശ്നങ്ങളെ അതി ജീവിക്കാൻ രൂപീകൃതമായ ശുശ്രൂഷാമേഖലയാണ് ഫാമിലി അപ്പോസ്തലേറ്റ്. നല്ല കുടുംബങ്ങൾ കെട്ടിപ്പടുക്കുവാൻ വ്യക്തികളെ സഹായിക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ കർമ്മമേഖലകളാണ് മാതൃവേദി, പിതൃവേദി, പ്രോലൈഫ് സമിതി, മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോംലൈഫ്, വിവാഹ ഒരുക്കസെമിനാർ, സീറോ മലബാർ മാട്രിമണി, ഹോംമിഷൻ എന്നിവ.

2024 ജൂലൈ 26 ന് പാലാ രൂപത  പ്ലാറ്റിനം ജൂബിലിയി ലേക്കു പ്രവേശിക്കുകയാണ്. ബാഹ്യമായ വലിയ ആഘോഷ ങ്ങൾക്കപ്പുറം രൂപതയിലെ ഓരോ കുടുംബത്തിന്റെയും നവീ കരണം രൂപത ആഗ്രഹിക്കുകയാണ്. അതിന്റെ ഭാഗമായി നട പ്പാക്കുന്ന ഏറ്റവും വലിയ പദ്ധതിയാണ് ഇന്റെൻസീവ് ഹോം മിഷൻ. കുടുംബങ്ങൾ നവീകരിക്കപ്പെടേണ്ടതും, ശക്തീകരി ക്കപ്പെടേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാ ണെന്നു മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് രൂപതയിലെ 70000 കുടുംബങ്ങളിലേക്കും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഇന്റെൻസീവ് ഹോം മിഷൻ നടത്തുന്നത്.

2023 സെപ്റ്റംബറിൽ ഫാമിലി അപ്പോസ്തലേറ്റിൽ ആരംഭിച്ച വലിയ ഒരു ശുശ്രൂഷാമേഖലയാണ് സീറോ മലബാർ മാട്രിമണി. പ്രായപൂർത്തിയായ യുവതീയുവാക്കളെ ഉദ്ദേശിച്ച് സീറോ മലബാർ സഭയിലെ മുപ്പത്തിയഞ്ചു രൂപതകൾ കോർത്തിണക്കിയുള്ള ഒരു വലിയ മാട്രിമണിശൃംഖലയാണിത്. രൂപതയിലെ വിവാഹപ്രായമായ യുവതീയുവാക്കൾ ഈ സേവനം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് അറിയി ക്കുന്നു.

ഈ വർഷം ഫാമിലി അപ്പോസ്തലേറ്റ് മാതൃവേദി, പിതൃവേദി, പ്രോലൈഫ് തുടങ്ങിയ സംഘടനകൾ ചേർന്നു

ക്രമീകരിക്കുന്ന കുടുംബസംഗമം രൂപതയുടെ പ്ലാറ്റിനം ജൂബിലിക്കു മുമ്പുള്ള ഒരു കൂടിവരവായി നമുക്കു കരുതാം. **ജൂൺ 8-ാം തീയതി രണ്ടാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചുനടക്കുന്ന** കുടുംബദിനപരിപാടികളിലേക്ക് എല്ലാ ഇടവകകളിൽനിന്നും സാധിക്കുന്നിടത്തോളം മാതാപിതാക്കളെ പറഞ്ഞയയ്ക്കാൻ വികാരിയച്ചനും സംഘടനാപ്രവർത്തകരും ശ്രദ്ധിക്കണമെന്നു താത്പര്യപ്പെടുന്നു.

നമ്മുടെ രൂപതയിലെ കുടുംബ അജപാലന പ്രേഷിത പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ വൈവിധ്യമാർന്ന ശുശ്രൂഷകളെ പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കേണ്ടത് വിശ്വാസിസമൂഹത്തിന്റെ കടമയാണ്. ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി ജൂൺ 9-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ഒരു സംഭാവനാശേഖരണം നടത്തി പ്രസ്തുത തുക രൂപത പ്രോക്കുറേറ്ററെ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,



മെത്രാസനമന്ദിരം — **ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 24.05.2024 — പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ 2024 മേയ് 26-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്.

No:4020/K-5/KCBC/OL/DS1 15.05.2024

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇടവകവൈദികർക്കു നൽകുന്ന കത്ത്

പ്രിയ സഹോദരവൈദികരേ,

'സിനഡിനുവേണ്ടി ഇടവകവൈദികർ' (Parish Priests for the Synod') എന്ന അന്താരാഷ്ട്രസമ്മേളനവും നിങ്ങളെല്ലാവരോടുമായുള്ള സംവാദവും കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലോകം മുഴുവനുമുള്ള ഇടവകവൈദികർക്കുവേണ്ടി പ്രാർഥിക്കാൻ എനിക്ക് ഒരു അവസരം ലഭിച്ചിരിക്കുന്നു. നിങ്ങളെയെല്ലാവരെയും ഈ വാക്കുകളാൽ ഞാൻ സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു.

ഇക്കാര്യം വ്യക്തവും അതേസമയം, വളരെ സാധാരണവും ആണെന്നു തോന്നുന്നെങ്കിലും, ഇത് അതിനെ ഒട്ടും അയാഥാർത്ഥമാക്കുന്നില്ല നിങ്ങളുടെ സമർപ്പണവും അജപാലന ശുശ്രൂഷയുംകൂടാതെ സഭയ്ക്കു മുന്നോട്ടുപോകാനാവില്ല. അതിനാൽ സർവോപരി, എല്ലാ നിലങ്ങളിലും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് (മർക്കോ. 4:1-25) ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന ഉദാരമായ ജോലിക്കു ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്കു നന്ദിപറയുകയും ചെയ്യുന്നു.

പങ്കുവയ്ക്കലിന്റെ ഈ ദിവസങ്ങളിൽ നിങ്ങൾ അനുഭവിച്ചറിഞ്ഞതുപോലെ, നിങ്ങൾ ശുശ്രൂഷ നടത്തിവരുന്ന ഇടവകകൾ വളരെ വ്യത്യസ്തങ്ങളായ തലങ്ങളിലുള്ളവയാണ്: വലിയ നഗരങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി - ബോയ്നോസ് ഐറസിൽ എനിക്കതു വ്യക്തിപരമായി അറിയാവുന്നതാണ് - വളരെ കുറച്ചുമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രോവിൻസിന്റെതന്നെ എന്നു പറയാവുന്ന വളരെ വിശാലമായ ഭൂപ്രദേശ

ങ്ങൾവരെയുള്ളവ; പല യൂറോപ്യൻരാജ്യങ്ങളിലെയും നഗര കേന്ദ്രങ്ങൾ തുടങ്ങി, അതായത്, വളരെ വലിയ പുരാതന ബസിലിക്കകൾ ഉള്ളവയിൽ എന്നാൽ, ശോഷിക്കുന്നതും പ്രായമാകുന്നതുമായ ഇടങ്ങൾ തുടങ്ങി, വലിയ വൃക്ഷങ്ങളുടെ ശാഖകളുടെ കീഴിൽ ആരാധനാചരണങ്ങൾ നടത്തേണ്ടി വരുന്ന ഇടങ്ങൾവരെയുള്ളവ; ഈ ഇടങ്ങളിൽ പക്ഷികളുടെ പാട്ട് ചെറിയ കുട്ടികളുടെ സ്വരങ്ങളുമായി കലർന്നുപോകാറുണ്ട്.

ഇടവകവൈദികർക്ക് ഇക്കാര്യം നന്നായി അറിയാം. എന്തെന്നാൽ, ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും അവരുടെ വിഭവങ്ങളും അവരുടെ ആവശ്യങ്ങളും അവർക്കറിയാം. ഇക്കാരണത്താൽ, ഒരു സിനഡാത്മക സഭയ്ക്ക് അതിന്റെ ഇടവകവൈദികരെക്കൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ചു സഞ്ചരിക്കേണ്ടതെന്നും എങ്ങനെയാണ് സിനഡാത്മകതയുടെ പാതയിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാവില്ല. സിനഡാത്മകപാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്."

ജ്ഞാനസ്നാനം സ്വീകരിച്ചവർ എല്ലാവരും സുവിശേഷം പ്രഘോഷിക്കുകയെന്ന ഏകദൗത്യത്തിൽ പങ്കാളികളായിക്കൊണ്ട് ഇടവകസമൂഹങ്ങൾ തിരിച്ചറിയപ്പെട്ടില്ലെങ്കിൽ നമ്മൾ ഒരിക്കലും സിനാഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയായിത്തീരുകയില്ല. ഇടവകകൾ സിനഡാത്മകവും പ്രേഷിതപരവും അല്ലെങ്കിൽ സഭ ഒരിക്കലും അപ്രകാരമായിത്തീരില്ല. മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പതിനാറാമത് പൊതുസമ്മേളനത്തിന്റെ ആദ്യസെഷനിലെ സംഗ്രഹറിപ്പോർട്ട് (The Synthesis Report of the First Session of the XVI Ordinary General Assembly of the Synod of Bishops) ഇക്കാര്യത്തിൽ വളരെ വ്യക്തതയുള്ളതാണ്. ഇടവകകൾ, അവയുടെ ഘടനയിൽ തുടങ്ങി ഇടവകസമൂഹത്തിന്റെ ജീവിതംമുഴുവൻ അവലോകനം

ചെയ്യാൻ ക്ഷണിക്കപ്പെടുന്നു: പ്രഥമമായും പ്രേഷിതദൗത്യ ത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തി, പ്രത്യേകിച്ച് കുടുംബ ജീവിതത്തിലും തൊഴിലിടത്തും ചെയ്യുന്നത്, അതും തങ്ങളുടെ സ്വന്തം പ്രവൃത്തികളിലും ഘടനാപരമായ ആവശ്യങ്ങളിലും മാത്രം ഊന്നിനിൽക്കാതെ ചെയ്യുന്നവ' (8.1). ജ്ഞാനസ്നാനം സ്വീകരിച്ചവർ പ്രേഷിതശിഷ്യരായി പുറപ്പെടുകയും, തങ്ങളുടെ സാക്ഷ്യംവഴിയായി കർത്താവ് ചെയ്ത അദ്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവ്വം തിരികെവരികയും ചെയ്യുന്ന ഇടങ്ങളായി ഇടവകസമൂഹങ്ങൾ വർധിതമാംവിധം പരിണമിക്കേണ്ടിയിരിക്കുന്നു (ലൂക്കാ 10:17 കാണുക).

ഇടയന്മാർ എന്ന നിലയിൽ, നമ്മൾ ശുശ്രൂഷചെയ്യുന്ന സമൂഹങ്ങളെ ഈ പ്രക്രിയയിൽ അനുഗമനം ചെയ്യാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു; അതേസമയംതന്നെ പ്രാർഥന, വിവേചിച്ചറിയൽ, അപ്പസ്തോലികതീക്ഷ്ണത എന്നിവകൊണ്ട് പ്രതിജ്ഞാബദ്ധരായിരിക്കാനും നമ്മുടെ ശുശ്രൂഷ സിനഡാത്മ കവും പ്രേഷിതപരവുമായ ഒരു സഭയ്ക്കുചേർന്നവിധം ആയി രിക്കുന്നതിനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വെല്ലുവിളി പാപ്പായുടെയും മെത്രാന്മാരുടെയും റോമൻ കൂരിയായുടെയും ഇടവകവൈദികർ എന്ന നിലയിൽ നിങ്ങൾ ഓരോരുത്ത രുടെയും മുമ്പിൽ പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മെ വിളിക്കുകയും നമ്മെ അഭിഷേചിക്കുകയും ചെയ്ത കർത്താവ് ഇന്നു നാം അവിടത്തെ ആത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടുന്ന് നമുക്കു ചൂണ്ടിക്കാണിച്ചുതരുന്ന ദിശയിലേക്കു മുന്നേറാനും ആഹ്വാനം ചെയ്യുന്നു. ഒരു കാര്യത്തെക്കുറിച്ച് നമുക്കു നിശ്ച യമുണ്ട്: തന്റെ കൃപ നൽകാതെ അവിടുന്നു നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമ്മുടെ പാതയിൽ, നമ്മുടെ ശുശ്രൂഷയിൽ, നമ്മെ ക്ഷീണിതരാക്കുന്ന കാര്യങ്ങളിൽനിന്ന് എങ്ങനെ നമുക്കു സ്വതന്ത്രരാകാനാകുമെന്നു നാം കണ്ടെത്തും, അതോ ടൊപ്പംതന്നെ, അതിന്റെ ഏറ്റവും ആധികാരികമായ അന്തഃ സത്തയെയും വീണ്ടും തിരിച്ചറിയും; അതായത്, ദൈവവചന

ത്തിന്റെ പ്രഘോഷണവും സമൂഹത്തെ അപ്പംമുറിക്കലിനായി ഒന്നിച്ചുചേർക്കുന്നതും.

ആകയാൽ, ഇടവകവൈദികർ എന്ന കർത്താവിന്റെ വിളി സ്വീകരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അതായത്, സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയെ പടുത്തുയർത്തുന്നവരും ആ ലക്ഷ്യം പ്രാപിക്കുന്നതിനായി താത്പര്യപൂർവ്വം ഇറങ്ങിത്തിരിക്കുന്നവരുമായിരിക്കാൻ. ഈ ലക്ഷ്യപ്രാപ്തിക്കായി, ഇടയന്മാർ എന്ന നിലയിൽ നിങ്ങളുടെ ജീവിതശൈലിയെയും പ്രവർത്തനത്തെയും പ്രചോദിപ്പിക്കാനായി ഞാൻ മൂന്നു നിർദ്ദേശങ്ങൾ നൽകട്ടെ:

1. നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ ശുശ്രൂഷാസിദ്ധി (ministerial charism) ഊർജ്ജിതമായ രീതിയിൽ ദൈവജനത്തിന്റെ ഇടയിൽ ആത്മാവ് വിതയ്ക്കുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെ ശുശ്രൂഷ എന്നവിധം ചെയ്തുതീർക്കുവിൻ. 'അല്മായരുടെ ഉന്നതവും താഴ്ന്നതുമായ വിവിധ തരത്തിലുള്ള സിദ്ധികൾ വിശ്വാസത്തിന്റെ ചൈതന്യത്തിൽ കണ്ടുപിടിക്കുക' (വൈദികശുശ്രൂഷയും ജീവിതവും സംബന്ധിച്ച രണ്ടാം കൗൺസിലിന്റെ ഡിക്രി: Presbyterorum Ordinis), എന്നത് അടിയന്തരമായി ചെയ്യേണ്ടതാണ്. പ്രസ്തുത സിദ്ധികൾ എല്ലാത്തരം മാനുഷികചുറ്റുപാടുകളെയും സാഹചര്യങ്ങളെയും സുവിശേഷവത്കരിക്കുന്നതിന് അനിവാര്യമായിരിക്കും. അതുവഴിയായി, മറഞ്ഞിരിക്കുന്ന ധാരാളം നിധികൾ നിങ്ങൾ വെളിച്ചത്തുകൊണ്ടുവരികയും സുവിശേഷവത്കരണം എന്ന ശ്രമകരമായ പ്രവർത്തനത്തിൽ നിങ്ങൾ ഏകാകികൾ അല്ലെന്നു നിങ്ങൾക്കു ബോധ്യപ്പെടുകയും ചെയ്യുമെന്ന് ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾ മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്തുന്നവരല്ല; മറിച്ച്, സ്ത്രീപുരുഷന്മാരിൽനിന്നു മഹത്തരവും അമൂല്യവുമായ സാധ്യതകൾ പുറത്തുകൊണ്ടുവരുന്ന യഥാർഥപിതാക്കന്മാരുടെ ആനന്ദം നിങ്ങൾ അനുഭവിക്കുകയും ചെയ്യും.

2. സാമൂഹികവിവേചിച്ചറിയലിന്റെ കല നിങ്ങൾ അഭ്യസി ക്കണമെന്ന് (learn the art of communal discernment) ഞാൻ ഹൃദയ പൂർവം ആഗ്രഹിക്കുന്നു. അതിനായി നിങ്ങൾ ആത്മാവിലുള്ള സംഭാഷണം' (conversation in the Spirit) എന്ന രീതി അവലം ബിക്കുന്നതു നന്നായിരിക്കും; സിനഡാത്മകസഞ്ചാരത്തിലും സിനഡാത്മകസമ്മേളനത്തിന്റെ പ്രക്രിയയിൽത്തന്നെയും അതു വളരെ ഉപകാരപ്രദമായിരുന്നു. അതുവഴിയായി, നിങ്ങൾ അനേകം സദ്ഫലങ്ങൾ നേടുമെന്ന് എനിക്കു തീർച്ചയുണ്ട്; അത് ഇടവകസമിതികൾ (parish councils) എന്ന കൂട്ടായ്മയുടെ ഘടനകളിൽമാത്രമായിരിക്കുകയില്ല ഒതുങ്ങുന്നത്; മറിച്ച്, മറ്റെല്ലാ രംഗങ്ങളിലും അതിന്റെ പ്രതിഫലനമുണ്ടാകും. സമഗ്ര റിപ്പോർട്ട് (Synthesis Report) വ്യക്തമാക്കുന്നതുപോലെ വിവേചി ച്ചറിയൽ എന്നത് ഒരു സിനഡാത്മകസഭയുടെ പ്രവൃത്തിയുടെ ഒരു മുഖ്യ അംശമാണ്: "അജപാലനസാഹചര്യങ്ങളിൽ വിവേചിച്ചറിയൽ അഭ്യസിക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്; സഭാത്മകജീവിതത്തിന്റെ മൂർത്തഭാവങ്ങൾ പ്രകാശിപ്പിക്കുന്ന തിനായി അതു വ്യത്യസ്തങ്ങളായ സാഹചര്യങ്ങളനുസരിച്ചു രൂപപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിൽ സന്നിഹിതമായിരി ക്കുന്ന സിദ്ധികൾ നന്നായി തിരിച്ചറിയുന്നതിന് ഇതു സഹായ കമാകും; അതായത്, യുക്തിപൂർവം ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും വിഭജിച്ചുകൊടുക്കുന്നതിനും ആത്മാവിന്റെ പ്രകാശത്താൽ അജപാലനപദ്ധതികൾ കരുപ്പിടിപ്പിക്കുന്ന തിനും അത് കേവലം സാധാരണയുള്ള പ്രവർത്തനപദ്ധതി കളുടെ നിവർത്തിയാക്കൽപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽനിന്നു വ്യത്യസ്തമാണെന്നു മനസ്സിലാക്കുന്ന തിനുമാണ്" (2.1).

3. അവസാനമായി, നിങ്ങളുടെ എല്ലാ പ്രവൃത്തികളും നിങ്ങൾതമ്മിലും നിങ്ങളുടെ മെത്രാന്മാരുമായും പങ്കു യ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ നിർവഹിക്കണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. 'നിനക്കു

ലഭിച്ച ദൈവദാനം ഉജ്ജ്വലിപ്പിക്കുക' (2 തിമോ. 1:6) എന്ന വിഷയവുമായി സംഘടിപ്പിച്ച 'വൈദികരുടെ സ്ഥിരം രൂപവ ത്കരണത്തിനായുള്ള അന്താരാഷ്ട്രസമ്മേളനത്തിൽ' (International Conference for the Permanent Formation of Priests) നിന്നുവന്ന ശക്തമായ ഒരു സന്ദേശമാണിത്. ഇക്കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ ഇവിടെ റോമിൽ നടന്ന ഈ സമ്മേ ളനത്തിൽ 18 രാഷ്ട്രങ്ങളെ പ്രതിനിധീകരിച്ച് ഈ രംഗത്തു പ്രവർ ത്തിക്കുന്ന എണ്ണൂറിൽപ്പരംപേർ, അതായത്, മെത്രാന്മാർ, വൈദികർ, സമർപ്പിതസ്ത്രീപുരുഷന്മാർ, അല്മായർ എന്നിവർ പങ്കെടുക്കുകയുണ്ടായി. ആദ്യം നമ്മൾ പുത്രന്മാരും സഹോ ദരരും ആയെങ്കിൽമാത്രമേ തുടർന്ന് നമുക്ക് യഥാർഥ പിതാ ക്കന്മാർ ആയിത്തീരാനാവൂ. നമ്മുടെ കരങ്ങളിൽ ഭരമേല്പി ക്കപ്പെട്ട സമൂഹങ്ങളിൽ കൂട്ടായ്മയും പങ്കാളിത്തവും വളർ ത്തണമെങ്കിൽ എല്ലാറ്റിനും ഉപരിയായി ആദ്യം ആ യാഥാർഥ്യ ങ്ങൾ നമ്മുടെ ഇടയിൽത്തന്നെ വളർത്തിയെടുക്കണം. നമ്മുടെ അജപാലനപരമായ ഉത്തരവാദിത്വങ്ങളുടെ സ്ഥിരമായ സമ്മർദത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം അത്ര എളുപ്പ മുള്ളതല്ലെന്നു ഞാൻ മനസ്സിലാക്കുന്നു; ഒരുപക്ഷേ, ഇത് സമയം പാഴാക്കുന്നതായും തോന്നിയേക്കാം; എന്നാൽ, സത്യം മറിച്ചാണ്. യഥാർഥത്തിൽ ഈ രീതിയിൽമാത്രമേ നാം വിശ്വസ നീയർ ആവുകയുള്ളൂ; അപ്പോൾ നമ്മുടെ പ്രവർത്തനം മറ്റുള്ള വർ മുമ്പേതന്നെ ഒരുമിച്ചുകൂട്ടിയത് ചിതറിക്കുന്നതായി ഭവിക്കുകയില്ല.

സിനഡാത്മകവും പ്രേഷിതപരവുമായ സഭയ്ക്കുമാത്രമല്ല ഇടവകവൈദികരെക്കൊണ്ട് ആവശ്യം. 'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം' എന്ന വിഷയവുമായി 2021 മുതൽ 2024 വരെ മുന്നേറുന്ന സിനഡിന്റെ തുടർപ്രക്രിയയിലും നിങ്ങളെക്കൊണ്ട് ആവശ്യ മുണ്ട്. വരുന്ന ഒക്ടോബർമാസത്തിൽ അതിന്റെ രണ്ടാം സെഷൻ നടക്കുന്നതിലേക്ക് നാം ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്;

അതിനുവേണ്ടി ഒരുങ്ങാനായി, നിങ്ങളുടെ സ്വരം കേൾക്കേണ്ടതായുണ്ട്.

അക്കാരണത്താൽ, 'സിനഡിനുവേണ്ടി ഇടവകവൈദികർ' എന്ന അന്താരാഷ്ട്രസമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരെയും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ പരസ്പരവും, തുടർന്ന് നിങ്ങൾ നിങ്ങളുടെ കർമരംഗങ്ങളിൽ എത്തുമ്പോൾ നിങ്ങളുടെ സഹ ഇടവക വൈദികരുമായും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കുവിൻ. ഇടവകവൈദികരുടെ ശുശ്രൂഷയുടെ നവീകരണം ലക്ഷ്യംവച്ചുകൊണ്ട് സിനഡാത്മകവും പ്രേഷിതപരവുമായ ഒരു മനോഭാവത്തോടെ നിങ്ങൾ വിചിന്തനം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് നിങ്ങളുടെ സവിശേഷമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അടുത്ത സെഷനുവേണ്ടിയുള്ള 'പ്രവർത്തനരേഖ' (Instrumentum Laboris) തയ്യാറാക്കാൻ ഇടവരട്ടെ. ഈ അന്താരാഷ്ട്രസമ്മേളനത്തിന്റെ ലക്ഷ്യം ഇടവകവൈദികരെ ശ്രവിക്കുക എന്നതായിരുന്നു; എന്നാൽ, അത് ഇന്ന് അവസാനിക്കാൻ പാടില്ല; ഞങ്ങൾക്ക് തുടർന്നും നിങ്ങളെ കേൾക്കണം.

പ്രിയ സഹോദരരേ, ഈ പ്രക്രിയയിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ഇതിൽ ഞാൻതന്നെയും പങ്കുചേരുന്നുണ്ട്. എന്റെ ഹൃദയത്തിൽനിന്ന് ഞാൻ നിങ്ങളെ ആശീർവദിക്കുന്നു; അതോടൊപ്പം നിങ്ങളുടെ സാമീപ്യം എനിക്ക് അനുഭവപ്പെടേണ്ടതായുണ്ട്; നിങ്ങളുടെ പ്രാർഥനാസഹായവും എനിക്ക് ആവശ്യമുണ്ട്. വഴികാട്ടിയായ (Hodegetria), വഴിയുടെ രാജ്ഞിയായ (Our Lady of the Way), പരിശുദ്ധ കന്യകാമറിയത്തിനു നമുക്ക് നമ്മെ ഭരമേല്പിക്കാം. അവൾ നമുക്കു വഴി കാണിച്ചുതരുന്നു; വഴിയും സത്യവും ജീവനുമായ യേശുവിലേക്ക് അവൾ നമ്മെ നയിക്കുന്നു.

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദൈവാലയം, 2 മേയ് 2024

**ഫ്രാൻസിസ് പാപ്പാ**

# സീറോമലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ച്ബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ആദ്യത്തെ ഔദ്യോഗികസന്ദർശനവേളയിൽ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെട്ട സീറോമലബാർ സമൂഹത്തോടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ നടത്തിയ പ്രസംഗം

ആദരണീയ മേജർ ആർച്ച്ബിഷപ്, വന്ദ്യപിതാക്കന്മാരേ, പ്രിയ സഹോദരീസഹോദരന്മാരേ,

അങ്ങയെയും അങ്ങയുടെ സഹോദരമെത്രാന്മാരെയും മേജർ ആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം അങ്ങു നടത്തുന്ന ആദ്യത്തെ റോമായാത്രയിൽ അങ്ങയെ അനുധാവനം ചെയ്യുന്നവരെയും സ്വാഗതംചെയ്യാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. ഈ തിരഞ്ഞെടുപ്പു നടന്നതു നന്നായി. റോമിലെ സീറോമലബാർസമൂഹത്തിന്റെ പ്രതിനിധികളെയും ഞാൻ സാഹോദര്യത്തോടെ അഭിവാദ്യം ചെയ്യുന്നു.

നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണ് നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലികപ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്. നിങ്ങളുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ, വിശ്വാസക്കൂട്ടായ്മയിലെ ചില അംഗങ്ങൾ, അഭിവൃദ്ധി പ്രാപിക്കുന്ന നിങ്ങളുടെ സഭയുടെ പ്രത്യേകസ്വഭാവം മനസ്സിലാക്കാതെ, നിങ്ങൾക്കെതിരേ നിർഭാഗ്യകരമായ പ്രവൃ

ത്തികൾ ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി വെല്ലുവിളികൾ നിങ്ങൾക്കു നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും നിങ്ങൾ പത്രോസിന്റെ പിൻഗാമിയോട് എന്നും അചഞ്ചലമായ കൂറുപുലർത്തി. അതുകൊണ്ട്, നിങ്ങളെല്ലാവരെയും സ്വാഗതം ചെയ്യുന്നതിനും നിങ്ങൾ സ്വീകരിച്ചതും മുന്നോട്ടുകൊണ്ടുപോവുന്നതുമായ നിങ്ങളുടെ മഹത്ത്വപൂർണ്ണമായ പാരമ്പര്യത്തിൽ നിങ്ങളെ സ്ഥിരീകരിക്കുന്നതിനും എനിക്കു വലിയ ആനന്ദം തോന്നുന്നു. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണയുള്ളിടത്തു സഭയുണ്ട്. അനുസരണക്കേടുള്ളിടത്ത് ശീശ്മ ഉണ്ടാവും. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണം നിങ്ങളുടെ വലിയ ഗുണങ്ങളിൽ ഒന്നാണ്. ഇത് സഹനം ഇല്ലാതെ അല്ല എന്നെനിക്കറിയാം, എന്നാലും തുടർന്നും മുന്നോട്ടുപോവുക.

അനന്യവും അമൂല്യവുമാണ് നിങ്ങളുടെ ചരിത്രം; അതു ദൈവത്തിന്റെ എല്ലാ വിശുദ്ധ ജനതകളുടെയും ഒരു പ്രത്യേക പൈതൃകമാണ്. പൗരസ്ത്യപാരമ്പര്യങ്ങൾ സഭയുടെ ജീവിതത്തിലെ മാറ്റിനിർത്താനാവാത്ത നിധികളാണ് എന്ന് ഉറപ്പിച്ചു പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. കഴിഞ്ഞ കാലവുമായി നമ്മെ ബന്ധിപ്പിക്കുന്ന കണ്ണികൾ മുറിച്ചുകളയുകയും എന്താണ് ഉപകാരപ്രദവും അടിയന്തരവും എന്നുമാത്രം കണക്കാക്കി തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന നമ്മുടേതുപോലെയുള്ള ഒരു കാലഘട്ടത്തിൽ അതു സവിശേഷമായി അനുസ്മരിക്കുന്നത് ഏറെ പ്രസക്തമാണ്. നിർഭാഗ്യവശാൽ മതപരമായ സമീപനങ്ങളിലും ഈ മനോഭാവം ഉണ്ട്. പൗരസ്ത്യക്രൈസ്തവർ നമ്മെ ആത്മീയതയുടെ പ്രാചീനവും നിത്യനൂതനവുമായ സ്രോതസുകളിൽനിന്നു നുകരാൻ അനുവദിക്കുന്നു; സഭയ്ക്കു ചലനാത്മകത പകരുന്ന പുത്തൻ ഉറവകളായി അതു മാറുകയാണ്. അതുകൊണ്ടു റോമിലെ മെത്രാൻ എന്ന നിലയിൽ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ, ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ മഹത്തായ പൈതൃകം

എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശ മുള്ള സഭയോടു ചേർന്നുനില്ക്കാൻ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. മധ്യപൂർവദേശത്തുള്ള നിങ്ങളുടെ എല്ലാ കുടിയേറ്റക്കാരുടെമേലും ഭരണാധികാരം ലഭിക്കുന്നതിനായി ചോദിക്കാൻ മേജർ ആർച്ചുബിഷപ്പിനോടു ഞാൻ പറഞ്ഞിട്ടുണ്ട്. ഈ രണാവകാശത്തിനായി രേഖാമൂലം ആവശ്യപ്പെടാനാണു ഞാൻ പറഞ്ഞത്; എന്നാൽ, ആ അധികാരം ഇന്നു നിങ്ങൾക്കു ഞാൻ നല്കുന്നു; അതു നിങ്ങൾക്കു വിനിയോഗിച്ചു തുടങ്ങാവുന്നതാണ്. അതു രേഖാമൂലം ആക്കേണ്ടതുണ്ട്; പക്ഷേ, നിങ്ങൾക്ക് ഇന്നുമുതൽ അതു വിനിയോഗിക്കാം. ഞാൻ നിങ്ങളെ മറികടക്കാനല്ല, സഹായിക്കുന്നതിനാണ് ആഗ്രഹിക്കുന്നത്; കാരണം നിങ്ങളുടെ സഭയുടെ സ്വയംഭരണാവകാശ സ്വഭാവമനുസരിച്ച് നിങ്ങൾ നേരിടുന്ന സാഹചര്യങ്ങളെയും വെല്ലുവിളികളെയും ശ്രദ്ധയോടെ വിലയിരുത്തുന്നതിനുമാത്രമല്ല; മേജർ ആർച്ചുബിഷപ്പിന്റെയും സിനഡിന്റെയും നിർദ്ദേശത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്, ഉത്തരവാദിത്വത്തോടും സുവിശേഷധീരതയോടുംകൂടി അവയെ നേരിടുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും നിങ്ങൾക്ക് അധികാരമുണ്ട്. ഇതാണ് സഭ ആവശ്യപ്പെടുന്നത്; പത്രോസിനെ കൂടാതെ, മേജർ ആർച്ചുബിഷപ്പിനെ കൂടാതെ സഭയില്ല.

ഈ ലക്ഷ്യത്തോടെ, ഒരു കാര്യത്തിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ട്, സഭയുടെ നന്മയ്ക്ക് അപകടം വരുത്തിക്കൊണ്ടുപോലും, വിട്ടുവീഴ്ചയില്ലാതെ കടുംപിടിത്തത്തിനുള്ള പ്രലോഭനം ഉണ്ടാക്കുന്ന ആപത്തിനെക്കുറിച്ചു മുന്നറിയിപ്പുനല്കിക്കൊണ്ട് അടുത്തകാലത്തായി ഞാൻ വിശ്വാസികൾക്കു കത്തുകളും വീഡിയോസന്ദേശവും അയയ്ക്കുകയുണ്ടായി. ഈ പ്രലോഭനം മുളയെടുക്കുന്നതു തന്റേതല്ലാത്ത മറ്റൊരു ചിന്താരീതിയെയും ശ്രദ്ധിക്കാത്ത, സ്വയം മാനദണ്ഡമാക്കുന്ന ശൈലി

യിൽനിന്നുമാണ്. സ്പാനിഷ് ഭാഷയിൽ സ്വയം മാനദണ്ഡ മാക്കുന്ന ശൈലിയെ ഞങ്ങൾ ഇങ്ങനെ വിവരിക്കാറുണ്ട്: ഞാൻ, എനിക്ക്, എന്റെകൂടെ, എനിക്കുവേണ്ടി, എല്ലാം എനിക്കുവേണ്ടി. ഇവിടെയാണ് പിശാച്, ഭിന്നിപ്പിക്കുന്നവൻ, യഥാർഥത്തിൽ നിലനില്ക്കുന്നവനായ അവൻ, നുഴഞ്ഞുകയറി, നമ്മുടെ കർത്താവു മരിക്കുന്നതിനുമുമ്പു പ്രകടിപ്പിച്ച, വിഭജനമോ കൂട്ടായ്മയുടെ തകർച്ചയോ ഇല്ലാതെ, അവിടുത്തെ ശിഷ്യരായ നമ്മൾ ഒന്നാകണം (യോഹ. 17:21) എന്ന ഏറ്റവും ഹൃദയസ്പർശിയായ ആഗ്രഹത്തെ തകിടംമറിക്കുന്നത്. ഇക്കാരണത്താൽ, ഐക്യം നിലനിറുത്തുക എന്നതു കേവലം ഒരു നല്ല ഉപദേശം മാത്രമല്ല, കർത്തവ്യമാണ്; പ്രത്യേകിച്ചും അനുസരണ വാഗ്ദാനംചെയ്തിട്ടുള്ളതും, പെരുമാറ്റത്തിൽ ഉപവിയും ശാന്തതയും വിശ്വാസികൾ പ്രതീക്ഷിക്കുന്നതുമായ വൈദികരുടെ കാര്യത്തിൽ.

ആദരണീയ മേജർ ആർച്ചുബിഷപ്, കൂട്ടായ്മ പരിപാലിക്കുന്നതിനു നിശ്ചയദാർഢ്യത്തോടെ നമുക്കു പ്രവർത്തിക്കുകയും കാർക്കശ്യത്തിലേക്കും ഭിന്നിപ്പിലേക്കും നയിക്കുന്ന, ലൗകികതയാൽ പ്രലോഭിക്കപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാർ, തങ്ങളെ സ്നേഹിക്കുകയും തങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്ന വലിയ കുടുംബത്തിന്റെ ഭാഗമാണു തങ്ങളെന്നു തിരിച്ചറിയുന്നതിനായി അക്ഷീണം പ്രാർഥിക്കുകയും ചെയ്യാം. ഒരിക്കൽ അനുതപിക്കുമ്പോൾ അവർക്കു തിരികെപ്രവേശിക്കുന്നതിനു (cf. സുവിശേഷത്തിന്റെ ആനന്ദം, 46) ഒരു തടസ്സവും ഉണ്ടാകാതിരിക്കാൻ ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ നമുക്കു വാതിലുകൾ തുറന്നുതന്നെയിടാം; നമ്മുടെ ഹൃദയങ്ങളും തുറന്നിടാം; നാം അവർക്കുവേണ്ടി കാത്തിരിക്കുന്നു. ഭയം കൂടാതെ നമുക്ക് ഒരുമിച്ചു വരികയും ചർച്ച ചെയ്യുകയും ചെയ്യാം, അതു നല്ലതാണ്; എന്നാൽ എല്ലാറ്റിനുമുപരി, ഭിന്നതകളെ അനുരഞ്ജിപ്പിക്കുകയും സംഘർഷങ്ങളെ ഐക്യത്തിലേക്കു തിരികെക്കൊണ്ടു

വരികയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ പ്രകാശം തർക്കങ്ങൾ പരിഹരിക്കുന്നതിനായി നമുക്കു പ്രാർഥിക്കാം. ഒരു കാര്യം ഉറപ്പാണ്: അഹങ്കാരവും പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും അസൂയയും കർത്താവിൽനിന്നുള്ളതല്ല; അവ ഒരിക്കലും യോജിപ്പിലേക്കും സമാധാനത്തിലേക്കും നയിക്കില്ല. നമുക്കിടയിലെ അവിടത്തെ സാന്നിധ്യത്തിന്റെ പരമോന്നത രൂപമായ, സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാനയോട്, അതിന്റെ അർപ്പണത്തെക്കുറിച്ചുള്ള വിശദാംശങ്ങളെക്കുറിച്ചുള്ള തർക്കംമൂലം കാണിക്കുന്ന കടുത്ത അനാദരവ് ക്രൈസ്തവവിശ്വാസത്തിനു വിരുദ്ധമായ പ്രവൃത്തിയാണ്. നമ്മെ വഴിനയിക്കേണ്ട മാനദണ്ഡം, പരിശുദ്ധാത്മാവിൽനിന്നു വരുന്ന യഥാർഥ ആത്മീയതയുടെ മാനദണ്ഡമായ കൂട്ടായ്മയാണ്: ഇത് ഐക്യത്തിനായുള്ള നമ്മുടെ സമർപ്പണത്തെയും നമുക്കു ലഭിച്ച ദാനങ്ങളോടുള്ള വിശ്വസ്തവും വിനയാന്വിതവും ആദരപൂർവകവുമായ സമീപനത്തെയും കുറിച്ച് ആത്മപരിശോധന നടത്താൻ നമ്മോട് ആവശ്യപ്പെടുന്നു.

ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസ്സഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹോദരീസഹോദരന്മാരേ, നമുക്കു പ്രത്യാശ കെടുത്താതെയും ക്ഷമകാണിക്കുന്നതിൽ തളർന്നുപോകാതെയും വിദ്വേഷം ഊട്ടിവളർത്തുന്ന മുൻവിധികളാൽ അടച്ചുപൂട്ടപ്പെടാതെയുമിരിക്കാം. പിന്നെയോ, കർത്താവു നമ്മെ ഏല്പിച്ചിരിക്കുന്ന വിശാലമായ ഉത്തരവാദിത്വങ്ങളെക്കുറിച്ച്, അവിശ്വാസികൾക്കു ഇടർച്ചയാകാതെ, ലോകത്തിൽ അവിടുത്തെ സാന്നിധ്യത്തിന്റെ അടയാളമാകുന്നതിനുള്ള വിളിയെക്കുറിച്ച് ചിന്തിക്കാം. തീരുമാനങ്ങൾ എടുക്കുമ്പോൾ ഇന്ത്യയിലും പുറത്തുമുള്ള പാവങ്ങളെയും പരിത്യക്തരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും അസ്തിത്വപ്രതിസന്ധി നേരി

ടുന്നവരെയുംകുറിച്ചു നമുക്കു ചിന്തിക്കാം. പ്രത്യാശയുടെയും സാന്ത്വനത്തിന്റെയും അടയാളങ്ങൾക്കായി കാത്തിരിക്കുന്ന വേദനയനുഭവിക്കുന്നവരെ നമുക്കു കണക്കിലെടുക്കാം. പല സ്ഥലത്തും ക്രൈസ്തവരുടെ ജീവിതം വലിയ ബുദ്ധിമുട്ടിലാണെന്ന് എനിക്കറിയാം; എന്നാൽ, ക്രൈസ്തവരായ നാം തിന്മയോടു പ്രതികരിക്കുന്നത് നന്മകൊണ്ടാണ് എന്നതും എല്ലാ വിശ്വാസികൾക്കുമൊപ്പം നാം മാനവകുലത്തിന്റെ നന്മക്കായി അക്ഷീണം പ്രയത്നിക്കുന്നു എന്നതുമാണ് നമ്മുടെ വ്യത്യാസം.

കുടുംബരൂപീകരണം, മതബോധനം എന്നീ മേഖലകളിൽ നിങ്ങളുടെ സഭ പുലർത്തുന്ന പ്രതിബദ്ധതയ്ക്കു നന്ദിപറയാൻ ഞാൻ ആഗ്രഹിക്കുന്നതോടൊപ്പം, യുവജനങ്ങളെയും ദൈവവിളികളെയും ലക്ഷ്യമാക്കിയുള്ള നിങ്ങളുടെ അജപാലനപ്രവർത്തനങ്ങളെ ഞാൻ പിന്തുണയ്ക്കുകയും ചെയ്യുന്നു. പ്രാർഥനയിൽ ഞാൻ നിങ്ങളോടൊപ്പമുണ്ട്; എന്റെ ഹൃദയത്തിൽ എല്ലാ ദിവസവും നിങ്ങളെ സംവഹിക്കുകയും ചെയ്യുന്നു. എന്റെ ഈ പ്രോത്സാഹനം നിങ്ങളുടെ സഹോദരീസഹോദരന്മാരിലേക്കും എത്തിക്കുക.

നമ്മെ സ്നേഹിക്കുകയും നമ്മെ ഒന്നാക്കുകയും ചെയ്യുന്ന, അൾത്താരയ്ക്കുചുറ്റും നാം ഒരു കുടുംബമായി ഐക്യത്തിൽ ആകണമെന്ന് ആഗ്രഹിക്കുന്ന, ക്രൂശിതനും ഉത്ഥാനംചെയ്തവനുമായ ഈശോയിലേക്കു നമുക്ക് ഒരുമിച്ചു നോക്കാം. തോമ്മാശ്ലീഹായെപ്പോലെ നമുക്ക് അവിടത്തെ മുറിവുകളിലേക്കു നോക്കാം. വിശക്കുന്നവന്റെയും ദാഹിക്കുന്നവന്റെയും പരിത്യക്തന്റെയും തടവറയിലും ആശുപത്രികളിലും തെരുവോരങ്ങളിലും കഴിയുന്നവരുടെയും ശരീരങ്ങളിൽ ഇന്നു നാം അതു കാണുന്നു. ഈ സഹോദരീസഹോദരന്മാരെ നാം ആർദ്രതയോടെ സ്പർശിക്കുമ്പോൾ ജീവിക്കുന്ന ദൈവത്തെ നമുക്കിടയിലേക്കു നാം സ്വാഗതം ചെയ്യുകയാണ്. അപ്പസ്തോലന്മാരെ സ്തബ്ധരാക്കുകയും പ്രത്യാശയില്ലാത്ത

കുറ്റബോധത്തിലേക്ക് എറിയപ്പെടാൻ കാരണവുമായിരുന്ന ഈശോയുടെ മുറിവുകളിലേക്ക് തോമ്മാശ്ലീഹായെപ്പോലെ നമുക്കു നോക്കുകയും ആ മുറിവുകളിൽനിന്നാണ് കർത്താവ് ക്ഷമയുടെയും കരുണയുടെയും നീർച്ചാലുകൾ പ്രവഹിപ്പിച്ചത് എന്നതു മനസ്സിലാക്കുകയും ചെയ്യാം. ഒരു വലിയ ഹൃദയം; എല്ലായ്പ്പോഴും ഒരു വലിയ ഹൃദയം! അവയെക്കുറിച്ചു ധ്യാനിക്കുകയും തന്റെ സംശയങ്ങളും ഭയങ്ങളും അവിടുത്തെ മഹത്ത്വത്തിനുമുന്നിൽ അപ്രത്യക്ഷമായതു കാണുകയും ചെയ്തപ്പോൾ തോമ്മാശ്ലീഹായ്ക്ക് എത്ര വലിയ വിസ്മയമായിരിക്കും ഉണ്ടായത്! പ്രത്യാശ ജനിപ്പിക്കുന്ന വിസ്മയമാണത്; പുറത്തേക്കിറങ്ങാൻ, പുതിയ അതിർത്തികൾ മറികടക്കാൻ, അങ്ങനെ വിശ്വാസത്തിൽ നിങ്ങളുടെ പിതാവാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച വിസ്മയം! എല്ലാ തടസ്സങ്ങളെയും മറികടക്കാൻ നമ്മെ പ്രാപ്തരാക്കുന്ന വിശ്വാസത്തിന്റെ ഈ വിസ്മയം നമുക്കും വളർത്തിയെടുക്കാം.

പത്രോസിന്റെയും പൗലോസിന്റെയും നഗരമായ റോമിലെ മാർത്തോമ്മായുടെ മക്കളായ, റോമിലെ പ്രിയ സീറോമലബാർ വിശ്വാസികളേ, നിങ്ങൾക്ക് ഒരു പ്രത്യേക ദൗത്യം നിറവേറ്റാനുണ്ട്. ഉപവിയുടെ സാർവത്രികകൂട്ടായ്മയിൽ ആധ്യക്ഷ്യം വഹിക്കുന്ന (cf. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ റോമാക്കാർക്കുള്ള കത്ത്) ഈ സഭയിൽനിന്നു, കേരളത്തിൽ മാത്രമല്ല ഭാരതത്തിലും ലോകം മുഴുവനിലും നിങ്ങളുടെ സഭയിലെ ഐക്യത്തിനുവേണ്ടി പ്രാർഥിക്കാനും പ്രത്യേക വിധത്തിൽ സഹകരിക്കുവാനുംവേണ്ടി നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവവിളികളുടെ നിധിശേഖരമാണ് കേരളം! അത് അങ്ങനെ തുടരാൻ നമുക്കു പ്രാർഥിക്കാം.

ആദരണീയ മേജർ ആർച്ചുബിഷപ്, അങ്ങയുടെ സഹോദരനിർവിശേഷമായ സന്ദർശനത്തിനു നന്ദി. അതിൽ എനിക്ക് ഏറെ ആനന്ദമുണ്ട്. പ്രിയ സഹോദരീസഹോദരന്മാരേ, ഹൃദ

യത്തിന്റെ അഗാധതയിൽനിന്നു ഞാൻ നിങ്ങളെ ആശീർവദിക്കുകയും പരിശുദ്ധ കന്യകാമറിയത്തിനും മാർത്തോമ്മാശ്ലീഹായ്ക്കും നിങ്ങളുടെ വിശുദ്ധർക്കും രക്തസാക്ഷികൾക്കും ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുകയും ചെയ്യുന്നതോടൊപ്പം എനിക്കുവേണ്ടി പ്രാർഥിക്കാൻ മറക്കരുതേ എന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും നന്ദി, ഒത്തിരി നന്ദി.

(കൺസിസ്റ്ററി ഹാൾ, 2024 മേയ് 13 തിങ്കൾ)

No: 4020/K-5/KCBC/OL/DS 09.05.2024

## അമ്പത്തിയെട്ടാമത് ആഗോള മാധ്യമദിനം സംബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നൽകുന്ന സന്ദേശം “നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും: സമ്പൂർണമായ മാനുഷിക ആശയവിനിമയത്തിലേക്ക്”

പ്രിയ സഹോദരീസഹോദരന്മാരേ,

ലോകസമാധാനദിനത്തോടനുബന്ധിച്ച് നിർമിത ബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നല്കിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തിന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇത് സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനിക്കാൻപോന്നതാണ്. ഈ മേഖലയിലെ വിദഗ്ധരെമാത്രമല്ല, ഈ മാറ്റങ്ങൾ ബാധിക്കുക; പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അദ്ഭുതകരമായ ഈ നൂതന ആവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനുമുള്ള കഴിവ് നമ്മിൽ ഭൂരിഭാഗം ആളുകൾക്കും ഇല്ല. ഒരേസമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ! മനുഷ്യസ്വഭാവത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ, സ്വാഭാവികമായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഇക്കാലം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. ഉദാത്തമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഈ സാംസ്കാരികപരിണാമത്തെ

സമുചിതമായി നയിക്കാനും പൂർണമനുഷ്യനായി വ്യാപരിക്കാനും എങ്ങനെയാണ് നമുക്കു സാധിക്കുക?

**ആരംഭം ഹൃദയത്തിൽനിന്നാകട്ടെ!**

എല്ലാറ്റിനുമുപരിയായി, കൊടിയ ദുരന്തത്തെക്കുറിച്ചുള്ള പ്രവചനത്തെയും മരവിപ്പ് ഉണ്ടാക്കുന്ന അതിന്റെ പ്രത്യാഘാതങ്ങളെയും നമുക്കു തള്ളിക്കളയാം. ഒരു നൂറ്റാണ്ടിനുമുമ്പ്, റൊമാനോ ഗ്വർദീനി (Romano Guardini) സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യകുലത്തെക്കുറിച്ചും വിചിന്തനം നടത്തി. 'അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള 'ഉദ്യമത്തിൽ നവമായതിനെ' തിരസ്കരിക്കരുത് എന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്തത്. അതേസമയം, പ്രവാചകധീരതയോടെ അദ്ദേഹം നല്കുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമായത്രേ!' 'നാം ആയിരിക്കുന്നത്, നിരന്തരം ആയിത്തീരാനുള്ള പ്രക്രിയയിലാണ്' (We are constantly in the process of becoming). ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്ന മനസ്സോടും, മനുഷ്യത്വരഹിതവും നശീകരണസ്വഭാവമുള്ള സകലതിനെയുംകുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടും ഈ പ്രക്രിയയിലേക്കു പ്രവേശിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഉപസംഹാരം ഇങ്ങനെ: 'ഇവയെല്ലാം സാങ്കേതികവും ശാസ്ത്രീയവും രാഷ്ട്രീയവുമായ സമസ്യകളാണ്. എന്നാൽ, അവയ്ക്കുള്ള പരിഹാരം, സമാധാനം, ആരംഭിക്കേണ്ടത് നമ്മുടെ മനുഷ്യസ്വഭാവത്തിൽനിന്നുതന്നെയാകണം ആഴമായ ആത്മീയതയും നവമായ സ്വാതന്ത്ര്യവും ആന്തരികതയുംകൊണ്ട് അനുഗൃഹീതമായ പുതിയൊരു മനുഷ്യൻ രൂപപ്പെടേണ്ടതുണ്ട്.'

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതികവിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾത്തന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടത് മനുഷ്യഹൃദയത്തിൽനിന്നുതന്നെയാകണം. സത്യദർശനത്തിൽ ഒരു

ആത്മീയവീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്നതിലൂടെമാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീകരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ! സമ്പൂർണമായ മാനുഷിക ആശയവിനിമയവും അങ്ങനെമാത്രമേ സാക്ഷാത്കരിക്കാനാവൂ. ബൈബിളിൽ സ്വാതന്ത്ര്യത്തിന്റെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഇടമായിക്കാണുന്നത് ഹൃദയത്തെയത്രേ! അത് പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം, അത് നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊള്ളുന്നുമുണ്ട്. സർവോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരികതലംകൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷസിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവും എല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേഷിക്കുന്നവർക്കു സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അത് ദർശിക്കാനും, അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ ആർജിക്കാനും കഴിയും. അതിനു യോഗ്യരായവരെ തേടിപ്പോകുന്ന ഒന്നാണത് (ജ്ഞാനം 6:12-16) ഉപദേശം സ്വീകരിക്കുന്നവരുടെകൂടെയാണ് വിവേകം. (സുഭാഷിതങ്ങൾ 13:10) ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അത് അനുഗമിക്കും. (1 രാജാ 3:9) പരിശുദ്ധാത്മാവിന്റെ ദാനമായ അത് ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ്പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർഥ അർഥതലങ്ങൾ മനസ്സിലാക്കിത്തരാൻപോന്നതാണത്. ഇത്തരമൊരു

ജ്ഞാനമില്ലാതെ ജീവിതം രുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്ന പദത്തിന്റെ കൃത്യമായ അർഥം അതിന്റെ ലത്തീൻ മൂലമായ സപ്പേരെ (sapere) എന്ന പദവും അതിന്റെ നാമം നാമരൂപമായ സപ്പോർ (sapor) എന്ന പദവുമായി ബന്ധപ്പെട്ടാണു നില്ക്കുന്നത്. 'സപ്പോർ' എന്ന ലത്തീൻ പദത്തിന്റെ അർഥം 'രുചി പകരുക' എന്നർഥം വരുന്ന 'Savour' എന്ന ഇംഗ്ലീഷ് പദവുമായി ബന്ധപ്പെട്ടാണു നില്ക്കുന്നത്.

**അവസരവും അപകടവും**

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിതബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണ് യന്ത്രപഠനം അഥവാ മെഷീൻ ലേണിങ് (Machine learning). ശാസ്ത്ര സാഹിത്യത്തിൽ ഇന്ന് ഉപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെ ഉപയോഗിക്കപ്പെടുന്ന ബുദ്ധി (Intelligence) എന്ന പദത്തിന്, മനുഷ്യരെ വഴിതെറ്റിച്ചുനയിക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു വയ്ക്കുന്നതിനും പരസ്പരം സ്ഥിതിവിവരണക്കണക്കുകൾ ബന്ധപ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യനെക്കാൾ കഴിവ് യന്ത്രത്തിനുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ, അവയുടെ അർഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യനുമാത്രമേ സാധിക്കൂ. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുക എന്ന കർമമായി ഇതിനെ ലഘൂകരിച്ചു കാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരം ഉള്ളവരാണെന്നും കൂടിയാലോചനകൾ ഒന്നുംകൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നുള്ള താൻപോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെന്നാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർഥ്യവും ഇക്കൂട്ടർ സൗകര്യപൂർവം മറക്കുകയാണ്.

സർവവും തികഞ്ഞവരല്ല തങ്ങൾ എന്ന യാഥാർത്ഥ്യം എല്ലാക്കാലത്തും മനുഷ്യർ തിരിച്ചറിഞ്ഞിട്ടുള്ള ഒരു വസ്തുതയത്രേ. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ഈ പരിമിതികളെയും രോഗാതുരതയെയും മുറിവേൽക്കപ്പെടാനുള്ള സാധ്യതയെയും മറികടക്കാനും തരണം ചെയ്യാനും മനുഷ്യർ യത്നിച്ചിട്ടുണ്ട്. ചരിത്രാതീതകാലം മുതലുള്ള മനുഷ്യന്റെ കലയുടെയും കരകൗശലത്തിന്റെയും ഉത്പന്നങ്ങളെല്ലാം മനുഷ്യകരങ്ങളുടെ ഒരു വികസിതരൂപം അല്ലെങ്കിൽ കൂട്ടിച്ചേർപ്പ് (Extention) അത്രേ. അതുപോലെ, മാധ്യമം (Media) മനുഷ്യർ ഉരുവിട്ട വാക്കുകളുടെ വികസിത രൂപമായി പരിണമിച്ചു. നവസാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള അതിസങ്കീർണങ്ങളായ യന്ത്രങ്ങളുടെ സഹായത്താൽ ഇന്ന് മനുഷ്യന്റെ ചിന്തകളെത്തന്നെ സഹായിക്കാമെന്ന അവസ്ഥ യാണുള്ളത്. കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉത്പത്തി 'കൂടെ ചിന്തിക്കുക'യെന്ന അർഥംവരുന്ന 'Com-puto' (കം - പൂത്തോ) എന്ന ലത്തീൻ പദത്തിൽനിന്നത്രേ. ഓരോ ഉപകരണവും ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ദൈവത്തെക്കൂടാതെ ദൈവമാകാനുള്ള ആദിമകാലം തൊട്ടുള്ള, മനുഷ്യന്റെ പ്രലോഭനംതന്നെയാണ് അതിനുള്ള കാരണം (നോക്കുക ഉത്പത്തി 3). ദൈവകൃപപോലെ സൗജന്യമായി ലഭിക്കേണ്ടതും സമ്മാനമായി സ്വീകരിച്ച് സർവരും കൂട്ടായ്മയിൽ ആസ്വദിക്കേണ്ടതുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാമെന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വും അനുസരിച്ച്, കരഗതമായിട്ടുള്ളവയെല്ലാം ഒരേസമയം ഒരവസരവും ഭീഷണിയുമത്രേ. ആശയവിനിമയത്തിനും കൂട്ടായ്മയ്ക്കും ആയി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരംതന്നെ ഹിംസയുടെയും കൊടിയ ആക്രമത്തിന്റെയും ഉപകരണമായി മാറാം. അതുപോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവനത്തിനായും ശത്രുതാപരമായ പ്രാമാണ്യത്തി

നായും അധിനിവേശത്തിനായുമുള്ള ഉപകരണങ്ങളായി ഉപയോഗിക്കപ്പെടാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാന ങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ ജനങ്ങൾക്കിടയിലും തലമുറകൾക്കിടയിലും അറിവ് കൈമാറ്റം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കാം. ഉദാഹരണത്തിന്, പുരാതന യുഗത്തിലെ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹത്തായ പൈതൃകത്തെ സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടുക്കാനും നിർമ്മിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയി ല്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാ ക്കാൻ പോന്നതാണത്. എന്നിരുന്നാലും അതേസമയം, വൈ ജ്ഞാനികമായ മലിനീകരണത്തിന്റെ (Cognitive pollution) ഒരു സ്രോതസ്സായി അതു മാറാം. സത്യത്തെ വക്രീകരിച്ച് ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണ് സത്യമെന്നു പ്രചരിപ്പിക്കാനും പ്രക്ഷേപണം ചെയ്തു ജന ങ്ങളെ വിശ്വസിപ്പിക്കാനുമുള്ള സാധ്യത ഏറെയാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് തെറ്റായ വിവരം മനപ്പൂർവം നല്കുക (Disinformation) എന്നത് ദീർഘകാലമായുള്ള പ്രശ്നമത്രേ. ആഴമായ വ്യാജം (Deep fake) ഉപയോഗിച്ച്, തികച്ചും വിശ്വ സനീയമായ രീതിയിൽ സചിത്രമായി അവതരിപ്പിച്ചുകൊ ണ്ടുള്ള അസത്യപ്രസ്താവനകൾ ഇന്നു സാധ്യമാണ് [ഞാനും ഇങ്ങനെ ഇരയാക്കപ്പെട്ടിട്ടുണ്ട്]. ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾപോലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപയോഗിച്ചുകൊണ്ടുള്ള ശബ്ദസന്ദേശങ്ങൾ (Audio messages) ഇന്ന് പ്രചരിപ്പിക്കാനാവും! ഇത്തരം പ്രോഗ്രാ മുകളുടെ പുറകിലുള്ള കൃത്രിമമാതൃകയും അനുകരണ സാങ്കേതികവിദ്യയും (Technology of simulation) ചില സാഹചര്യങ്ങളിൽ, മേഖലകളിൽ, ഉപയോഗപ്രദമാണ്. മനുഷ്യ ബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊടിക്കുകയും ചെയ്യുമ്പോൾ അത് വികൃതമായിത്തീ രുന്നു.

നിർമിതബുദ്ധിയുടെ ആദ്യ തരംഗം ഉണ്ടായ സാമൂഹിക മാധ്യമങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ചറിഞ്ഞതാണ്. സാമൂഹികമാധ്യമത്തിന് ഏറെ സാധ്യതയുള്ളപ്പോൾത്തന്നെ അപകടസാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങളുമുണ്ട്. നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖലയായ ജനറേറ്റിവ് ആർട്ടിഫിഷൽ ഇന്റലിജൻസ് പ്രതിനിധികരിക്കുന്നത് ഉചിതമായ ഒരു കുതിച്ചുചാട്ടംതന്നെയാണെന്നത് അവിതർക്കിതമാണ്. എന്നാൽ, ഇവിടെയും വേണ്ട നിയന്ത്രണങ്ങൾ ആവശ്യമാണ്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരിക്കുകയും ചെയ്യുമ്പോൾത്തന്നെ അവ തെറ്റായ കരങ്ങളിൽ എത്തപ്പെട്ടു ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും ഏത് ഉത്പന്നംപോലെത്തന്നെ അൽഗോരിതങ്ങളും നിഷ്പക്ഷമല്ല. അക്കാരണത്താൽ, അവയുടെ ദുരുപയോഗം തടയുന്നതിനുള്ള സത്വരനടപടികൾ ആവശ്യമാണ്. ധാർമികനിയന്ത്രണങ്ങളെ സമാദരിക്കുന്ന മാതൃകകളാണ് നിർദേശിക്കേണ്ടത്. സാമൂഹികനീതിക്കു നിരക്കാത്തതും മനുഷ്യർക്കിടയിൽ വിഭാഗീയതയും ശത്രുതയും സൃഷ്ടിക്കുന്ന തരത്തിൽ അവ ഉപയോഗിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. ബഹുസ്വരതയെ ഹനിക്കുന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടിമാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയ സമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത്, 'നിർമ്മിതബുദ്ധിയുടെ വികസനവും വിവിധരീതിയിലുള്ള ഉപയോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ചു പ്രവർത്തിക്കണമെന്നത്രേ.' അതേസമയം, ഏതൊരു മാനുഷികസാഹചര്യത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾമാത്രം മതിയാവും എന്നു ധരിക്കരുത്.

**മനുഷ്യത്വത്തിലുള്ള വളർച്ച**

കൂട്ടായ വളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യമഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗങ്ങളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്നതുമായ ഒരു സങ്കീർണമായ സമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പു നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയവിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകരണങ്ങളുടെ സൈദ്ധാന്തികമായ വികാസത്തെക്കുറിച്ചും അവയുടെ ദൈനംദിനജീവിതത്തിലെ ഉപയോഗത്തെക്കുറിച്ചും ശ്രദ്ധയോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സാധ്യതകളോടൊപ്പം ചില അപകടസാധ്യതകളും അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റിനെയും അമൂർത്തമായ കണക്കുകൂട്ടലുകളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതിവിവരണകണക്കായി(Data)മാത്രം ലഘൂകരിച്ചു കാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെന്നത്, ഒരു യാന്ത്രിക പ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാനമെന്നത്, ഒറ്റപ്പെട്ട കേസാണെന്നും കരുതാനും നന്മയെ ലാഭമായിമാത്രം നോക്കിക്കാണാനും സർവോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിഷേധിക്കുകയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാനുമുള്ള സാധ്യതയും നിലനില്ക്കുന്നുണ്ട്. സത്യത്തിന്റെയും ഉൺമയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും 'ഡാറ്റ'യുടെയും ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാതാവുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഡിജിറ്റൽ വിപ്ലവത്തിന് (Digital Revolution) കൂടുതൽ സ്വാതന്ത്ര്യം നമുക്കു പ്രദാനം ചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകകളുടെ അടിമകളാക്കിത്തീരാൻ അനുവദിച്ചു

കൂടാ. 'എക്കോ ചേംബറു'കളുടെ തടവുകാരായിത്തീരുന്നത് ഒട്ടും ആശാസ്യമല്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നു വ്യത്യസ്തമായ വിശ്വാസപ്രമാണങ്ങളെയും ചിന്താഗതികളെയും ബദൽ ചിന്തകളെയും പാടേ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ! ഈ സാഹചര്യത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കുന്നതിനുപകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകിനടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതു വഴിവയ്ക്കുന്നതാണ്. നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയചിന്ത വളർത്തണമെന്നും സ്ഥിരീകരിക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും എഡിറ്റർമാർക്ക് കൂട്ടായിനിന്നുകൊണ്ട് കൃത്യനിർവഹണത്തിൽ വീഴ്ചവരുത്താമെന്നുമുള്ള ചിന്തകൾ നമുക്കു സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ബൃഹത്തായ സ്ഥിതിവിവരണക്കണക്കുകൾ (Big Data) എത്രതന്നെ അത്യന്താപേക്ഷിതമാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയ സാധ്യത അന്തിമവിശലനത്തിൽ നിലനില്ക്കുന്നതായിക്കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിനു വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതയ്ക്കുതന്നെ ഭീഷണിയത്രേ. അറിവിനെ സജീവമായ, ഊഷ്മളമായ മനുഷ്യബന്ധത്തിൽ നിന്നു വേർപെടുത്താനാവില്ല. മനുഷ്യ ശരീരവും യഥാർഥ ജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരണക്കണക്കുകളും ഡാറ്റയുമായിമാത്രമല്ല അതു ബന്ധപ്പെട്ടിരിക്കുന്നത്; പ്രത്യുത, മനുഷ്യന്റെ അനുഭവജ്ഞാനവുമായിട്ടുകൂടിയാണ്. അതിനു വേണ്ടത്, സംവേദനക്ഷമതയും അനുകമ്പയും പങ്കുവെക്കലുമാണ്. ഇതരമനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്കു സാധിക്കണം.

ഇവിടെ യുദ്ധകാര്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനെക്കുറിച്ചു ചിന്തിച്ചുപോകുന്നു, ഒപ്പം, ഒരു സമാന്തരയുദ്ധ

ത്തെക്കുറിച്ചും. ഈ സമാന്തരയുദ്ധം നടക്കുന്നത് വ്യാജപ്രചരണങ്ങൾ വഴിയത്രേ. യുദ്ധം റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ മുറിവേൽക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. അവർ കണ്ട കാര്യങ്ങൾ നമ്മെ കാണിക്കാനുള്ള ശ്രമത്തിലാണ് അവർക്കിങ്ങനെ സംഭവിച്ചത്. യുദ്ധത്തിന്റെ അർത്ഥമില്ലായ്മയിലേക്കാണ് യുദ്ധംമൂലം സഹിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും തീവ്രമായ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാവനകൾ നൽകാൻ നിർമ്മിതബുദ്ധിയുടെ ഉപയോഗംവഴി സാധിക്കും. പ്രഫഷണൽ ജേണലിസത്തെ അത് തുടച്ചുനീക്കാതിരുന്നാൽമാത്രംമതി. ജേണലിസത്തെ സഹായിക്കുന്നവിധമാവണം അതിന്റെ പ്രവർത്തനശൈലി. ആശയവിനിമയത്തിന്റെ പ്രഫഷണൽ സ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിക്കണം അത്. തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് കൂടുതൽ അവബോധമുള്ളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേകബുദ്ധിയോടെ ആശയവിനിമയ മേഖലയിൽ പങ്കാളികളാവട്ടെ!

**ഇന്നത്തെയും ഭാവിയിലെയും ചില ചോദ്യങ്ങൾ.**

ഈ വിഷയത്തിൽ സ്വാഭാവികമായി ഉയരുന്ന ഏതാനും ചോദ്യങ്ങളുണ്ട്. പ്രൊഫഷനലിസത്തെയും ഈ മേഖലയിൽ സേവനം ചെയ്യുന്നവരെയും എങ്ങനെയാണ് നാം പരീക്ഷിക്കുക? ഒപ്പം, ലോകമാസകലമുള്ള, അറിവിന്റെയും ആശയവിനിമയത്തിന്റെയും ഉപഭോക്താക്കളുടെ സംരക്ഷണം എങ്ങനെ സാധ്യമാവും? വിവിധങ്ങളായ പ്ലാറ്റ്ഫോമുകൾക്കിടയിലെ പ്രവർത്തനങ്ങൾ എങ്ങനെ ഉറപ്പുവരുത്താം? എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കാനാകും? ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചെടുക്കുന്ന ബിസിനസുകാരെ ഉള്ളടക്കവും പരസ്യവും സംബന്ധിച്ച കാര്യങ്ങളിൽ,

മറ്റുപരമ്പരാഗത മാധ്യമങ്ങളുടെ എഡിറ്റർമാരെപ്പോലെതന്നെ എങ്ങനെ ഉത്തരവാദികളായി പരിഗണിക്കാം? അൽഗോരിതം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ - ഇൻഡക്സിങ്ങിനും ഡീ-ഇൻഡക് സിങ്ങിനുമായിട്ടുള്ള - എങ്ങനെ കൂടുതൽ സുതാര്യമാക്കിത്തീർക്കാം? വ്യക്തികൾ, അഭിപ്രായങ്ങൾ, ചരിത്രം, സംസ്കാരം എന്നിവ ആഘോഷിക്കാനും റദ്ദാക്കാനും സമൃദ്ധമായ സേർച്ച് എഞ്ചിനുകളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. വിവരപരിശോധനപ്രക്രിയയുടെ സുതാര്യത എങ്ങനെ നമുക്ക് ഉറപ്പിക്കാനാവും? എഴുത്തിന്റെ യഥാർത്ഥ സ്രോതസ്സും പിതൃത്വവും എങ്ങനെ കണ്ടെത്താനാവും? അജ്ഞാതനാമത്തിന്റെ രക്ഷാകവചത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സ്രോതസ്സ് എങ്ങനെ കണ്ടെത്താം? ഒരു സംഭവത്തെക്കുറിച്ചുള്ള ചിത്രം (Image) അല്ലെങ്കിൽ വീഡിയോ (Video) യഥാർത്ഥമാണോ അല്ലെങ്കിൽ കൃത്രിമമായി സൃഷ്ടിച്ചതാണോ (Simulated) എന്ന് എങ്ങനെ വ്യക്തമാക്കാം? ഒറ്റ സ്രോതസ്സു മാത്രമായി പരിമിതപ്പെടുത്താനുള്ള സാധ്യതയെ എങ്ങനെ നിരോധിക്കാനാവും? ഒരു അൽഗോരിതംമാത്രമുപയോഗിച്ച് ഒരു സമീപനം (രീതിശാസ്ത്രം) മാത്രം ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഇതിനുപകരം, ബഹുത്വാത്മകത (Pluralism) നിലനിർത്തിക്കൊണ്ട് യാഥാർത്ഥ്യത്തിന്റെ സങ്കീർണ്ണതകളെ മുഴുവൻ ചിത്രീകരിക്കുന്ന രീതിയിൽ ഒരു അന്തരീക്ഷം എങ്ങനെ നിലനിർത്താനാവും? സാങ്കേതികവിദ്യയെ എങ്ങനെ സുസ്ഥിരമാക്കാം? (Sustainable). അത്രമേൽ ശക്തവും ഭാരിച്ച ചെലവുള്ളതും ഊർജ്ജത്തിന്റെ ഉപയോഗം ഏറിയ തോതിലുമുള്ളതുമായ ഒന്നാണീ സാങ്കേതികവിദ്യ എന്നോർക്കണം. വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽക്കൂടി ഇവയുടെ ലഭ്യത എങ്ങനെ നേടിയെടുക്കാം?

ഈ വിധത്തിലുള്ള ചോദ്യങ്ങൾക്കും മറ്റു ചോദ്യങ്ങൾക്കും നാം നൽകുന്ന ഉത്തരം ഏറെ പ്രസക്തമത്രേ. നിർമ്മിതബുദ്ധി പുതിയ വർഗ്ഗങ്ങളെ (new castes) അതിന്റെ

ലഭ്യതയനുസരിച്ചു സൃഷ്ടിക്കുമോ? പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കും അവസരമില്ലായ്മയ്ക്കും അസന്തുലിതാവസ്ഥയ്ക്കും നിർമ്മിതബുദ്ധി വഴിയൊരുക്കുമോ? മറിച്ച്, ശരിയായ വിവരങ്ങൾ നല്കിക്കൊണ്ട് അതിന് കൂടുതലായി സമത്വം സൃഷ്ടിക്കാൻ സാധിക്കുമോ? അതിനുവേണ്ടത് നാം അനുഭവിക്കുന്ന ഐതിഹാസികമായ ഈ മാറ്റത്തെക്കുറിച്ചുള്ള കൂടിയതോതിലുള്ള അവബോധമത്രേ. കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ വിവേചനശക്തിയെ നമുക്കു വർദ്ധിപ്പിക്കാനും ജാഗ്രതയെ കൂടുതൽ സൂക്ഷ്മമാക്കാനും സാധിക്കുകയുള്ളൂ. അവയുടെ സാക്ഷാത്കാരത്തിന്റെ പ്രകാശത്തിൽ വേണം നാം കാര്യങ്ങളെ കാണാൻ. അല്ലെങ്കിൽ നമ്മുടെ മനുഷ്യത്വത്തിന്റെ ദിശാബോധംതന്നെ നഷ്ടപ്പെടാം. എല്ലാറ്റിനുംമുമ്പ് സൃഷ്ടിക്കപ്പെട്ട ജ്ഞാനം നമുക്കു തേടാം. (നോക്കുക, പ്രഭാഷകൻ 1:4) നിർമിതബുദ്ധിയുടെ സംവിധാനങ്ങൾ മനുഷ്യത്വ സമ്പൂർണ്ണമായ ആശയവിനിമയത്തിന്റെ ശുശ്രൂഷയ്ക്കും സേവനത്തിനുമായി നമ്മെ സഹായിക്കുന്നതാണ്.

**ഫ്രാൻസിസ് മാർപാപ്പ**

റോം : സെന്റ് ജോൺ ലാറ്ററൻ, 24 ജനുവരി, 2024

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

# കച്ചേരിക്കാര്യം

## Transfers & Appointments (May 2024)

| Name | Appointment |
|---|---|
| Adappacherry Sebastian | Member, Mar Thoma Sleeha Dayara, Nallathanni & Relieved from Beth Aprem Nazrani Dayara, Kappumthala |
| Attuchalil Joseph | St Thomas Sabarmati Mission, Gujarat |
| Kadankavil Mathew | Asst Director, Mount Nebo, Vagamon |
| Kadookunnel Mathew | Manager, Sea View Estate, Parathanam |
| Kaitholil Joseph | Formator, Mar Aprem Seminary, Pala |
| Kandathikudilil Augustine | Asst Director (Additional), Eparchial Choir |
| Kaniampady Mathew | Licentiate Study in Eastern Canon Law (Additional), Vadavathoor |
| Karikulam Joseph | Director & Chaplain, Mar Sleeva Medicity, Cherpunkal |
| Kolath Mathew | Sick Leave |
| Kottarathil George | Vicar, Poovakulam |
| Kuttianickal Sebastian | Relieving, Director, Bible Apostolate |
| Maleparampil Joseph | Curator (Additional), Christian Cultural Centre (Golden Jubilee Memorial Museum), Pala |

| | |
|---|---|
| Manoor Thomas | Rector, Mar Aprem Seminary, Pala &Director, Eparchial Choir |
| Mattathil Philip | Visiting Professor in various faculties and residence at Adorno Bhavan, Bangaluru |
| Mekkattukunnel Andrews | Continues as the professor of Biblical Theology at Paurastya Vidyapitham & Residence at Paurastya Vidyapitham, Vadavathoor Director (additional), Beth Aprem Nazrani Dayara, Kappumthala |
| Mylaparampil Joseph | Licentiate Study, Biblical Theology, Paurastya Vidyapitham, Vadavathoor |
| Naduvilekoot Ignatius | Vicar, Kurichithanam |
| Naduvilekoot Michael | Asst. Vicar, Poonjar |
| Nellickatheruvil Jose | Vicar, Thuruthippally |
| Panackakuzhy Thomas | Vicar, Poonjar |
| Panthanmackal Joseph (Manu) RCJ | Asst. Vicar, Thidanad |
| Puliurumpil James | Professor and Formator, Good Shepherd Minor Seminary, Karoor |
| Puthuparampil Thomas | Director (Additional), Bible Apostolate |
| Thannickappara Joseph | Asst Vicar, Teekoy |
| Vadakkel Thomas | Spiritual Director (Additional), St Thomas Apostolic Seminary, Vadavathoor |
| Vadakkethakidiyel Kuriakose | Asst Vicar, Bharananganam |

## വൈദികരുടെ ശ്രദ്ധയ്ക്ക്

### ഫാമിലി അപ്പോസ്തലേറ്റ് സംഭാവന

ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി ജൂൺ 9-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി ലഭിക്കുന്ന തുക 2024 ജൂലൈ 7 നുമുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

## പത്രോസിന്റെ കാശ്

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ-29) ആഗോളസഭയിൽ നടത്തപ്പെടുന്ന സംഭാവനശേഖരണത്തിൽ നമുക്കു പങ്കുചേരാം. ജൂൺ 30-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ നിയോഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക ജൂലൈ 31 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.



**FAMILY APOSTOLATE**

DIOCESE OF PALAI

Mob: 8547150049

*Marriage Preparation Retreat*

| 2024 | | |
|---|---|---|
| ജൂലൈ | 01- 03 (തിങ്കൾ – ബുധൻ) | 29 - 31 (തിങ്കൾ – ബുധൻ) |
| ആഗസ്റ്റ് | 09-11 (വെള്ളി – ഞായർ) | 30- Sep.1 (വെള്ളി – ഞായർ) |
| സെപ്തംബർ | 16-18 (തിങ്കൾ – ബുധൻ) | 30 - 02 (തിങ്കൾ – ബുധൻ) |
| ഒക്ടോബർ | 11-13 (വെള്ളി – ഞായർ) | 29 - 31 (ചൊവ്വ – വ്യാഴം) |
| നവംബർ | 08-10 (വെള്ളി – ഞായർ) | 18 - 20 (തിങ്കൾ – ബുധൻ) |
| ഡിസംബർ | 09-11 (തിങ്കൾ – ബുധൻ) | 19 - 21 (വ്യാഴം – ശനി) |

# CORPORATE EDUCATIONAL AGENCY, DIOCESE OF PALAI

## PLUS TWO RESULTS 2024

| | Groups | | Science | | | | Humanities | | | | Commerce | | | | Full | Total | | | | Previous |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank No. | School | Name | Pass | Fail | Total | Pass % | Pass | Fail | Total | Pass % | Pass | Fail | Total | Pass % | A+ | Total | Fail | Pass | Pass % | Year |
| 1 | Vilakkumadam | St. Joseph's HSS | 60 | 0 | 60 | 100.0 | | | | | 55 | 1 | 56 | 98 | 39 | 116 | 1 | 115 | **99.14** | **99.15** |
| 2 | Pravithanam | St. Michaels HSS | 52 | 0 | 52 | 100.0 | | | | | 47 | 3 | 50 | 94 | 24 | 102 | 3 | 99 | **97.06** | **90.09** |
| 3 | Pala | St.Mary's GHSS | 112 | 0 | 112 | 100.0 | 41 | 6 | 47 | 87 | | | | | 42 | 159 | 6 | 153 | **96.23** | **96.91** |
| 4 | Kuravilangad | St.Mary's HSS | 104 | 2 | 106 | 98.1 | 40 | 4 | 44 | 91 | | | | | 45 | 150 | 6 | 144 | **96.00** | **97.12** |
| 5 | Cherpunkal | Holy Cross HSS | 166 | 6 | 172 | 96.5 | | | | | 46 | 3 | 49 | 94 | 42 | 221 | 9 | 212 | **95.93** | **98.46** |
| 6 | Bharananganam | St.Mary's HSS | 102 | 7 | 109 | 93.6 | 44 | 1 | 45 | 97.78 | 51 | 1 | 52 | 98 | 53 | 206 | 9 | 197 | **95.63** | **95.31** |
| 7 | Valiyakumaramagalam | St. Paul's HSS | 51 | 0 | 51 | 100.0 | | | | | 42 | 6 | 48 | 88 | 19 | 99 | 6 | 93 | **93.94** | **89.57** |
| 8 | Kadanad | St.Sebastian's HSS | 104 | 0 | 104 | 100.0 | 31 | 6 | 37 | 84 | 32 | 5 | 37 | 87 | 49 | 178 | 11 | 167 | **93.82** | **94.32** |
| 9 | Arakulam | St.Mary's HSS | 97 | 3 | 100 | 97.0 | 42 | 5 | 47 | 89 | 39 | 4 | 43 | 91 | 34 | 190 | 12 | 178 | **93.68** | **97.13** |
| 10 | Kothanalloor | Emmanuel's HSS | 113 | 6 | 119 | 95.0 | | | | | 34 | 4 | 38 | 89 | 23 | 157 | 10 | 147 | **93.63** | **93.79** |
| 11 | Pala | St.Thomas HSS | 86 | 6 | 92 | 93.5 | 49 | 8 | 57 | 86 | | | | | 19 | 149 | 14 | 135 | **90.60** | **93.79** |
| 12 | Kozhuvanal | St.John's NHSS | 95 | 0 | 95 | 100.0 | 31 | 14 | 45 | 69 | | | | | 30 | 140 | 14 | 126 | **90.00** | **92.41** |
| 13 | Plassanal | St.Antony's HSS | 98 | 6 | 104 | 94.2 | 45 | 11 | 56 | 80 | | | | | 27 | 160 | 17 | 143 | **89.38** | **95.17** |
| 14 | Ramapuram | St.Augustine's HSS | 104 | 3 | 107 | 97.2 | 28 | 14 | 42 | 67 | 43 | 4 | 47 | 92 | 33 | 196 | 21 | 175 | **89.29** | **91.40** |
| 15 | Teekoy | St.Mary's HSS | 85 | 7 | 92 | 92.4 | | | | | 36 | 9 | 45 | 80 | 20 | 137 | 16 | 121 | **88.32** | **88.03** |
| 16 | Elanji | St.Peter's HSS | 95 | 9 | 104 | 91.4 | | | | | 32 | 8 | 40 | 80 | 24 | 144 | 17 | 127 | **88.19** | **94.74** |
| 17 | Aruvithura | St.George HSS | 99 | 18 | 117 | 84.6 | | | | | 42 | 13 | 55 | 76 | 16 | 172 | 31 | 141 | **81.98** | **87.04** |
| | **VHSE** | | **JSD** | | | | **LTR** | | | | | | | | | | | | | |
| 18 | Kuruppanthara | St. Xavier's VHSS | 15 | 7 | 22 | 68 | 27 | 3 | 30 | 90.0 | | | | | 1 | 52 | 10 | 42 | **80.769** | **83.93** |

**Full Mark (1200/1200)**

| | | | |
|---|---|---|---|
| 1 | Kumari Nihara Anna Bince, St. Michaels HSS Pravithanam | 3 | Kumari Merin Sojan, St.Sebastians HSS Kadanad |
| 2 | Kumari Sreya S Nair, St. Joseph's HSS Vilakkumadam | 4 | Kumari Anit Sebastian, St.Sebastians HSS Kadanad |
| 5 | Master Krishanaraj S, Holy Cross HSS Cherpunkal | | |

## Corporate Educational Agency, Diocese of Palai

| SSLC RESULTS | | March. 2024 | | | | March. 2023 | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Sl. No. | Name of School | Roll | Pass | % | Full A+ | Roll | Pass | % | Full A+ | | Remarks |
| 1 | Pala St.Mary's GHSS | 242 | 242 | 100.00 | 60 | 220 | 220 | 100.00 | 70 | 7 | 8th Time 100% |
| 2 | Cherpunkal Holy Cross HSS | 186 | 186 | 100.00 | 75 | 162 | 162 | 100.00 | 39 | 1 | 2nd Time 100% |
| 3 | Kuravilangad St.Mary's GHS | 182 | 182 | 100.00 | 40 | 168 | 168 | 100.00 | 49 | 13 | 14th Time 100% |
| 4 | Arakulam St.Mary's HSS | 178 | 178 | 100.00 | 14 | 200 | 200 | 100.00 | 29 | 1 | 2nd Time 100% |
| 5 | Kothanalloor Emmanuels HSS | 145 | 145 | 100.00 | 30 | 155 | 155 | 100.00 | 22 | 1 | 2nd Time 100% |
| 6 | Muttuchira St.Agnes HS | 141 | 141 | 100.00 | 33 | 146 | 146 | 100.00 | 42 | 6 | 7th Time 100% |
| 7 | Teekoy St.Mary's HSS | 141 | 141 | 100.00 | 32 | 126 | 126 | 100.00 | 24 | 5 | 6th Time 100% |
| 8 | Pala St.Thomas BHSS | 139 | 139 | 100.00 | 31 | 145 | 145 | 100.00 | 27 | 3 | 4th Time 100% |
| 9 | Chemmalamattom Little Flower HS | 125 | 125 | 100.00 | 18 | 103 | 103 | 100.00 | 24 | 2 | 3rd Time 100% |
| 10 | Ramapuram SH GHS | 123 | 123 | 100.00 | 41 | 98 | 98 | 100.00 | 37 | 5 | 6th Time 100% |
| 11 | Vilakkumadom St.Joseph's HS | 121 | 121 | 100.00 | 30 | 124 | 124 | 100.00 | 18 | 3 | 4th Time 100% |
| 12 | Plassanal St.Antony's HSS | 118 | 118 | 100.00 | 22 | 117 | 117 | 100.00 | 23 | 9 | 10th Time 100% |
| 13 | Kadanad St.Sebastians HSS | 111 | 111 | 100.00 | 51 | 113 | 113 | 100.00 | 30 | 11 | 12th Time 100% |
| 14 | Vadakara Little Flower HS | 103 | 103 | 100.00 | 35 | 87 | 87 | 100.00 | 24 | 7 | 8th Time 100% |
| 15 | Ramapuram St.Augustine's HSS | 98 | 98 | 100.00 | 18 | 97 | 97 | 100.00 | 37 | 3 | 4th Time 100% |
| 16 | Thudanganad St.Thomas HS | 97 | 97 | 100.00 | 12 | 99 | 99 | 100.00 | 14 | 9 | 10th Time 100% |
| 17 | Elanji St.Peter's HSS | 95 | 95 | 100.00 | 21 | 78 | 78 | 100.00 | 16 | 6 | 7th Time 100% |
| 18 | Koottickal St.George HS | 95 | 95 | 100.00 | 21 | 73 | 73 | 100.00 | 17 | 3 | 4th Time 100% |
| 19 | Vakakkad Alphonsa GHS | 87 | 87 | 100.00 | 21 | 89 | 89 | 100.00 | 26 | 9 | 10th Time 100% |
| 20 | Kuravilangad St.Mary's HSS | 84 | 84 | 100.00 | 9 | 94 | 94 | 100.00 | 16 | 1 | 2nd Time 100% |
| 21 | Pravithanam St.Michael's HS | 81 | 81 | 100.00 | 28 | 93 | 93 | 100.00 | 19 | 12 | 13th Time 100% |
| 22 | Bharananganam St.Mary's HSS | 75 | 75 | 100.00 | 11 | 99 | 99 | 100.00 | 19 | 5 | 6th Time 100% |
| 23 | Kurumannu St.John's HS | 72 | 72 | 100.00 | 15 | 73 | 73 | 100.00 | 9 | 5 | 6th Time 100% |
| 24 | Kozhuvanal St.Johns NHSS | 70 | 70 | 100.00 | 14 | 74 | 74 | 100.00 | 22 | 3 | 4th Time 100% |
| 25 | Marangattupally St.Thomas HS | 68 | 68 | 100.00 | 13 | 75 | 75 | 100.00 | 17 | 5 | 6th Time 100% |
| 26 | Muttuchira Holy Ghost BHS | 66 | 66 | 100.00 | 10 | 67 | 67 | 100.00 | 7 | 16 | 17th Time 100% |
| 27 | Valiyakumaramangalam St. Paul's HS | 65 | 65 | 100.00 | 15 | 65 | 65 | 100.00 | 9 | 5 | 6th Time 100% |
| 28 | Kuruppanthara St.Xaviers VHSS | 65 | 65 | 100.00 | 6 | 51 | 51 | 100.00 | 10 | 10 | 11th Time 100% |
| 29 | Vellikulam St.Antony's HS | 61 | 61 | 100.00 | 13 | 55 | 55 | 100.00 | 5 | 1 | 2th Time 100% |
| 30 | Manathoor St.Joseph's HS | 57 | 57 | 100.00 | 6 | 51 | 51 | 100.00 | 13 | 15 | 16th Time 100% |
| 31 | Kanjiramattom Little Flower HS | 56 | 56 | 100.00 | 10 | 51 | 51 | 100.00 | 16 | 13 | 14th Time 100% |
| 32 | Aruvithura St.George HSS | 56 | 56 | 100.00 | 1 | 51 | 51 | 100.00 | 2 | 5 | 6th Time 100% |
| 33 | Mutholapuram St.Paul's HS | 54 | 54 | 100.00 | 14 | 59 | 59 | 100.00 | 21 | 11 | 12th Time 100% |
| 34 | Mutholy St.Joseph's GHS | 53 | 53 | 100.00 | 7 | 51 | 51 | 100.00 | 9 | 9 | 10th Time 100% |
| 35 | Mattakara St.Joseph's HS | 52 | 52 | 100.00 | 5 | 56 | 56 | 100.00 | 7 | 1 | 2nd Time 100% |
| 36 | Peringulam St.Augustines HS | 39 | 39 | 100.00 | 12 | 51 | 51 | 100.00 | 14 | 16 | 17th Time 100% |
| 37 | Manalumkal St.Aloysious HS | 35 | 35 | 100.00 | 8 | 52 | 52 | 100.00 | 5 | 4 | 5th Time 100% |
| 38 | Chennad St.Maria Gorettis HS | 32 | 32 | 100.00 | 10 | 51 | 51 | 100.00 | 13 | 1 | 3th Time 100% |
| 39 | Kudakkachira St.Josephs HS | 31 | 31 | 100.00 | 5 | 39 | 39 | 100.00 | 8 | 7 | 8th Time 100% |
| 40 | Kanjirathanam St.Johns HS | 19 | 19 | 100.00 | 2 | 16 | 16 | 100.00 | 1 | 13 | 14th Time 100% |
| 41 | Kadaplamattom St.Antony's HS | 14 | 14 | 100.00 | 0 | 17 | 17 | 100.00 | 2 | 10 | 11th Time 100% |
| | **Total** | **3732** | **3732** | **100.00** | **819** | **3691** | **3691** | **100.00** | **812** | | |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ടി. വി. മാത്യു, പറത്താനം | 20,000.00 | |
| 2 | തോമസ് അപ്രേം, കാവാലി | 30,000.00 | |
| 3 | നിഖിൽ, കയ്യൂർ | 38,200.00 | |
| 4 | അന്നമ്മ ജോസഫ്, ഭരണങ്ങാനം | 15,000.00 | |
| 5 | സ്റ്റീഫൻ ജോസ്, പൂവക്കുളം | 50,000.00 | |
| 6 | രാധ ശൗരി, ളാലം ഓൾഡ് | 10,000.00 | |
| 7 | ജോർജ്, പയ്യാനിത്തോട്ടം | 50,000.00 | |
| 8 | ജോസ് തോമസ്, കുറിച്ചിത്താനം | 29,945.00 | |
| 9 | ജോയൽ ജോയ്, മംഗളഗിരി | 50,000.00 | |
| 10 | മഞ്ചു ബിജി, പ്രവിത്താനം | 24,963.00 | |
| 11 | ബേബി മാത്യു, സ്ലീവാപുരം | 20,000.00 | |
| 12 | അച്ചാമ്മ തങ്കച്ചൻ, ഇളന്തോട്ടം | 30,050.00 | |
| 13 | ഷെല്ലി ബന്നി, തീക്കോയ് | 32,676.00 | |
| 14 | റിസ ജോർജ്, തീക്കോയ് | 32,676.00 | |
| 15 | ജോസഫ്, അൽഫോൻസാഗിരി | 50,000.00 | |
| 16 | തോമസ് കെ.ജെ., മഞ്ഞാമറ്റം | 23,872.00 | |
| 17 | റോയിച്ചൻ എം.റ്റി., ഇടപ്പാടി | 15,000.00 | |
| 18 | ഔസേപ്പ് റ്റി.ഒ., വള്ളിച്ചിറ | 28,700.00 | |
| 19 | ശാന്തകുമാരി, വടകര | 400,000.00 | |
| 20 | പ്രീത, സേവ്യർപുരം | 400,000.00 | |
| 21 | സാലി ദേവസ്യാ, ഏന്തയാർ (SMYM Pala) | | 410,000.00 |
| 22 | മാനുവൽ തോമസ്, മേരിലാന്റ് | | 800,000.00 + 6 Cent |
| 23 | ജോസഫ് ആന്റണി, മേരിലാന്റ് | | 850,000.00 + 6 Cent |
| 24 | മാനുവൽ, മേരിലാന്റ് | | 200,000.00 |
| 25 | ജോസഫ്, അരുണാപുരം (Vincent De Paul) | | 1,100,000.00 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും ഉള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റിൽ നേരിട്ടു ഹാജരാകണം. ഇന്റർവ്യൂ ദിവസത്തെക്കുറിച്ച് അറിയുന്നതിനും കൂടുതൽ വിവരങ്ങൾക്കും 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹെൽത്ത് ഡയലോഗ് സീരീസ് - ആരോഗ്യ ബോധവൽക്കരണപരിപാടി ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച ഹെൽത്ത് ഡയലോഗ് സീരീസ് - ആരോഗ്യ ബോധവത്കരണപരിപാടിയുടെ ഉദ്ഘാടനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. ആശുപത്രിയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് പൊതുജനങ്ങൾക്കു പ്രയോജനപ്പെടുന്ന വിധത്തിൽ ആരോഗ്യസെമിനാറുകൾ സംഘടിപ്പിക്കുന്നത്. മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ സ്വാഗതം ആശംസിച്ചു. ഹെൽത്ത് ഡയലോഗ് സീരീസിന്റെ ഭാഗമായി ഹൃദ്രോഗം എങ്ങനെ തടയാം എന്ന വിഷയത്തിൽ ആരോഗ്യബോധവത്കരണപരിപാടി നടന്നു. ജീവിതശൈലിയും ഹൃദ്രോഗങ്ങളും എന്ന വിഷയത്തിൽ കാർഡിയാക് സയൻസസ് വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. രാംദാസ് നായിക് എച്ച്, കൊറോണറി ആൻജിയോ പ്ലാസ്റ്റിയെക്കുറിച്ച് സീനിയർ കൺസൾട്ടന്റ് ഡോ. ജെയിംസ് തോമസ്, ഹൃദയ ശസ്ത്രക്രിയകൾ എന്ന വിഷയത്തിൽ കാർഡിയോതൊറാസിക് ആൻഡ് വാസ്കുലാർ സർജറിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കൃഷ്ണൻ സി, ആരോഗ്യകരമായ ഹൃദയത്തിനുള്ള ഭക്ഷണം എന്നത് സംബന്ധിച്ച് സീനിയർ

ക്ലിനിക്കൽ ഡയറ്റീഷ്യൻ ജിജിനു ജെ. എന്നിവർ ക്ലാസുകൾ നയിച്ചു. ചർച്ചയിൽ സീനിയർ കൺസൾട്ടന്റുമാരായ പ്രഫ. ഡോ. രാജു ജോർജ്, ഡോ. ബിബി ചാക്കോ ഒളരി, കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാം, കാർഡിയാക് അനസ്തേഷ്യ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. നിതീഷ് പി.എൻ. എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അന്താരാഷ്ട്ര നഴ്സസ് ദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ അന്താരാഷ്ട്ര നഴ്സസ് ദിനാചരണം സംഘടിപ്പിച്ചു. കോട്ടയം ജില്ലാ കളക്ടർ വി. വിഘ്നേശ്വരി ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ നഴ്സിംഗ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ചീഫ് നഴ്സിംഗ് ഓഫീസർ ലഫ്. കേണൽ മജല്ല മാത്യു എന്നിവർ പ്രസംഗിച്ചു. നഴ്സുമാരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറി. നഴ്സിംഗ് രംഗത്ത് മികവു പുലർത്തിയവർക്ക് അവാർഡും നഴ്സസ് ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കു സമ്മാനങ്ങളും വിതരണം ചെയ്തു.

**തടിമിൽത്തൊഴിലാളിയുടെ അറ്റുപോയ ഇടതുകൈപ്പത്തി പൂർവ്വസ്ഥിതിയിലാക്കി**

തടിമിൽ തൊഴിലാളിയുടെ അറ്റുപോയ ഇടതുകൈപ്പത്തി മാർ സ്ലീവാ മെഡിസിറ്റിയിൽ മണിക്കൂറുകൾ എടുത്ത് നടത്തിയ മൈക്രോവാസ്കുലാർ ശസ്ത്രക്രിയയിലൂടെ വീണ്ടും ജോലികൾ ചെയ്യാവുന്ന വിധത്തിൽ പൂർവ്വസ്ഥിതിയിലാക്കി. പാദുവ സ്വദേശിയും പൂഞ്ഞാറിലെ തടിമില്ലിൽ തൊഴിലാളിയുമായ 52 കാരനാണ് ഗുരുതര അപകടത്തിൽ നഷ്ടപ്പെട്ടുപോകേണ്ടിയിരുന്ന ഇടതുകൈപ്പത്തി തിരികെ ലഭിച്ചത്. വലുപ്പമുള്ള തേക്കുതടി യന്ത്രവാൾ ഉപയോഗിച്ചു അറക്കുന്നതിനിടെയാണ് അപകടം ഉണ്ടായത്. തടി തള്ളി യന്ത്രവാളിലേക്കു കയറ്റിവിടുന്നതിനിടെ ഇടതുകൈ അബദ്ധത്തിൽ തടിയിൽനിന്നു തെന്നി യന്ത്രവാളിലേക്കു കയറുകയായിരുന്നു. കൈപ്പത്തിയുടെ താഴെഭാഗത്തുവച്ച് മുറിഞ്ഞ അസ്ഥികൾ പൂർണമായി വേർപെട്ടു. തൊലിയുടെ അഗ്രഭാഗത്ത് തൂങ്ങിക്കിടക്കുന്ന നിലയിലായിരുന്നു ഇടത് കൈപ്പത്തി. ഉടൻതന്നെ ഇദ്ദേഹത്തെ മാർ സ്ലീവാ മെഡിസിറ്റിയിലെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചു. എമർജൻസി മെഡിസിൻ കൺസൾട്ടന്റ് ഡോ. ശ്രീജിത്ത് ആർ. നായരുടെ നേതൃത്വത്തിൽ അടിയന്തരപരിശോധന നടത്തിയശേഷം വേർപെട്ട നിലയിലായിരുന്ന കൈപ്പത്തി കൂട്ടിച്ചേർക്കുന്നതിനുള്ള മൈക്രോവാസ്കുലർ ശസ്ത്രക്രിയ ഉടൻ തീരുമാനിച്ചു. പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് സർജറി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. അശ്വതി ചന്ദ്രൻ, ഓർത്തോപീഡിക്സ് വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. റിക്കി രാജ് അനസ്തേഷ്യോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സേവ്യർ ജോൺ, ഡോ. റോണി മാത്യു എന്നിവരുടെ നേതൃത്വത്തിൽ ഏഴു മണിക്കൂർ നീണ്ട സങ്കീർണമായ ശസ്ത്രക്രിയയിലൂടെ കൈപ്പത്തി പൂർവ്വസ്ഥിതിയിലാക്കി.

**ഹൃദ്രോഗപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു**

മേയ്ദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ

സർവ്വീസ് സെന്ററിൽ സൗജന്യ ഹൃദ്രോഗപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ബിഎംഎസ് മേഖല സെക്രട്ടറി ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. വിദഗ്ദ ഡോക്ടർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ താലോലം പരിപാടി നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ്, നിയോനറ്റോളജി വിഭാഗങ്ങളുടെ നേതൃത്വത്തിൽ താലോലം-മാതൃത്വത്തിന്റെ മനോഹാരിത എന്ന പേരിൽ ഗർഭകാലപരിചരണബോധവത്കരണപരിപാടി നടത്തി. പങ്കെടുത്ത ദമ്പതികൾക്കായി വിവിധ മത്സരങ്ങളും സമ്മാനദാനവും നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് എയർകൊമഡോർ ഡോ. പോളിൻ ബാബു, ഓപ്പറേഷൻസ് വിഭാഗം എ.ജി.എം. ഡോ. രശ്മി നായർ എന്നിവർ പ്രസംഗിച്ചു. ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ടി. ഗീത, പീഡിയാട്രിക്സ് സീനിയർ കൺസൾട്ടന്റുമാരായ ഡോ. ജിസ് തോമസ്, ഡോ. സിസ്റ്റർ ജ്യോതിസ് ജെയിംസ്, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. അനിറ്റ ആൻ സൈമൺ, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. ശാരി കെ. രാജു, നിയോനറ്റോളജി കൺസൾട്ടന്റ് ഡോ. അനിൽ നാരായണൻ, ചീഫ് ഡയറ്റീഷ്യൻ ജിജിനു ജെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടികൾ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയും എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത സോൺ ഡിയുമായി സഹകരിച്ച് മൂലമറ്റം സെന്റ് ജോർജ് ഫൊറോന ചർച്ചിൽ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി. കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാം പരിശീലനത്തിനു നേതൃത്വം നൽകി.

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. അംഗങ്ങൾക്കായി കളത്തൂക്കടവ് സെന്റ് ജോൺ വിയാനി ചർച്ചിൽ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പൂഞ്ഞാർ മാതൃവേദി യൂണിറ്റ്, മേഖല എന്നിവയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് പൂഞ്ഞാർ സെന്റ് മേരീസ് സൺഡേ സ്കൂൾ ഹാളിൽ നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളി വികാരി റവ. ഫാ. മാത്യു കടൂക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു.

**കുട്ടികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിലെ ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കുട്ടികളിലെ പഠനവൈകല്യം, പഠനപിന്നാക്കാവസ്ഥ എന്നിവ പരിശോധിക്കുന്നതിനായി സൗജന്യ മെഡിക്കൽ ക്യാമ്പ് മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തി. ചൈൽഡ് ഡവലപ്മെന്റ് സെന്ററിലെ വിദഗ്ധർ പരിശോധനകൾക്കു നേതൃത്വം നൽകി.

**ആരോഗ്യസെമിനാറും മെഡിക്കൽ ക്യാമ്പും രാമപുരത്ത്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽ ഫെയർ സൊസൈറ്റി രാമപുരം മേഖല, സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളി എന്നിവയുമായി സഹകരിച്ച് ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സെമിനാറും മെഡിക്കൽക്യാമ്പും രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ നടത്തി. വികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. കാർഡിയോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. രാംദാസ് നായിക് എച്ച്. നേതൃത്വം നൽകി.

**സൗജന്യ വാതരോഗ പരിശോധന ക്യാമ്പ് അരുവിത്തുറയിൽ**

അരുവിത്തുറ ആർക്കേഡിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ സെന്ററിൽ റുമറ്റോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സൗജന്യ വാതരോഗപരിശോധനാക്യാമ്പ് നടത്തി.

**റവ. ഫാ. തോമസ് മണ്ണൂരിനു യാത്രയയപ്പ് നൽകി**

മാർ സ്ലീവാ മെഡിസിറ്റിയിലെ ചാപ്ലയിൻ ചുമതലയിൽനിന്ന് മാറി പാലാ മാർ അപ്രേം സെമിനാരി റെക്ടർ സ്ഥാനത്തേക്കു നിയമിതനായ റവ. ഫാ. തോമസ് മണ്ണൂരിന് മാർ സ്ലീവാ മെഡിസിറ്റിയിൽ യാത്രയയപ്പു നൽകി.

**ഐ.ടി. ഡയറക്ടറായി റവ. ഡോ. ജോസഫ് കരികുളം ചുമതലയേറ്റു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഐ.ടി ഡയറക്ടറും, ചാപ്ലയിനുമായി റവ. ഡോ. ജോസഫ് കരികുളം ചുമതലയേറ്റു.

**ഒഫ്താൽമോളജിസ്റ്റായി ഡോ. ശ്രീലക്ഷ്മി പ്രശാന്ത് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ഒഫ്താൽമോളജി വിഭാഗത്തിൽ ഒഫ്താൽമോളജിസ്റ്റായി ഡോ. ശ്രീലക്ഷ്മി പ്രശാന്ത് ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

---

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

---

**തീർത്ഥാടനകേന്ദ്രത്തിലേക്കു ഭക്തജനപ്രവാഹം**

മേയ്മാസത്തിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നായി ഇടവകകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ആയിരക്കണക്കിനു അൽഫോൻസാഭക്തർ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുകയും വിവിധ ഭാഷകളിലായി വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**അൽഫോൻസിയൻ ആത്മീയവർഷ ഒരുക്ക മീറ്റിംഗുകൾ**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം 2024-25 വർഷം അൽഫോൻസിയൻ ആത്മീയവർഷമായി ആഘോഷിക്കാൻ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ ഇതിനൊരുക്കമായി സമൂഹത്തിന്റെ വിവിധ തലങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരുടെ മീറ്റിംഗുകൾ മേയ് 4-നും 11-നുമായി നടത്തപ്പെട്ടു. രണ്ടു മീറ്റിംഗുകളിലായി നൂറോളം പേർ പങ്കെടുത്തു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ സഹോദരങ്ങൾക്കുവേണ്ടി മാസത്തിലെ ആദ്യഞായറാഴ്ചകളിൽ നടത്തിവരുന്ന അനുരഞ്ജനശുശ്രൂഷയ്ക്കും വിശുദ്ധ കുർബാനയ്ക്കും മേയ് 5 ന് ബഹു. ബാബു കാക്കാനിയിലച്ചൻ നേതൃത്വം നല്കി.

**സ്ലീവ - അൽഫോൻസിയൻ ആത്മീയവർഷം ഉദ്ഘാടനം**

ഭാരതത്തിന്റെ പ്രഥമവിശുദ്ധ വി. അൽഫോൻസാമ്മയുടെ കബറിടദൈവാലയം 2024-25 വർഷം സ്ലീവാ എന്ന പേരിൽ അൽഫോൻസിയൻ ആത്മീയവർഷമായി ആഘോഷിക്കുന്നു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം പന്തക്കുസ്താദിനമായ മേയ് 19-ന് രാവിലെ 6 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം പാലാരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. അൽഫോൻസിയൻ ആത്മീയവർഷത്തിന്റെ ലോഗോ റായ്പൂർ അതിരൂപതാ മുൻ ആർച്ചുബിഷപ് മോസ്റ്റ് റവ. ജോസഫ് അഗസ്റ്റിൻ ചരണകുന്നേൽ, പാലാ രൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിലിനു നല്കി പ്രകാശനം ചെയ്തു. തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ സ്വാഗതവും ആമുഖസന്ദേശവും നല്കി. പാലാ രൂപതാ ചാൻസലർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ രൂപതാ പ്രൊക്യുറേറ്റർ റവ. ഡോ. ജോസഫ് മുത്തനാട്ട്, ഭരണങ്ങാനം ഫൊറോന വികാരി റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട്, അസ്സീസി ആശ്രമം സുപ്പീരിയർ റവ. ഫാ. മാർട്ടിൻ മാന്നാത്ത്, എഫ്.സി.സി. ഭരണങ്ങാനം പ്രൊവിൻസ് പ്രൊവിൻഷ്യാൾ സുപ്പീരിയർ റവ. സി. ജസ്സിമരിയ ഓലിക്കൽ എന്നിവരും, സന്നിഹിതരായിരുന്നു.

**ആദ്യാക്ഷരം കുറിയ്ക്കൽ**

അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ വർഷവും നടത്തിവരുന്ന ആദ്യാക്ഷരം കുറിയ്ക്കൽ മേയ് 19 പന്തക്കുസ്താത്തിരുനാൾദിവസം നടത്തി. രാവിലെ 7.30 ന് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് കുട്ടികൾക്ക് ആദ്യാക്ഷരം കുറിച്ചു. റായ്പൂർ അതിരൂപതാ മുൻ ആർച്ചുബിഷപ് മോസ്റ്റ് റവ. ജോസഫ് അഗസ്റ്റിൻ ചരണകുന്നേൽ ചടങ്ങിൽ സന്നിഹിതനായിരുന്നു. പാലാരൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിൽ, രൂപതാ ചാൻസലർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, രൂപതാപ്രൊക്യുറേറ്റർ റവ. ഡോ. ജോസഫ് മുത്തനാട്ട്, ഭരണങ്ങാനം ഫൊറോന വികാരി റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട്, അസ്സീസ്സി ആശ്രമം സുപ്പീരിയർ റവ. ഫാ. മാർട്ടിൻ മാന്നാത്ത്എന്നിവരും കുട്ടികൾക്ക് ആദ്യാക്ഷരം കുറിച്ചു.

**അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ അൽഫോൻസാമാർ ഒത്തുചേർന്നു**

അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ അൽഫോൻസാ നാമധാരികളുടെ സ്നേഹക്കൂട്ടായ്മ മേയ് 25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നടത്തി. സ്ലീവ - അൽഫോൻസിയൻ ആത്മീയവർഷാചരണത്തിന്റെ ഭാഗമായാണ് അൽഫോൻസാമ്മയെ സ്വർഗ്ഗീയമദ്ധ്യസ്ഥയായി സ്വീകരിച്ചിരിക്കുന്ന വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും ഒത്തുചേരൽ സംഘടിപ്പിച്ചത്. വ്യക്തികളും കുടുംബങ്ങളും ആത്മസംഘർഷങ്ങളിലൂടെ കടന്നുപോകുമ്പോൾ അൽഫോൻസാമ്മ

സ്നേഹപൂർവ്വമായ സഹിഷ്ണുതയുടെയും ആത്മസംയമനത്തിന്റെയും മാതൃക നല്കുന്നു. അൽഫോൻസാനാമധാരികളെയും അവരുടെ കുടുംബങ്ങളെയും പ്രത്യേകമായി വി. അൽഫോൻസാമ്മയ്ക്കു സമർപ്പിച്ച് പ്രാർത്ഥനയും ഉണ്ടായിരുന്നു. പാലാരൂപത മുഖ്യ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി.

**രാത്രിയാരാധന**

മേയ് 25 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ആഭിമുഖ്യത്തിൽ രാത്രി ആരാധന നടത്തി. വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന പിറ്റേദിവസം രാവിലെ 4 മണിക്ക് വിശുദ്ധ കുർബാനയോടെ സമാപിച്ചു. വചനശുശ്രൂഷയ്ക്ക് ബ്ര. തോമസ് കുമളി നേതൃത്വം നല്കി.

**ജപമാല മെഴുകുതിരിപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 5 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തിവരുന്ന ജപമാല മെഴുകുതിരി പ്രദക്ഷിണത്തിന് മേയ് 4 ന് പയസ്മൗണ്ട്, മേയ് 11 ന് പ്രവിത്താനം, മേയ് 25 ന് കരൂർ എന്നീ ഇടവകകൾ നേതൃത്വം നല്കി.

ജൂൺ മാസത്തിൽ ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നല്കുന്ന ഇടവകകൾ

ജൂൺ 1 - പാദുവ
ജൂൺ 8 - പയ്യാനിത്തോട്ടം
ജൂൺ 15 - നരിയങ്ങാനം

**കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത ബിഷപ്)
മോസ്റ്റ് റവ. ഡോ. ജോസഫ് അഗസ്റ്റിൻ ചരണകുന്നേൽ
(റായ്പൂർ അതിരൂപത മുൻ ആർച്ചുബിഷപ്)
മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ രൂപത)
മാർ ജോസഫ് കൊല്ലംപറമ്പിൽ (ജഗദൽപൂർ രൂപത)
റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ (റെക്ടർ)

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**പുതിയ വിശ്വാസപരിശീലനവർഷാരംഭം 2024-2025**

പന്തക്കുസ്താത്തിരുനാൾദിനത്തിൽ (2024 ജൂൺ 2 ഞായർ) പുതിയ വിശ്വാസപരിശീലനവർഷം (2024-2025) ആരംഭിച്ചു. ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ പ്രവേശനവും ഇതര കുട്ടികളുടെ ക്ലാസ് കയറ്റവും ഇതരവർഷാരംഭ പ്രവർത്തനങ്ങളും എല്ലാ ഇടവകകളിലും നടന്നു.

**പ്രഥമാധ്യാപകസമ്മേളനം**

2024-25 അധ്യയനവർഷത്തെ പ്രഥമാദ്ധ്യാപകരുടെ സമ്മേളനം ജൂൺ 1-ാം തീയതി ശനിയാഴ്ച പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ

വച്ചു നടന്നു. പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. പ്രോട്ടോ സിഞ്ചലൂസ് മോൺ. ജോസഫ് തടത്തിൽ ക്ലാസ്സുകൾ നയിച്ചു.

**സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലനം**

പുതിയ അദ്ധ്യയനവർഷത്തിൽ (2024-2025) ഇതര പാഠ്യവിഷയങ്ങളോടൊപ്പം നല്കേണ്ട മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി നടത്തപ്പെട്ടു. 2024 ജൂൺ 20-ാം തീയതിമുതൽ എല്ലാ സ്കൂളുകളിലുംതന്നെ മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾ ആരംഭിക്കും.

**പ്രഥമാധ്യാപകസമ്മേളനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2024 ജൂൺ 6-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയുള്ള സമയത്ത് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് വച്ചു നടത്തുന്നതാണ്.

**CTP കോഴ്സ് 2024-2025**

2024-2025 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സ് ജൂൺ 8 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ ആരംഭിക്കുന്നതാണ്.

**പ്രതിഭാസംഗമം**

മേയ് 16, 17, 18 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സഭാതലപ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ജൊഹാൻ ജോസഫ് മംഗലത്തുകരോട്ട് കാളികാവ്, ദിയ ഡേവിസ് കല്ലറയ്ക്കൽ കാവുംകണ്ടം, ജോ ആനി സജി ഇളമ്പാശ്ശേരിയിൽ മുട്ടുചിറ, എവിൻ ജോസ് പാട്ടത്തിൽ സേവിയർപുരം എന്നിവർ പങ്കെടുത്തു.

**ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം**

2024 മേയ് 27 ന് കാക്കനാട് മൗണ്ട് സെന്റ്തോമസിൽ നടന്ന പതിനൊന്നാം ക്ലാസ്സിലെ ടീച്ചേഴ്സിന് ട്രെയിനിങ് പ്രോഗ്രാമിൽ പാലാ രൂപതയിൽ നിന്ന് ജോസുകുട്ടി ഇലവനാൽ തൊടുകയിൽ പങ്കെടുത്തു.

**ഡയറക്ടേഴ്സ് മീറ്റിങ്**

2024 മേയ് 2 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പാലാ രൂപതയെ പ്രധിനിധീകരിച്ച് വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ പങ്കെടുത്തു.

**സേ പരീക്ഷ**

2023-24 വർഷത്തെ വാർഷികപ്പരീക്ഷയിൽ വിജയിക്കാത്തവർക്കും ന്യായമായ കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കുമായി 2024 മേയ് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത് സേ പരീക്ഷ നടത്തി.

**ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം**

2024 മേയ് 27 ന് കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന അധ്യാപകസമ്മേളനത്തിൽ 15 സൺഡേ സ്കൂളുകളിൽനിന്നായി നൂറ്റമ്പ

ത്തഞ്ചോളം അധ്യാപകർ പങ്കെടുത്തു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ്സുകൾ നയിച്ചു.

**ANGEL'S MEET നടത്തപ്പെട്ടു**

തീക്കോയി ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടന്ന ഏഞ്ചൽസ് മീറ്റിൽ തീക്കോയി ഫൊറോനയുടെ കീഴിലുള്ള എട്ടു പള്ളികളിൽനിന്ന് ഈ വർഷം പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികൾ പങ്കെടുത്തു. പാലാ രൂപത വികാരി ജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫൊറോന രക്ഷാധികാരി റവ. ഫാ. തോമസ് മേനാച്ചേരി, ഫൊറോന ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ എന്നിവർ പങ്കെടുത്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. വൈദികരുടെ മാസധ്യാനം**

മേയ്മാസത്തിലെ വൈദികരുടെ മാസധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ഫാ. ജിനോ ഇഞ്ചപ്ലാക്കൽ സന്ദേശം നൽകി.

**2. വചനമെഴുത്തുമത്സരം**

മരിയൻ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ റീജണിലെ എല്ലാ ഇടവകകളിലും വചനമെഴുത്തുമത്സരം നടത്തപ്പെട്ടു.

**3. മാതൃദിനം**

റീജണിലെ എല്ലാ ഇടവകകളിലും മാതൃദിനം ആചരിച്ചു. യുവജനങ്ങൾ മാതൃദിനാചരണത്തിനു നേതൃത്വം നൽകി.

**4. യാത്രയയപ്പ്**

മൂന്നുവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ചികിത്സാർത്ഥം നാട്ടിലേക്കു സ്ഥലംമാറിപ്പോകുന്ന റവ. മാത്യു കോലത്തിന് അഹമ്മദാബാദ് സോണിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പു നൽകി.

**5. സ്വാഗതം**

ഗുജറാത്ത് മിഷനിൽ ശുശ്രൂഷകൾക്കായി പുതുതായി കടന്നുവന്ന റവ. ഫാ. ജോസഫ് ആറ്റുചാലിലിനെ അഹമ്മദാബാദ് സോണിലെ വൈദികർ ഒന്നു ചേർന്ന് സ്വീകരിച്ചു.

**ഫാ. ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ് യോഗം**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഏപ്രിൽ മാസത്തെ എക്സിക്യൂട്ടീവ് യോഗം മേയ് മാസം അഞ്ചാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ

റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നല്കി. യോഗം മാർച്ച് മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**കുഞ്ഞുമിഷണറി മാസിക**

മാർച്ചുമാസത്തിലെ കുഞ്ഞുമിഷണറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻ ലീഗിന്റെയും വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലേക്ക് എത്തിച്ചു.

**സെക്രട്ടറിയേറ്റ് മീറ്റിങ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ മേയ് മാസത്തിലെ സെക്രട്ടറിയേറ്റ് മീറ്റിംഗ് 2024 മേയ് നാലാം തീയതി ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വെച്ച് നടന്നു.

**മേഖലാവാർത്തകൾ**

**ഇലഞ്ഞിമേഖല**

ഇലഞ്ഞിമേഖല സീനിയേഴ്സ് ക്യാമ്പ് മേയ് മാസം 17,18 തീയതികളിൽ ഇലഞ്ഞി ഫൊറോന ദൈവാലയത്തിൽവച്ച് നടന്നു. മേഖലാരക്ഷാധികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് ആലാനിക്കൽ മേഖലാഭാരവാഹികൾ എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

## LUMENZ – JUNIORS CAMP

അഞ്ചുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽവച്ച് മേയ് 14,15,16 തീയതികളിലായി ക്യാമ്പ് നടത്തപ്പെട്ടു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സമാപനസമ്മേളനത്തിൽ ഫാ. ജോസഫ് അരിമറ്റത്തിൽ കുട്ടികൾക്ക് സന്ദേശം നൽകി. 96 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

മേയ് 28 ചൊവ്വാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ടീച്ചേഴ്സ് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 2024-25 വർഷം സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. ഓരോ വോട്ടും വിലപ്പെട്ടതാണ്**

വോട്ടിന്റെ പ്രാധാന്യം അറിയിച്ചുകൊണ്ട് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സന്ദേശം പ്രസിദ്ധീകരിച്ചു.

**2. എസ്.എം.വൈ.എം പാലാ രൂപതയുടെ പ്രവർത്തനവർഷഡയറി 2024 പ്രകാശനം ചെയ്തു.**

എസ്.എം.വൈ.എം. പാലാ രൂപതയുടെ 2024 ലെ പ്രവർത്തനവർഷ ഡയറി പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രകാശനം ചെയ്തു.

**3. "ORO" 'OUR RHYTHM ON' സുവർണ്ണജൂബിലി സമാപനപ്രഖ്യാപനം**

യുവജനപ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി സമാപനാഘോഷങ്ങളുടെ ഔദ്യോഗിക പേര് "ORO" ('OUR RHYTHM ON') അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രകാശനം ചെയ്തു.

**4. ഇടയനോടൊപ്പം**

എസ്.എം.വൈ.എം. രൂപതാസമിതിയംഗങ്ങൾ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം ചർച്ചകൾ നടത്തുകയും അനുഗ്രഹം വാങ്ങുകയും ചെയ്തു.

**5. വലിയ ഇടയനോടൊപ്പം**

യുവജനപ്രസ്ഥാനത്തിന്റെ സ്ഥാപകനും പ്രഥമ ഡയറക്ടറുമായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ സന്ദർശിക്കുകയും 2024 ലെ പ്രവർത്തനവർഷസമിതിയംഗങ്ങൾ, ചർച്ചകൾ നടത്തുകയും അനുഗ്രഹം വാങ്ങുകയും ചെയ്തു.

**6. ഫുട്ബോൾ ടൂർണ്ണമെന്റ്**

2024 പ്രവർത്തനവർഷത്തെ നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ 6's Turf ഫുട്ബോൾ ടൂർണ്ണമെന്റ് 'THE ARENA 2K24' മുട്ടുചിറ ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. അറുപതിലധികം ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

ഒന്നാംസമ്മാനം സേവ്യർപുരം യൂണിറ്റും രണ്ടാംസമ്മാനം കാഞ്ഞിരത്താനം യൂണിറ്റും മൂന്നാംസമ്മാനം ഇലഞ്ഞി യൂണിറ്റും നാലാംസമ്മാനം വെള്ളിയാമറ്റം യൂണിറ്റും കരസ്ഥമാക്കി.

**7. INSIGT 2024 കരിയർ ഗൈഡൻസ്**

സോൺ എയുടെ നേതൃത്വത്തിൽ പാലാ, ചേർപ്പുങ്കൽ, രാമപുരം, ഭരണങ്ങാനം ഫൊറോനകളുടെ സഹകരണത്തോടെ കരിയർ ഗൈഡൻസ് ക്ലാസ് എസ്.എം. വൈ.എം. പൈക യൂണിറ്റിൽവച്ചു നടത്തപ്പെട്ടു.

**8. സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ്**

2023 പ്രവർത്തനവർഷത്തെ രൂപതാഭാരവാഹികളോടൊപ്പം 2024 പ്രവർത്തന വർഷത്തെ രൂപതാഭാരവാഹികൾ ഒത്തുചേർന്ന് സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**9. നന്ദിപൂർവ്വം**

2023-24 പ്രവർത്തനവർഷത്തെ രൂപത ബ്രദർ റീജന്റുമാരായി പ്രവർത്തിച്ച ബ്ര. ജോർജ് പൊട്ടനാനിയിൽ, ബ്ര. ജോർജ് ഇടയോടിയിൽ എന്നിവരെ ആദരിച്ചു.

**10. പ്രാർത്ഥനാശംസകൾ**

മേൽപ്പട്ടശുശ്രൂഷയുടെ 20 വർഷങ്ങൾ പൂർത്തിയാക്കിയ പാലാ രൂപതയുടെ അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് എസ്.എം.വൈ.എം കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ അറിയിച്ചു.

**11. കരിയർ ഗൈഡൻസ് രണ്ടാംഘട്ടം**

സോൺ ഡി യുടെ ആഭിമുഖ്യത്തിൽ മൂലമറ്റം, തുടങ്ങനാട്, പ്രവിത്താനം, കടനാട് ഫൊറോനകളുടെ സഹകരണത്തോടെ മൂലമറ്റം യൂണിറ്റിൽവച്ച് കരിയർ ഗൈഡൻസ് ക്ലാസ് നടത്തപ്പെട്ടു.

**12. ടാസ്ക് ഫോഴ്സ് : പരിശീലനം**

Basic Life Support Training Program എന്ന പേരിൽ മാർ സ്ലീവാ മെഡിസിറ്റി യുടെ സഹകരണത്തോടെ യുവജനങ്ങൾക്കായി ടാക്സ് ഫോഴ്സ് ട്രെയിനിങ് നടത്തപ്പെട്ടു.

**13. വിനോദയാത്ര**

2024 പ്രവർത്തനവർഷത്തെ സമിതി ഒരു ദിവസം ഒരുമിച്ചുകൂടുകയും വിനോദയാത്ര നടത്തുകയും ചെയ്തു.

**14. സ്നേഹഭവനം : പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.**

2024 പ്രവർത്തനവർഷത്തിൽ യുവജനവർഷത്തോടനുബന്ധിച്ച് പാലാ രൂപത നിർമ്മിക്കുന്ന സ്നേഹഭവനത്തിന്റെ കട്ടിളവെപ്പ് നടത്തി.

**15. ആശംസകൾ അറിയിച്ചു**

പാലാ യുവജനപ്രസ്ഥാനത്തിന്റെ ബ്രദർ റീജന്റുമാരായി പ്രവർത്തിച്ച് പൗരോഹിത്യവസ്ത്രം സ്വീകരിച്ച പ്രിയ ബഹുമാനപ്പെട്ട ബ്രദേഴ്സിനെ സന്ദർശിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

**16. അഭിനന്ദനങ്ങൾ നേർന്നു.**

എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയികളായ എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ അറിയിച്ചു. അതോടൊപ്പം തുടർച്ചയായി മൂന്നാംവർഷവും ഏറ്റവും കൂടുതൽ വിജയശതമാനമുള്ള പാലാ വിദ്യാഭ്യാസജില്ലയ്ക്കും അഭിനന്ദനങ്ങൾ നേരുന്നു.

**17. സ്പോർട്സ് മീറ്റ്**

യുവജനപ്രസ്ഥാനത്തിന്റെ ഔദ്യോഗിക സ്പോർട്സ് മീറ്റ് രാമപുരം ഫൊറോനയുടെയും രാമപുരം യൂണിറ്റിന്റെയും സഹകരണത്തോടെ നടത്തി. എന്നാൽ, കാലാവസ്ഥ പ്രതികൂലമായിരുന്നതിനാൽ മത്സരങ്ങൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

**18.** കത്തോലിക്ക കോൺഗ്രസിന്റെ 106-ാം ജന്മവാർഷികാഘോഷത്തിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെപിന്തുണയും സാന്നിധ്യവും അറിയിച്ചു.

**19. യുവജനവർഷധ്യാനം 'തെഷുവ' നടത്തപ്പെട്ടു.**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ യുവജനവർഷാഘോഷങ്ങളുടെ ഭാഗമായി യുവജനധ്യാനം മേയ് 14,15,16 തീയതികളിൽ താബോർ കൊടുമ്പിടിയിൽ വച്ച് റവ.ഫാ. ആന്റണി തറേക്കടവിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

പാലാ രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**20. കരിയർ ഗൈഡൻസ് മൂന്നാംഘട്ടം**

സോൺ ബി യുടെ ആഭിമുഖ്യത്തിൽ അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ കൂട്ടിക്കൽ ഫൊറോനകളുടെ സഹകരണത്തോടെ കളത്തുകടവ് യൂണിറ്റിൽ വെച്ച് കരിയർ ഗൈഡൻസ് ക്ലാസ് നടത്തപ്പെട്ടു.

**21. YATP 2-ാം ഘട്ടം**

യൂത്ത് ആനിമേറ്റസ് ട്രെയിനിങ് പ്രോഗ്രാമിന്റെ രണ്ടാമത്തെ സെഷൻ കുറവിലങ്ങാട് ഫൊറോനയിൽ രത്നഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തി. സഭാചരിത്രം, സുറിയാനിപഠനം എന്നിങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് യുവജനങ്ങൾക്കു നൽകി.

**22. സുവർണ്ണജൂബിലിസമാപന വിളംബരറാലി**

സോൺ സി യുടെ ആഭിമുഖ്യത്തിൽ കുറവിലങ്ങാട്, കോതനല്ലൂർ, ഇലഞ്ഞി, മുട്ടുചിറ, കടുത്തുരുത്തി ഫൊറോനാകളുടെ സഹകരണത്തോടെ മുട്ടുചിറയിൽനിന്ന് കടുത്തുരുത്തിയിലേക്കു സുവർണ്ണ ജൂബിലിസമാപന വിളംബരറാലി നടത്തി. മുട്ടുചിറ വികാരി റവ. ഫാ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ റാലി ഉദ്ഘാടനം ചെയ്തു. കടുത്തുരുത്തി പള്ളി വികാരി റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ സമാപനവേദിയിൽ അധ്യക്ഷപദം അലങ്കരിച്ചു.

**23. രൂപത ഡയറക്ടറി വിതരണം**

2024 പ്രവർത്തനവർഷത്തെ രൂപത ഡയറക്ടറി വിതരണം നടന്നുവരുന്നു.

**24. കൺസൾട്ടിംഗ് കമ്മറ്റി മീറ്റിംഗ്**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ കൺസൾട്ടിംഗ് കമ്മിറ്റിയുടെ പ്രഥമ മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു.

**25. എക്സിക്യൂട്ടീവ് മീറ്റിംഗ്**

പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുവാനും കഴിഞ്ഞുപോയ പ്രവർത്തനങ്ങളെ വിലയിരുത്തുവാനുമായി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**26. യാത്രാമംഗളങ്ങൾ**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ബ്രദർ റീജന്റായി സേവനമനുഷ്ഠിച്ച സ്ഥലം മാറിപ്പോകുന്ന ബ്രദർ ജോസഫ് തുരുത്തേലിനു യാത്രയയപ്പു നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**പുനഃസമർപ്പണദിനം പാലാ**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പന്തക്കുസ്താദിനം മേയ് 19 ന് പാലാ ലാളം പുത്തൻ പള്ളിയിൽ വച്ച് സമർപ്പണ/പുനഃസമർപ്പണദിനം നടത്തപ്പെട്ടു. രാവിലെ 9.30 ന് വിശുദ്ധ കുർബാനയോടെ ആരംഭിക്കുകയും തുടർന്ന് വിവിധ ഭാഗങ്ങളിലുള്ള പല പ്രായത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ എല്ലാവരും

ഒന്നുചേർന്ന് ജീസസ് യൂത്ത് പാലാ ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിലിന്റെ നേതൃത്വത്തിൽ പുനഃസമർപ്പണം നടത്തുകയും ചെയ്തു. ജീസസ് യൂത്ത് പാലാ ആനിമേറ്റർ സിസ്റ്റർ ലിസ്മരിയ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, ഓസ്ട്രേലിയ കൗൺസിൽ ആനിമേറ്റർ ഫാ. ടോം പണ്ടിയപ്പള്ളിൽ എന്നിവരും പുനഃസമർപ്പണ ദിനത്തിൽ പങ്കുചേർന്നു.

**പന്തക്കുസ്ത ഒരുക്ക ആരാധന**

ജീസസ് യൂത്ത് പുനഃസമർപ്പണദിവസത്തിന്റെ ഒരുക്കമായി മേയ് 5 ഉച്ച കഴിഞ്ഞ് 2 മണി മുതൽ 5 മണിവരെ പാലാ ലാളം പുത്തൻപള്ളിയിൽവച്ച് ആരാധന നടത്തപ്പെട്ടു. എല്ലാ നിയോഗങ്ങളും ദൈവസന്നിധിയിൽ വിട്ടുകൊടുത്ത് പ്രാർത്ഥിച്ച് ഒരുങ്ങുവാൻ സാധിച്ചു. ജീസസ് യൂത്ത് പുനഃസമർപ്പണത്തിന്റെ ബോധ്യങ്ങളിൽ ആഴപ്പെടാൻ സഹായിക്കുന്നതിനായി അനുദിനപ്രാർത്ഥന, 6 സ്തൂപങ്ങൾ, ഫോർമേഷൻ, ഹൗസ്ഹോൾഡ് എന്നിവയെ ആസ്പദമാക്കി അനുഭവങ്ങൾ വീഡിയോ രൂപത്തിലാക്കി പുറത്തിറക്കി.

**Aviv**

പൈക ജ്യോതി പബ്ലിക് സ്കൂളിൽ വച്ച് നടന്ന ബ്ലൂമിങ് റോസസിന്റെയും കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് നടന്ന സ്റ്റെപ്പ് വണ്ണിന്റെയും തുടർപ്രോഗ്രാമായി കിഴതടിയൂർ സെന്റ് ജോസഫ്സ് ദൈവാലയം പാരിഷ് ഹാളിൽ വച്ച് AVIV എന്ന പ്രോഗ്രാം 2024 മേയ് 18-ാം തീയതി നടത്തപ്പെട്ടു.

പാലായിലെ വിവിധ ഭാഗങ്ങളിൽനിന്നായി 50 വിദ്യാർത്ഥികൾ പ്രോഗ്രാമിൽ പങ്കെടുത്തു. പാലാ സെന്റ് തോമസ് കോളേജിലെ അധ്യാപകനായ ഫാ. മാത്യു കുമ്പിളുങ്കൽ ക്ലാസുകൾ നയിച്ചു.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾ കുട്ടികളുടെ ദൈവാനുഭവം പങ്കുവെക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ഔട്ട്റീച്ച് പ്രോഗ്രാം**

അരുവിത്തുറ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ മൂന്നാറിലേക്ക് ഒരു വിനോദയാത്ര നടത്തപ്പെട്ടു. 2024 മേയ് 6 ന് രാവിലെ നാലുമണിക്ക് ഫാ. ഫ്രാൻസിസ് മാട്ടേലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബാനയോടെയാണ് വിനോദയാത്ര ആരംഭിച്ചത്. അമ്പതോളം കുട്ടികളും യുവജനങ്ങളും ഒന്നുചേർന്ന വിനോദയാത്ര ഏറെ ഹൃദ്യവും മനോഹരമായിരുന്നു.

**നൈറ്റ് വിജിൽ**

2024 മേയ് 3 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻ പള്ളിയിൽവച്ച് വൈകുന്നേരം ഏഴരമുതൽ ഏപ്രിൽ 6 രാവിലെ 6 മണിവരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നു ചേർന്നു പ്രാർത്ഥിച്ചു.

**ഏകദിനപ്രോഗ്രാം**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ മണിയംകുളം ഇടവകയിൽ 2024 മേയ് 15ന് ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. നാല്പതിലതികം കുഞ്ഞുങ്ങളും യുവജനങ്ങളും ഒന്നുചേർന്ന ഈ പ്രോഗ്രാമിൽ ദൈവസ്നേഹം ആഴത്തിൽ

അനുഭവിക്കുവാനും ക്രിസ്തുവിന്റെകൂടെ ആയിരിക്കുവാനും ഇടവകയിലെ കുഞ്ഞുങ്ങൾക്കു കഴിഞ്ഞു. ഇടവകവികാരിയുടെ നേതൃത്വത്തിൽ നടന്ന ഈ പ്രോഗ്രാമിൽ കുമ്പസാരവും ഉണ്ടായിരുന്നു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാ ദിവസവും വൈകുന്നേരം 8:30 ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ചു നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ് ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാനും സാധിച്ച മണിക്കൂറുകളായിരുന്നു കടന്നുപോയത്.

**സ്റ്റെപ്പ് വൺ**

കേരള ടീൻസ് ടീമിന്റെ നേതൃത്വത്തിൽ കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിൽവച്ച് എട്ടാം ക്ലാസിൽനിന്ന് ഒമ്പതാം ക്ലാസിലേക്കു പഠനം ആരംഭിക്കുന്ന വിദ്യാർത്ഥികൾക്കായി സ്റ്റെപ്പ് വൺ എന്ന പ്രോഗ്രാം നടത്തപ്പെട്ടു. പാലാ സോണിൽനിന്ന് അറുപതോളം വിദ്യാർഥികളും 30 വോളണ്ടിയേഴ്സും ഈ പ്രോഗ്രാമിൽ പങ്കെടുത്തു. പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ പാലായിലുള്ള വിദ്യാർത്ഥികളെ ഒന്നിച്ച് ഒരു ബസ്സിനാണ് കൊണ്ടുപോയത്. പാലാ ജീസസ് യൂത്ത് ആനിമേറ്റർ സിസ്റ്റർ ലിസ് മരിയായും മുഴുവൻ സമയവും പ്രോഗ്രാമിൽ ഉണ്ടായിരുന്നു.

**കോർ ടീം**

2024-25 അധ്യയനവർഷത്തെ ചൂണ്ടച്ചേരി സെന്റ് ജോസഫ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിലെ ജീസസ് യൂത്ത് കോർ ടീം നിലവിൽ വന്നു. ജോഫിൻ ജോണി കോഓർഡിനേറ്ററായും നമിത കെ. കോശി അസിസ്റ്റന്റ് കോ ഓർഡിനേറ്ററായും ലിജോ പോൾ ടീം ആനിമേറ്ററായും നിലവിൽ വന്നു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** 8/5/2024 രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നു. മികച്ച പ്രവർത്തനങ്ങൾ നടത്തിയ ഇടവകകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്തു.

**2.** 13/5/2024 രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ടു കുടുംബക്കൂട്ടായ്മവഴി നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾക്കു രൂപരേഖ നൽകി.

**3.** 15/5/20024 രൂപത കൗൺസിൽ യോഗം ചേർന്നു. മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ഇടവകകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിച്ചു. പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ടു നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**4.** 22/5/2024 രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും രൂപത കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം യോഗവും സംയുക്തമായി ചേർന്നു പ്രവർത്തനവർഷം നടത്തേണ്ട സെമിനാറുകൾക്കും ക്ലാസുകൾക്കും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി.

**5.** ഈ പ്രവർത്തനവർഷം മുതൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ഫൊറോനാകളെ തിരഞ്ഞെടുക്കാനും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കു സമ്മാനങ്ങൾ നൽകാനും തീരുമാനിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**മേയ് 10-12, 24-26** തീയതികളിലെ വിവാഹ ഒരുക്കസെമിനാറിൽ 247 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂൺ 7-9, 17-19, ജൂലൈ 01—03, 29-31** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മേയ് മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ പ്രൊഫ. റ്റി.സി. തങ്കച്ചൻ ക്ലാസ്സെടുത്തു. 412 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. ആലോചനയോഗം**

മേയ് 25-ാം തീയതി 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ചൂണ്ടച്ചേരിയിൽ ജൂൺ മാസം 8-ാം തീയതി നടക്കുന്ന കുടുംബസംഗമത്തിന്റെ ഒരു ആലോചനയോഗം പിതൃവേദി, മാതൃവേദി, പ്രോലൈഫ് സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ടു.

## B. പിതൃവേദി

**1. പ്രവർത്തനവർഷ ഉദ്ഘാടനം**

മേയ് 1-ാം തീയതി ഉച്ചകഴിഞ്ഞ് 3.30ന് പിതൃവേദി കടനാട് മേഖലയുടെ പ്രവർത്തനവർഷോദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു സന്ദേശം നൽകി.

**2. യൂണിറ്റ് ഉദ്ഘാടനം**

മേയ് 4-ാം തീയതി കാഞ്ഞിരമറ്റം ഇടവകയിൽ ആരംഭിച്ച പിതൃവേദി യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ച്, സംസാരിച്ചു.

**3. എക്സിക്യൂട്ടീവ് മീറ്റിങ്**

മേയ് 14-ാം തീയതി രാവിലെ 9.30 ന് ഷലോം പാസ്റ്ററൽ സെന്റിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**4. രൂപതാസമിതി**

മേയ് 18-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു.

**5. പ്രവർത്തനവർഷോദ്ഘാടനം**

മേയ് 19-ാം തീയതി രാവിലെ 10.45 ന് മൂലമറ്റം മേഖല പിതൃവേദിയുടെ പ്രവർത്തനവർഷോദ്ഘാടനം രൂപത ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. മേഖലാരക്ഷാധികാരി ഫാ. കുര്യൻ കാലായിൽ സമ്മേളനത്തിനു അദ്ധ്യക്ഷത വഹിച്ചു.

**C. മാതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

മേയ് 7-ാം തീയതി രാവിലെ 10 മണിക്ക് റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചകൾ നടത്തി.

**2. രൂപതാസമിതി**

മേയ് 7-ാം തീയതി രാവിലെ 11.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപതാസമിതി ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 2.30 ന് മാതൃവേദിയുടെ നേതൃത്വത്തിൽ പുതിയതായി രൂപീകരിക്കുന്ന റീസോഴ്സ് ടീമിനുള്ള പരിശീലനപദ്ധതി ബ്രദർ അബ്രഹാം പുതിയാത്ത് ഉദ്ഘാടനം ചെയ്തു. പ്രൊഫ. അലക്സ് കാവുകാട്ട് ക്ലാസ്സ് നയിച്ചു. എല്ലാ ഫൊറോനകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ പങ്കെടുത്തു.

**3. വാർഷികോദ്ഘാടനം**

മേയ് 5-ാം തീയതി രാവിലെ 11.30 ന് വാരിയാനിക്കാട് ഇടവകയിൽ മാതൃവേദിയുടെ വാർഷികം ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**4. കബറിടസന്ദർശനം**

മേയ് 21-ാം തീയതി ധന്യൻ കദളിക്കാട്ടിൽ മത്തായിച്ചന്റെ ഓർമ്മദിനത്തോടനുബന്ധിച്ച് മാതൃവേദി അമ്മമാർക്കായി നടത്തപ്പെട്ട വിശുദ്ധ കുർബാനയിൽ 350 അമ്മമാർ പങ്കെടുത്തു.

**5. ക്ലാസ്സ്**

മേയ് 28-ാം തീയതി തുടങ്ങനാട് ഇടവകയിൽ മാതൃദിനത്തോടനുബന്ധിച്ച് മാതൃവേദി അമ്മമാർക്കായി നടത്തപ്പെട്ട പരിപാടിയിൽ ഈ കാലഘട്ടത്തിൽ അമ്മമാരുടെ പ്രസക്തിയും പ്രാധാന്യവും എന്ന വിഷയത്തിൽ രൂപത സെക്രട്ടറി ഷേർളി ചെറിയാൻ ക്ലാസ്സ് നയിച്ചു.

### D. പ്രോലൈഫ്

#### 1. മീറ്റിംഗ്

മേയ് 26-ാം തീയതി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ കുടുംബസംഗമത്തിന്റെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി മീറ്റിംഗ് നടത്തി. രൂപതാസമിതിയംഗങ്ങൾ മീറ്റിങ്ങിൽ പങ്കെടുത്തു.

### E. സീറോ മലബാർ പാലാ മാട്രിമണി

#### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ  മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

#### 2. ഡയറക്ടേഴ്സ് മീറ്റിങ്

മേയ് 21-ാം തീയതി ഓൺലൈനായി നടത്തപ്പെട്ട സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിങ്ങിൽ റവ.ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

### F. ഹോംമിഷൻ

#### 1. ഉദ്ഘാടനം

മേയ് 1-ാം തീയതി രാവിലെ 9.30 ന് കോതനല്ലൂർ ഇടവകയിൽ ആരംഭിച്ച ഇന്റൻസീവ് ഹോംമിഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. 10.30 ന് ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മുട്ടുചിറ ഇടവകയിൽ വച്ച് നടക്കുന്ന ഹോം മിഷൻ പ്രോഗ്രാമിന്റെ സമാപനസമ്മേളനത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3.30 ന് എസ്. എച്ച് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ കുടക്കച്ചിറ ഇടവകയിൽവച്ച് നടത്തുന്ന ഇന്റൻസീവ് ഹോംമിഷന്റെ സമാപനമീറ്റിംഗിൽ സംബന്ധിച്ചു സംസാരിച്ചു.

#### 2. സന്ദർശനം

മേയ് 2-ാം തീയതി രാവിലെ 8.30 ന് കളത്തൂക്കടവ് ഇടവകയിൽ നടക്കുന്ന ഇന്റൻസീവ് ഹോം മിഷന്റെ സമാപനദിനത്തിൽ  ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 6.00 മണിക്ക് കടപ്ലാമറ്റം ഇടവകയിൽ വച്ച് നടത്തപ്പെട്ട ആരാധനയിൽ പങ്കെടുത്തു. തുടർന്നു നടന്ന മീറ്റിംഗിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ സന്ദർശിച്ചു നിർദ്ദേശങ്ങൾ നൽകി.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് അവധിക്കാലക്ലാസ്സുകൾ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം,

തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ — **7306293048**

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി മേയ് മാസത്തിൽ ചെമ്പിളാവ് ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഏപ്രിൽ, മേയ് മാസങ്ങളിൽ ഹോംമിഷൻ നടന്ന ഇടവകകൾ**

1. അടിവാരം 2. അടുക്കം 3. അറക്കുളം ന്യൂ 4. ചക്കിക്കാവ് 5. ചെമ്പിളാവ് 6. ചേറ്റുതോട് 7. ചോലത്തടം 8. ചൂണ്ടച്ചേരി 9. ജയ്ഗിരി 10. കടപ്ലാമറ്റം 11. കാക്കൊമ്പ് 12. കളത്തൂക്കടവ് 13. കാവാലി 14. കിഴതടിയൂർ 15. കൂത്താട്ടുകുളം 16. കോതനെല്ലൂർ 17. കൊഴുവനാൽ 18. കുടക്കച്ചിറ 19. കുടയത്തൂർ 20. കുളമാവ് 21. മല്ലികശ്ശേരി 22. മണലുങ്കൽ 23. മണിയംകുളം 24. മണിയംകുന്ന് 25. മഞ്ഞാമറ്റം 26. മരങ്ങോലി 27. മേരിലാന്റ് 28. മൂലമറ്റം 29. മൂന്നിലവ് 30. മുളക്കുളം 31. മുത്തോലി 32. മുട്ടുചിറ 33. നെല്ലിയാനി 34. പൈങ്കുളം 35. പാളയം 36. പെരിയപ്പുറം 37. പയസ്മൗണ്ട് 38. പൂവക്കുളം 39. പ്രവിത്താനം 40. രത്നഗിരി 41. തിടനാട് 42. തിരുമാറാടി 43. ഉരുളികുന്നം 44. വാകക്കാട് 45. വാക്കാട് 46. വേദഗിരി 47. വിളക്കുമാടം 48. മണലുങ്കൽ 49. ലൂർദ് മൗണ്ട് 50. കുറിഞ്ഞി 51. അൽഫോൻസാഗിരി 52. പൂവരണി 53. അന്തീനാട് 54. ചെമ്മലമറ്റം 55. ജിയോവാലി 56. ഇടമറ്റം 57. പാലാക്കാട് 58. മീനച്ചിൽ. 59. മുണ്ടാങ്കൽ 60. പൂഞ്ഞാർ 61. പിറവം 62.നീലൂർ 63. ഭരണങ്ങാനം 64. കാഞ്ഞിരത്താനം 65. പാലക്കാട്ടുമല 66. അമ്പാറനിരപ്പേൽ 67. മൂഴൂർ.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസിന്റെ 106–ാം ജന്മദിനാഘോഷസമ്മേളനത്തിന്റെ സ്വാഗതസംഘത്തിന്റെ ഓഫീസ് ഉദ്ഘാടനം അരുവിത്തുറ ഫൊറോന വികാരി വെരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ നിർവഹിച്ചു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, ജോയി കെ. മാത്യു, ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി, സാബു പ്ലാത്തോട്ടം, ബെന്നി വെട്ടത്ത് തുടങ്ങിയവർ സംസാരിച്ചു.

**രൂപതാകമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാകമ്മിറ്റിയുടെ ഒരു യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഫൊറോന ഭാരവാഹികളും 106-ാം ജന്മ ദിനാഘോഷക്കമ്മിറ്റി കൺവീനർമാരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. കമ്മിറ്റി കൺവീനർ തങ്ങൾ ചെയ്ത കാര്യങ്ങൾ വിശദീകരിച്ച് ചർച്ചകൾ നടത്തി പൊതുവായ തീരുമാനങ്ങളെടുത്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ജോയി കെ. ബാബു, ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം വഹിച്ചു.

**പബ്ലിസിറ്റി കമ്മിറ്റി**

106-ാം ജന്മദിനാഘോഷത്തിന്റെ പബ്ലിസിറ്റി കമ്മിറ്റിയുടെ യോഗം കത്തോലിക്കാ കോൺഗ്രസ് പാലാ ഓഫീസിൽ കൺവീനർ ജോയി കെ. ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്നു തീരുമാനങ്ങളെടുത്തു. രാജീവ് കൊച്ചുപറമ്പിൽ, എഡ്വിൻ പാമ്പാറ എന്നിവർ സംസാരിച്ചു.

**റാലി കമ്മിറ്റി**

106-ാം ജന്മദിനാഘോഷത്തിന്റെ റാലി കമ്മിറ്റി കൺവീനർ പയസ് കവളംമാക്കലിന്റെ അധ്യക്ഷതയിൽ അരുവിത്തുറ പാരിഷ് ഹാളിൽ കൂടി തീരുമാനങ്ങളെടുത്തു. ജോൺസൺ വീട്ടിയാങ്കൽ, ഡോ. റെജി മേക്കാടൻ, സാബു പ്ലാത്തോട്ടം, ബെന്നി വെട്ടം തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**അവലോകനയോഗം**

106-ാം ജന്മവാർഷികാഘോഷപരിപാടികളുടെ അവലോകനയോഗം 4.5.2024 ൽ അരുവിത്തുറ പാരിഷ് ഹാളിൽ ചേർന്നു. ഗ്ലോബൽ, രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു.

**പതാകദിനം**

2024 ഏപ്രിൽ 30 ന് 106 വർഷം പൂർത്തിയായ കത്തോലിക്കാ കോൺഗ്രസിന്റെ പതാകദിനം മേയ് 5-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തി ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ, ഭാരവാഹികൾ, അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**വോളണ്ടിയേഴ്സ് മീറ്റിംഗ്**

106-ാം ജന്മദിനാഘോഷത്തിന്റെ വിജയത്തിനായി തിരഞ്ഞെടുത്ത 501 അംഗ വോളണ്ടിയേഴ്സിന്റെ മീറ്റിങ്ങ് 8-ാം തീയതി അരുവിത്തുറ പള്ളി ഓഡിറ്റോറിയത്തിൽ നടത്തി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, ജോയ് കെ. ബാബു, ജോൺസൺ വീട്ടിയാങ്കൽ, പയസ് കവളംമാക്കൽ, ജോൺസൺ ചെറുവള്ളി, ഡോ. റെജി മേക്കാടൻ, സാബു പ്ലാത്തോട്ടം, ബെന്നി വെട്ടത്ത് തുടങ്ങിയവർ സംസാരിച്ചു.

**പോസ്റ്റർ പ്രകാശനം**

106-ാം ജന്മദിനപോസ്റ്റർ ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലം രൂപത പ്രസിഡന്റ് എമ്മാനുവേൽ നിധീരിക്ക് കൈമാറി പ്രകാശനം ചെയ്തു.

**ഇടവകസന്ദർശനം**

കത്തോലിക്കാ കോൺഗ്രസിന്റെ 106-ാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കാനും വിജയിപ്പിക്കാനും ക്ഷണിക്കുന്നതിന് രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ ഇടവകകളിലും സന്ദർശനം നടത്തി സഹവികാരിയച്ചന്മാരെ ക്ഷണിച്ചു. രൂപത പ്രസിഡന്റ് ഇമ്മാനുവേൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ട്രഷറർ ജോയി കെ. ബാബു, സെക്രട്ടറിമാരായ റ്റോമി കണ്ണിറ്റുമ്യാലിൽ, ബെന്നി കിണറ്റുകര, എഡ്വിൻ പാമ്പാറ, ജോബിൻ പുതിയിടത്തുചാലിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ എന്നിവർക്കും സന്ദർശനത്തിൽ പങ്കെടുത്തു.

**പതാകപ്രയാണം**

കത്തോലിക്കാ കോൺഗ്രസിന്റെ 106-ാം ജന്മദിനാഘോഷത്തിൽ ഉയർത്താനുള്ള പതാക 11-ാം തീയതി രാവിലെ 10.30 ന് തൃശൂർ ലൂർദ് കത്തീഡ്രലിൽ വച്ച് രൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അതിരൂപത പ്രസിഡന്റ് ജോഷി വടക്കൻ, ഗ്ലോബൽ ട്രഷറർ ജോബി കാക്കശ്ശേരി എന്നിവർക്കു കൈമാറി. പതാകപ്രയാണം നാലുമണിയോടെ രാമപുരത്ത് എത്തിച്ചേർന്നു.

**നിധീരിക്കൽ മാണിക്കത്തനാർ ഛായാചിത്രപ്രയാണം**

നിധീരിക്കൽ മാണിക്കത്തനാരുടെ കബറിടത്തിലെ പ്രാർത്ഥനയ്ക്കുശേഷം ഛായാചിത്രപ്രയാണം ആർച്ചുപ്രീസ്റ്റ് അഗസ്റ്റ്യൻ കൂട്ടിയാനിക്കൽ ഫ്ളാഗ്ഓഫ് ചെയ്തു. ഗ്ലോബൽ ഡയറക്ടർ റവ.ഡോ. ഫിലിപ്പ് കവിയിൽ, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫൊറോന ഡയറക്ടർ ഫാ. വടയാറ്റുകുഴി, ഗ്ലോബൽ രൂപത, ഫൊറോന യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ രാമപുരത്തേക്കു പ്രയാണം ആരംഭിച്ചു.

**ദീപശിഖാപ്രയാണം**

രാമപുരത്ത് പാറേമാക്കൽ ഗോവർണ്ണദോറിന്റെ കബറിടത്തിൽനിന്ന് ഫൊറോന വികാരി വെരി റവ. ഫാ. ബർക്കുമാൻസ് കുന്നംപുറം തെളിച്ച ദീപശിഖ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി ഏറ്റുവാങ്ങി. മൂന്നു പ്രയാണങ്ങളുംകൂടി ഒരുമിച്ച് പാലാവഴി കോരിച്ചൊരിയുന്ന മഴയത്ത് അരുവിത്തുറയിൽ എത്തിച്ചേർന്നു. തുടർന്ന് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം പതാക ഉയർത്തി. ഗ്ലോബൽ, രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും മറ്റു രൂപതാഭാരവാഹികളും പതാക ഉയർത്തലിൽ പങ്കെടുത്തു.

**വർക്കിംഗ് കമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി 11-ാം തീയതി ഏഴുമണിക്ക് അരുവിത്തുറ പാരിഷ് ഹാളിൽ ചേർന്നു. ഗ്ലോബൽ കമ്മിറ്റിയുടെ റിപ്പോർട്ട് വരവുചെലവു കണക്കുകളും പാസ്സാക്കി. 12-ാം തീയതിയിലെ പ്രതിനിധിയോഗത്തിന്റെയും റാലി, സമ്മേളനം എന്നിവയുടെയും അവലോകനവും നടത്തി.

ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഭാരവാഹികൾക്കും അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭക്ഷണവും താമസവും ക്രമീകരിച്ചിരുന്നു.

**പ്രതിനിധിസമ്മേളനം**

കത്തോലിക്കാ കോൺഗ്രസിന്റെ കേന്ദ്രപ്രതിനിധിസഭായോഗം അരുവിത്തുറ സെന്റ് ജോർജ് കോളജ് ഓഡിറ്റോറിയത്തിൽ നടത്തി. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി രാജീവ് കൊച്ചു പറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ജോയി കാക്കാശ്ശേരി വരവുചെലവു കണക്ക് അവതരിപ്പിച്ചു. ഗ്ലോബൽ ഡയറക്ടർ റവ.ഡോ. ഫിലിപ്പ് കവിയിൽ, രൂപത ഡയറക്ടർ, രൂപത ഭാരവാഹികൾ, പ്രതിനിധിസഭാംഗങ്ങൾ എന്നിവർ ചർച്ചക ളിൽ പങ്കെടുത്തു.

**റാലി**

കത്തോലിക്കാ കോൺഗ്രസിന്റെ 106-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി അരുവിത്തുറ സെന്റ് ജോർജ് കോളേജിൽനിന്നു സെൻറ് ജോർജ് ദേവാലയ ത്തിലേക്കു റാലി നടത്തി. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ റാലി ഫ്ളാഗ്ഓഫ് ചെയ്തു. തുടർന്ന് ഗ്ലോബൽ ഭാരവാഹികൾ, മറ്റു രൂപതയിൽനിന്നു വന്നവർ, പാലാ രൂപതയിലെ ഓരോ ഫൊറോനയിൽനിന്നു മുള്ളവർ എന്നീ ക്രമത്തിൽ റാലിയിൽ എത്തിച്ചേർന്നു. അരുവിത്തുറയെ പുളകംകൊള്ളിച്ചു നീങ്ങിയ പ്രകടനം കത്തോലിക്കാകോൺഗ്രസിന്റെ ഐക്യവും ശക്തിയും തെളിയിക്കുന്നതായി.

**ജന്മദിനസമ്മേളനം**

കത്തോലിക്കാ കോൺഗ്രസിന്റെ 106-ാം ജന്മദിനസമ്മേളനം മേയ് 12-ാം തീയതി അരുവിത്തുറ പള്ളിമൈതാനിയിൽ ഉച്ചകഴിഞ്ഞ് 3.15 ന് ആരംഭിച്ചു ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. മാർ ജോസ് പുളിക്കൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ തോമസ് തറയിൽ, റവ.ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, വെരി. റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രാജീവ് കൊച്ചുപറമ്പിൽ, എമ്മാനുവൽ നിധീരി, ഡോ. ജോസ്കുട്ടി ഒഴുകയിൽ, സഭാതാരം ജോൺ കച്ചിറമറ്റം, ജോബി കാക്കാശ്ശേരി, ടെസ്സി ബിജു, ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു. ഗ്ലോബൽ, രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ റാലിക്കും സമ്മേളനത്തിനും നേതൃത്വം നൽകി.

**നന്ദി**

കത്തോലിക്കാ കോൺഗ്രസിന്റെ 106-ാം ജന്മദിനാഘോഷങ്ങൾ വിജയകര മായി പൂർത്തിയാക്കാൻ സഹായിച്ച, സഹകരിച്ച ധാരാളം ആളുകളുണ്ട്. അഭി വന്ദ്യ പിതാക്കന്മാർ, പാലാ രൂപത വികാരി ജനറാളന്മാർ, ഫൊറോനവികാരി മാർ, പാലാ രൂപതയിലെ സഹവൈദികർ, സിസ്റ്റേഴ്സ്, മറ്റു സംഘടനാ ഡയറ ക്ടർമാർ, ഭാരവാഹികൾ, അംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ -രൂപത ഭാരവാഹികൾ, ഫൊറോന-യൂണിറ്റ് ഭാരവാഹികൾ, അംഗങ്ങൾ, കത്തോ ലിക്കാ കോൺഗ്രസിന്റെ സ്നേഹിക്കുന്ന സമുദായാംഗങ്ങൾ, കമ്മിറ്റി കൺവീ നർമാർ, അംഗങ്ങൾ, പാരിഷ് അസി. വികാരികൾ, മാധ്യമപ്രവർത്തകർ തുടങ്ങി

ഏതെങ്കിലും വിധത്തിൽ സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവം നന്ദി.

**സീനിയർ സിറ്റിസൺ മീറ്റ്**

കാഞ്ഞിരത്താനം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 70 വയസ്സിനുമുകളിൽ പ്രായമുള്ളവരെ ആദരിച്ചു. മേയ് 18-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞു മൂന്നു മണിക്ക് വിശുദ്ധ കുർബാനയും തുടർന്ന് ആദരിക്കലും നടത്തി. ഡയറക്ടർ റവ.ഫാ. ജെയിംസ് വയലിൽ, റവ. ഫാ. സെബാസ്റ്റ്യൻ ചെരിപ്പുറത്ത്, റവ.ഫാ. വിനോദ് പൂവക്കോട്ട് CMI എന്നിവർ വിശുദ്ധ കുർബാനയ്ക്കു നേതൃത്വം നൽകി സമ്മാന വിതരണവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. യൂണിറ്റ് പ്രസിഡന്റ് ബാബു നടുവിലേക്കുറ്റ്, സെക്രട്ടറി സിബി പാറത്തൊട്ടി, രാജു നെടുമറ്റം, ടോംസ് തെക്കേത്തൊട്ടി, സെബാസ്റ്റ്യൻ കുര്യൻ, ജോസ് വട്ടുകുളം എന്നിവർ നേതൃത്വം നൽകി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**60-ാം വാർഷികം വജ്രജൂബിലി സമ്മേളനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപീകൃതമായിട്ട് 60 വയസ്സ് പൂർത്തിയാകുന്ന ഈ വേളയിൽ 2024 മേയ് 10-ാം തീയതി പാലാ ളാലം സെന്റ് മേരീസ് പള്ളിയുടെ നിത്യസഹായമാതാ പാരിഷ് ഹാളിൽ വജ്രജൂബിലിസമ്മേളനം നടത്തപ്പെട്ടു. വജ്രജൂബിലിസമ്മേളനം അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ശ്രീ. ജോസ് കെ. മാണി എം.പി. അറുപതിനകർമപരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. പലിശരഹിതവായ്പാവിതരണോദ്ഘാടനം ശ്രീ മാണി സി. കാപ്പൻ എം.എൽ.എ. നടത്തി.

വാർഷികാഘോഷത്തോടൊപ്പം കാർഷികരംഗത്തെ വ്യക്തിഗത, സംഘാത സംരംഭകരെയും ഇരുപതുവർഷം പൂർത്തിയാക്കിയ പി.എസ്.ഡബ്ല്യു.എസ്., എസ്.എച്ച്.ജി. അംഗങ്ങളെയും ആദരിച്ചു. ആഘോഷങ്ങളുടെ ഭാഗമായി കാർഷികമൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനമേളയും നടത്തപ്പെട്ടു. വിവിധ എസ്.എച്ച്.ജി.കൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**സാമൂഹിക ശക്തീകരണ ശില്പശാല നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് രൂപതയിലെ വൈദികർക്കായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് 2024 മേയ് 15-ാം തീയതി നടത്തിയ സാമൂഹിക ശക്തീകരണശില്പശാല രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കാർഷികമേഖലയിലുള്ള വിദഗ്ധരുടെ ക്ലാസുകളും നടത്തപ്പെട്ടു.

**ജീവിതശൈലി ബോധനസെമിനാർ സൗജന്യ മെഡിക്കൽ ക്യാമ്പ്**

മാർ സ്ലീവാ മെഡിസിറ്റി പാലായുമായി സഹകരിച്ച് രാമപുരം ഫൊറോനയിലെ എസ്.എച്ച്.ജി./ കർഷകദളങ്ങൾ, സ്വാശ്രയസംഘങ്ങൾ, മറ്റു ഭക്തസംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്കായി ജീവിതശൈലീരോഗങ്ങൾ പരിഹാരം, കോവിഡ് വാക്സിനേഷൻ - പാർശ്വഫലങ്ങൾ, പരിഹാരമാർഗങ്ങൾ തുടങ്ങിയ

വിഷയങ്ങളെ ആസ്പദമാക്കി 2024 മേയ് 19-ാം തീയതി ഫൊറോനപ്പള്ളിയുടെ പാരിഷ് ഹാളിൽ വച്ചു സെമിനാർ നടന്നു. പ്രസിദ്ധ ഹൃദ്രോഗവിദഗ്ധരും മാർ സ്ലീവാ മെഡിസിറ്റിയിലെ സീനിയർ കൺസൾട്ടന്റും ഹെഡ് ഓഫ് കാർഡിയാക് സയൻസുമായ ഡോ. രാമദാസ് നായ്ക് ക്ലാസ് നയിച്ചു. സെമിനാറിനോടനുബന്ധിച്ച് രാവിലെ മുതൽ സൗജന്യപരിശോധനയും രോഗനിർണയവും നടത്തപ്പെട്ടു. വലിയ ജനപങ്കാളിത്തം പരിപാടിക്കു ലഭിച്ചു.

**SHG / കർഷകദള വാർഷികാഘോഷങ്ങൾ**

രൂപതയിലെ വിവിധ ഫൊറോനകളിലും ഇടവകകളിലും വിവിധ പരിപാടികളോടെ വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു.

തുടങ്ങനാട് സോണൽ വാർഷികം സെന്റ് തോമസ് ഫൊറോനപ്പള്ളി പാരിഷ് ഹാളിൽ നടത്തപ്പെട്ടു. സോണൽ ഡയറക്ടർ റവ.ഫാ. ജോൺസൺ പുള്ളീറ്റ്, സോണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, കോർഡിനേറ്റർ ജിഷ സാബു തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

അരുവിത്തുറ ഫൊറോനയിലെ വിവിധ ഇടവകകളിൽ എസ്.എച്ച്.ജി./കർഷകദള ഫെഡറേഷൻ വാർഷികങ്ങൾ നടത്തി. ഇടവകഡയറക്ടർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, സോണൽ കോർഡിനേറ്റർ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

കുറവിലങ്ങാട് ഫൊറോനയിലെ മണ്ണയ്ക്കനാട്, കുര്യനാട് ഫെഡറേഷനുകളിൽ വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ, അസി. ഡയറക്ടർമാർ, കോർഡിനേറ്റർ, ഇടവക ഡയറക്ടർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി. പ്രദർശനങ്ങൾ, വില്പനമേളകൾ, സെമിനാറുകൾ, കലാകായികമത്സരങ്ങൾ, മികവു പുലർത്തിയ അംഗങ്ങളെ ആദരിക്കൽ തുടങ്ങിയ പരിപാടികളും ഉണ്ടായിരുന്നു.

**മാതൃദിനാഘോഷങ്ങൾ**

എസ്.എച്ച്.ജി. അംഗങ്ങളുടെ നേതൃത്വത്തിൽ രൂപതയിലെ ഒട്ടുമിക്ക ഇടവകകളിലും മാതൃദിനം വ്യത്യസ്തങ്ങളായ പരിപാടികളോടെ ആഘോഷിച്ചു. സമൂഹത്തിലെ മുതിർന്ന മാതാക്കൾ, മികവു പുലർത്തിയ വനിതകൾ എന്നിവരെ ആദരിക്കൽ, പ്രചോദനാത്മക ക്ലാസുകൾ മത്സരങ്ങൾ തുടങ്ങിയവ നടത്തപ്പെട്ടു.

**പച്ചക്കറിക്കൃഷിക്ക് പലിശരഹിതവായ്പ**

ഓണക്കാലത്ത് വീടുകളിൽ പച്ചക്കറിയുടെ സമൃദ്ധി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ പി.എസ്.ഡബ്ല്യു.എസിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് സൊസൈറ്റിയുടെ ഗ്രൂപ്പ് അംഗങ്ങളിൽ ഒരാൾക്ക് 5000 രൂപ നിരക്കിൽ ഒരു ഗ്രൂപ്പിൽ 5 ലക്ഷം രൂപാ വായ്പ അനുവദിക്കുന്നു.

**ആശാകിരണം - ഐസ്ക്രീം ചലഞ്ച് - കൂട്ടിക്കൽ ഫൊറോന**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി ക്യാൻസർബാധിതർക്ക് ചികിത്സാധനസഹായം നൽകുന്നതിനായി കൂട്ടിക്കൽ ഫൊറോനയിൽ മലനാട് ഡവലപ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ചു ഐസ്ക്രീം ചലഞ്ച് നടത്തി. ആയിരം ലിറ്റർ ഐസ്ക്രീം വിവിധ ഇടവകകളിൽ വിതരണം ചെയ്തു സമാഹരിച്ച തുക ക്യാൻസർ രോഗചികിത്സാധനസഹായമായി നൽകുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 2024 ഏപ്രിൽ 28 മുതൽ 30 വരെ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് 10,+1,+2 വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തുകയുണ്ടായി. ക്യാമ്പ് പാലാ രൂപത വികാരി ജനറാൾ വെരി റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി GOAL SETTING എന്ന വിഷയത്തിൽ ശ്രീ റോബിൻ മാത്യു, FAITH IN GOD & KEY TO SUCCESS ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകോട്ടയിൽ, നമുക്കും നേടാം സിവിൽ സർവീസ് ശ്രീ നോയൽ തോമസ്, DCMS സംഘടനയും സമുദായശക്തീകരണവും - ശ്രീ ബിനോയ് ജോൺ, SEXTUAL EDUCATION- ഡോ. മറീന ജേക്കബ്, DRUGS & GOOD HABBITS- ശ്രീ സജോ ജോയ്, PERSONALITY DEVOLOPMENT & LEADERSHIP-ശ്രീ കൃഷ്ണരാജ്, വിദ്യാഭ്യാസവും സാമൂഹിക പുരോഗതിയും - ഫാ. ജോസ് വടക്കേക്കുറ്റ് എന്നിവർ ക്ലാസുകൾ എടുത്തു. ക്യാമ്പിൽ 50 കുട്ടികൾ വിവിധ യുണിറ്റുകളിൽനിന്നായി പങ്കെടുത്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, നോബിൾ സാബു, ആൽബിൻ ജോബി, ഡോൺ മാത്യു, ആഷ്‌ലി എലിസബത്ത് ജേക്കബ്, ജാനിയ മൈക്കിൾ എന്നിവർ ക്യാമ്പുകൾക്കു നേതൃത്വം നല്കി.

**ജീവിതദർശനക്യാമ്പ്**

DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 2024 മേയ് 2 മുതൽ 4 വരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് 5,6,7,8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ജീവിതദർശനക്യാമ്പ് നടത്തുകയുണ്ടായി. ക്യാമ്പ് പാലാ രൂപത വികാരി ജനറാൾ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി STUDY TECHNIQUES എന്ന വിഷയത്തിൽ ശ്രീ ജോസ് ചേന്നാട്ട്, DCMS സംഘടനയും സമുദായശക്തീകരണവും - ശ്രീ ബിനോയ് ജോൺ, വിദ്യാഭ്യാസവും സാമൂഹികപുരോഗതിയും - ഫാ. ജോസ് വടക്കേക്കുറ്റ്, MEDIA AWARNESS - ഫാ. ജോർജ്ജ് നെല്ലിക്കുന്നുചെരിവുപുരയിടം, DRUGS & GOOD HABBITS - ശ്രീ സജോ ജോയ്, കഴിവുകൾ എങ്ങനെ വളർത്താം - ശ്രീ സണ്ണി പുളിനില്ക്കുന്നേൽ, PERSONALITY DEVELOPMENT - ഡോ. അലക്സ് കാവുകാട്ട്, MANNERS & SEXTUAL EDUCATION - ഡോ. മറീന ജേക്കബ്, FAITH IN JESUS KEY TO SUCCESS-സെബാസ്റ്റ്യൻ ആലപ്പാട്ട്കോട്ടയിൽ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു. വിവിധ യൂണിറ്റുകളിൽനിന്നായി 30 കുട്ടികൾ പങ്കെടുത്തു. ഫാ. ജോസഫ് താഴത്തുവരിക്കയിൽ സമാപനസന്ദേശം നല്കി. ക്യാമ്പുകൾക്ക് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, നോബിൾ സാബു, ആൽബിൻ ജോബി, ഡോൺ മാത്യു, ആഷ്‌ലി എലിസബത്ത് ജേക്കബ്, ജാനിയ മൈക്കിൾ എന്നിവർ നേതൃത്വം നല്കി.

**DCMS സപ്തതിയാഘോഷ പ്രവർത്തനസമിതി ഉദ്ഘാടനം**

DCMS പാലാ രൂപതസമിതി സപ്തതിവർഷത്തോടനുബന്ധിച്ചു വിവിധ സോണൽ പ്രവർത്തനസമിതികളുടെ പ്രവർത്തനോദ്ഘാടനം 2024 മേയ് 13 തിങ്കളാഴ്ച പാലാ ബിഷപ്സ് ഹൗസിൽ വച്ച് പാലാ രൂപതമെത്രാൻ അഭിവന്ദ്യ

മാർ ജോസഫ് കല്ലറങ്ങാട്ട് തിരി തെളിച്ചു നിർവഹിച്ചു. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിൽത്തന്നെ DCMS സപ്തതിയാഘോഷം നടത്തുന്നത് എല്ലാവിധത്തിലും അഭിമാനവും സന്തോഷവും നല്കുന്നതാണെന്നും ദളിത് കത്തോലിക്കരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി രൂപതാംഗങ്ങൾ എല്ലാവരും കൂട്ടായി പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. ദളിത്ക്രൈസ്തവരുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ പേരിൽ രാമപുരത്ത് വച്ച് സിമ്പോസിയം നടത്തണമെന്നും പിതാവു പറയുകയുണ്ടായി.

DCMS പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. രൂപത വികാരി ജനറാൾ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ആമുഖപ്രഭാഷണം നടത്തി. DCMS പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ ചെയർമാൻ K.K ജോസ്, SMYM ഗ്ലോബൽ പ്രസിഡന്റ്, അഡ്വ. സാം സണ്ണി എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപത ഓർഗനൈസർ ബേബി ആന്റണി കൃതജ്ഞത അർപ്പിച്ചു.

സപ്തതിവർഷപ്രവർത്തനങ്ങളായ ഭവനസന്ദർശനം, കുടുംബസർവേ, കുടുംബസംഗമങ്ങൾ കലാകായികമത്സരങ്ങൾ, ക്ഷേമനിധി രൂപീകരണം, തൊഴിൽ സംരംഭകത്വപരിപാടികൾ, നേതൃത്വപരിശീലനക്യാമ്പുകൾ തുടങ്ങിയ കർമ്മപരിപാടികളെക്കുറിച്ചു രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി വിശദീകരിച്ചു. 'സമുദായശക്തീകരണം സപ്തതിവർഷത്തിൽ' എന്ന വിഷയത്തിൽ ശ്രീ ജോസ് രാഗാദ്രി ക്ലാസ്സെടുത്തു. 17 ഫൊറോന ഡയറക്ടർമാരും 100 ലധികം അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

**ചേർപ്പുങ്കൽ സോണൽ മീറ്റിംഗ്**

DCMS പാലാ രൂപതസമിതി സപ്തതിവർഷത്തോടനുബന്ധിച്ചു 2024 മേയ് 13 തിങ്കളാഴ്ച പാലാ ബിഷപ്സ് ഹൗസിൽ വച്ചു നടന്ന സോണൽ പ്രവർത്തന സമിതികളുടെ പ്രവർത്തനോദ്ഘാടനത്തിന്റെ തുടർച്ചയായി 2024 മേയ് 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽവച്ച് ചേർപ്പുങ്കൽ സോണൽ പ്രവർത്തനസമിതിയോഗം ചേരുകയുണ്ടായി. യോഗത്തിൽ ചേർപ്പുങ്കൽ സോണൽ ചെയർമാൻ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത് അദ്ധ്യക്ഷത വഹിച്ചു. സോണൽ സെക്രട്ടറി ശ്രീമതി സാലി ചാക്കോ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖ പ്രഭാഷണം നടത്തി. രൂപത കമ്മിറ്റിയംഗം ശ്രീ സണ്ണി പി. എം. സ്വാഗതം അർപ്പിച്ചു. തുടർന്ന് രൂപത സെക്രട്ടറി ബിന്ദു ആന്റണി ചർച്ചയ്ക്കു നേതൃത്വം നല്കി.

**രാമപുരം സോണൽ മീറ്റിംഗ്**

DCMS പാലാ രൂപതസമിതി സപ്തതിവർഷത്തോടനുബന്ധിച്ച് 2024 മേയ്13 തിങ്കളാഴ്ച പാലാ ബിഷപ്സ് ഹൗസിൽ വച്ചുനടന്ന സോണൽ പ്രവർത്തന സമിതികളുടെ പ്രവർത്തനോദ്ഘാടനത്തിന്റെ തുടർച്ചയായി 2024 മേയ് 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് രാമപുരം സോണൽ പ്രവർത്തനസമിതി മീറ്റിംഗ് കടനാട് സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ ചേരുകയുണ്ടായി. യോഗത്തിൽ കടനാട് സോണൽ ചെയർമാൻ ഫാ. ഐസക് പെരിങ്ങാമലയിൽ അദ്ധ്യക്ഷത വഹിച്ചു. സോണൽ സെക്രട്ടറി ശ്രീമതി ബിജി

ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. സോണൽ വൈസ് ചെയർമാൻ ഫാ. ജോർജ് പോളച്ചിറക്കുന്നേൽ സ്വാഗതം അർപ്പിച്ചു. സോണൽ വൈസ് ചെയർമാനായ ഫാ. എബ്രഹാം കാക്കാനിയിൽ ആശംസ അർപ്പിച്ചു. കടനാട് ഫൊറോന വികാരി ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുരയിൽ അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് രൂപത സെക്രട്ടറി ബിന്ദു ആന്റണി ചർച്ചയ്ക്കു നേതൃത്വം നല്കി. ജോയിന്റ് സെക്രട്ടറി ശ്രീമതി സീന T. A. കൃതജ്ഞത അർപ്പിച്ചു.

**ബിഷപ്സ് ഹൗസ് മീറ്റിംഗ്**

2024 മേയ് 21 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ അദ്ധ്യക്ഷതയിൽ DCMS രൂപത കമ്മിറ്റി കൂടുകയുണ്ടായി. DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. രൂപത വികാരി ജനറാൾ വെരി റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് DCMS രൂപതാ പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുകയും സപ്തതിയാഘോഷപ്രവർത്തനങ്ങളെക്കുറിച്ചും ആമുഖ പ്രസംഗം നടത്തുകയും ചെയ്തു. അഭിവന്ദ്യപിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ രൂപതയുടെ പ്ലാറ്റിനംജൂബിലയെക്കുറിച്ചും DCMS സപ്തതിയാഘോഷങ്ങൾ വിജയിപ്പിക്കുന്നതിന് DCMS രൂപതാസമിതിയംഗങ്ങളും ഭാരവാഹികളും ഒറ്റക്കെട്ടായി പ്രവർത്തിച്ചു. സപ്തതിയാഘോഷങ്ങളുടെ ഭാഗമായി ദളിത് ക്രൈസ്തവരുടെ വിമോചകനായ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നവംബർ ഒന്നിനു രാവിലെ മുതൽ ഉച്ചവരെ ദേശീയസെമിനാറും, ഉച്ചകഴിഞ്ഞ് മഹാസമ്മേളനവും രാമപുരത്തുവച്ച് നടത്തുവാൻ തീരുമാനിച്ചു. യോഗത്തിൽ രാമപുരം ഫൊറോന വികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ, DCMS രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി എന്നിവർ സംസാരിച്ചു. ചർച്ചയിൽ രൂപത കമ്മിറ്റിയംഗങ്ങളും പങ്കെടുത്തു. ബിനോയ് ജോൺ കൃതജ്ഞത അർപ്പിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

---

# കെയർ ഹോംസ്

---

**1. മാസമീറ്റിംഗ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**2.സ്പെഷൽ സ്കൂൾ റ്റീച്ചേഴ്സ് മീറ്റിംഗ്**

സ്പെഷൽ സ്കൂൾ ടീച്ചേഴ്സിന്റെ മീറ്റിംഗ് നടത്തി. പുതിയ അധ്യയന വർഷത്തേക്കുള്ള പദ്ധതികൾ ചർച്ചചെയ്തു.

**3.ഡാറ്റാ കളക്ഷൻ**

എല്ലാ സ്ഥാപനങ്ങളുടെയും ഏറ്റവും പുതിയ വിവരങ്ങൾ ശേഖരിച്ചു.

**4. സ്റ്റാൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ജൂബിലിയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ കെയർ ഹോംസിന്റെ വിവിധ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ നടത്തി.

**5. യാത്രയയപ്പ്**

കെയർ ഹോംസ് ഓഫീസിൽ 6 മാസം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബ്രദർ റീജന്റ് ബ്ലസ്സൻ തുരുത്തേലിന് ഹൃദ്യമായ യാത്രയയപ്പു നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺലൈൻ രജിസ്ട്രേഷൻ**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഓൺലൈൻ രജിസ്ട്രേഷൻ തുടരുന്നു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എക്സിക്യൂട്ടീവ് കൂടുകയും എല്ലാ തൊഴിലാളികൾക്കും മേയ്ദിന ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**3. പ്രോജക്ട്**

കെ.എൽ.എം. സംസ്ഥാനതലത്തിൽനിന്ന് പുതിയ ഒരു പ്രോജക്ടിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു.

**4.സംസ്ഥാന മീറ്റിംഗ്**

തയ്യൽതൊഴിലാളി സംസ്ഥാന മീറ്റിംഗ് നടന്നു.

**5. സ്റ്റാൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ജൂബിലിയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ വിവിധ ക്ഷേമനിധികളെ പരിചയപ്പെടുത്തിക്കൊണ്ട് സ്റ്റാളുകൾ നടത്തി.

**6. യാത്രയയപ്പ്**

കെ.എൽ.എം ഓഫീസിൽ 6 മാസം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബ്രദർ റീജന്റ് ബ്ലസ്സൻ തുരുത്തേലിന് ഹൃദ്യമായ യാത്രയയപ്പു നൽകി.

**7. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**8.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

മേയ് മാസം 5, 12, 19, 26 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജീവിതം നയിക്കുന്നവർ

യോഗത്തിൽ സംബന്ധിക്കുകയും സംസാരിക്കുകയും ചെയ്തു. യോഗങ്ങൾക്ക് ഫാ. ജെയിംസ് പൊരുന്നോലിൽ, N. M. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**അൽ-അനോൺ & അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും അവരുടെ മക്കളുടെയും സംഗമം മേയ് 11 ശനിയാഴ്ച നടത്തപ്പെട്ടു. അതോടനുബന്ധിച്ച് മാതൃദിനത്തിന്റെ ഭാഗമായി മാതാക്കൾക്ക് ക്ലാസ് നടത്തുകയും അവരെ ആദരിക്കുകയും ചെയ്തു.

**ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ**

മേയ്മാസം 10 ന് അഡാർട്ടിൽ വച്ച് പിറവം M K M ഹയർ സെക്കൻഡറി സ്കൂളിലെ തുല്യതാപരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ ബോധവത്കരണക്ലാസ്സുകൾ നടത്തി.

**നഴ്സസ്ദിനം**

മേയ് 12 ന് എ.എ. അംഗങ്ങളുടെ ആഭിമുഖ്യത്തിൽ നഴ്സസ്ദിനം ആചരിക്കുകയും പൊതുസമ്മേളനത്തിൽവച്ച് അഡാർട്ടിൽ സേവനം ചെയ്യുന്ന നഴ്സുമാരെ ഉപഹാരം നല്കി ആദരിക്കുകയും ചെയ്തു.

**ലോകപുകയിലവിരുദ്ധദിനം**

മേയ്മാസം 26 ന് AA കൂട്ടായ്മയുടെ ആഭിമുഖ്യത്തിലും പുകയിലവിരുദ്ധ ദിനമായ 31 ന് അഡാർട്ടിലെ ചികിത്സയിലുള്ള രോഗികളുടെ നേതൃത്വത്തിലും ലോകപുകയിലവിരുദ്ധദിനം ആചരിച്ചു. എക്സിബിഷൻ നടത്തുകയും പുകയില വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിക്കുന്നതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നത് ജൂലൈ 31 നാണ്. ഇടവകതല രജിസ്ട്രേഷൻ ജൂലൈ 31 നു പൂർത്തിയാക്കി ഓഗസ്റ്റ് 8 നുമുമ്പായി രജിസ്ട്രേഷൻ തുകയും പൂർണ്ണമായി പൂരിപ്പിച്ച ഹെഡ്ഷീറ്റും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ കൃത്യസമയത്തു നടത്താത്ത സെന്ററുകളെ സമ്മാനത്തിനായി പരിഗണിക്കുന്നതല്ല. പങ്കെടുക്കുന്നവരെ പ്രായം അടിസ്ഥാനമാക്കി ആറു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പഠനത്തിനുപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളാണ്. ഇംഗ്ലീഷിന് NRSU ബൈബിൾ. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപ.

**സമ്മാനങ്ങൾ**

| | |
|---|---|
| 1-ാം സമ്മാനം | 1000 രൂപയും സർട്ടിഫിക്കറ്റും |
| 2-ാം സമ്മാനം | 750 രൂപയും സർട്ടിഫിക്കറ്റും |
| 3-ാം സമ്മാനം | 500 രൂപയും സർട്ടിഫിക്കറ്റും |
| 4-ാം സമ്മാനം | 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്കുവീതം |

5-ാം സമ്മാനം 1000 രൂപ വിലയുള്ള ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്കുവീതം.

രൂപതതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന നാല് ഇടവകകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും.

| | | |
|---|---|---|
| ഡി. ഗ്രൂപ്പ് | 800 കുടുംബങ്ങൾക്കുമുകളിൽ (മിനിമം 1000 പേർ രജിസ്റ്റർ ചെയ്തിരിക്കണം.) | 2500/- |
| സി ഗ്രൂപ്പ് | 400 കുടുംബങ്ങൾക്കുമുകളിൽ (മിനിമം 800 പേർ രജിസ്റ്റർ ചെയ്തിരിക്കണം) | 2000/- |
| ബി ഗ്രൂപ്പ് | 200 കുടുംബങ്ങൾക്കുമുകളിൽ (മിനിമം 500 പേർ രജിസ്റ്റർ ചെയ്തിരിക്കണം) | 1500/- |
| എ. ഗ്രൂപ്പ് | 200 ൽ താഴെ കുടുംബങ്ങൾ (മിനിമം 300 പേർ രജിസ്റ്റർ ചെയ്തിരിക്കണം) | 1000/- |

പ്രായവിഭാഗം

| | |
|---|---|
| എ വിഭാഗം | 1-1-2013 നും അതിനുശേഷവും ജനിച്ചവർ |
| ബി വിഭാഗം | 1-1-2008 നും 31-12-2012 നും ഇടയ്ക്ക് ജനിച്ചവർ |
| സി. വിഭാഗം | 1-1-1998 നും 31-12-2007 നും ഇടയ്ക്ക് ജനിച്ചവർ |
| ഡി വിഭാഗം | 1-1-1973 നും 31-12-1992 നും ഇടയ്ക്ക് ജനിച്ചവർ |
| ഇ വിഭാഗം | 1-1-1960 നും 31-12-1972 നും ഇടയ്ക്ക് ജനിച്ചവർ |
| എഫ് വിഭാഗം | 31-12-1959 നും അതിനുമുമ്പും ജനിച്ചവർ |

25 ന്റെ ഓരോ ഗുണിതത്തിനും ഇടവകതലത്തിൽ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം രജിസ്ട്രേഷൻസമയത്തു സൂചിപ്പിക്കേണ്ടതാണ്. ടീമിൽ പിതാവ്, മാതാവ്, മക്കൾ എന്നിവർ ഉണ്ടായിരിക്കുകയും സെപ്തംബർ 29 ന് നടക്കുന്ന പ്രാഥമികമത്സരത്തിൽ പങ്കെടുക്കുകയും ചെയ്തവർക്കാണ് ലോഗോസ് ഫാമിലി മത്സരത്തിൽ പങ്കെടുക്കാൻ അർഹത ലഭിക്കുക.

ഒന്നാംസമ്മാനം ലഭിക്കുന്നവർക്ക് റവ. ഡോ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 10000 രൂപയും ക്യാഷ് അവാർഡും നല്കുന്നതാണ്.

രണ്ടാം സമ്മാനം 5000 രൂപ

മൂന്നാം സമ്മാനം 3000 രൂപ

കൂടാതെ, രൂപതതലത്തിൽ പങ്കെടുക്കുന്നവർക്ക് 1000 രൂപാവീതം പ്രോത്സാഹനസമ്മാനവും ലഭിക്കുന്നതാണ്.

ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

ഈ വർഷം കൂടുതൽ ആളുകളെ ഈ ബൈബിൾ പഠനവേദിയിലേക്കു കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ അടുത്ത ക്ലാസ് 2024 ജൂൺ 8 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കും. റവ.ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ ക്ലാസിനു നേതൃത്വം നല്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

**2.** മേയ് 11, 25 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**3.** മേയ് 8 ന് ചെത്തിമറ്റം ക്രിസ്തുജ്യോതിയിൽ ക്ലാസ്സെടുത്തു, പരി. കുർബാന അർപ്പിച്ചു.

**4.** മേയ് 14 ന് ഹോസ്പിറ്റൽ മിനിസ്ട്രി ടീമംഗങ്ങൾ മരിയൻ മെഡിക്കൽ സെന്റർ സന്ദർശിച്ചു, രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**5.** മേയ് 8 ന് ഷലോം ടി.വിക്കുവേണ്ടി അനുഗ്രഹമാല റെക്കോർഡ് ചെയ്തു.

**6.** മേയ് 12 ന് കാഞ്ഞിരമറ്റം ഇടവകയിൽ ക്ലാസ്സെടുത്തു, പരി. കുർബാന അർപ്പിച്ചു.

**7.** മേയ് 14 ന് SMYM സംഘടിപ്പിച്ച 'തെഷുബ' യുവജനധ്യാനം ഉദ്ഘാടനം ചെയ്തു.

**8.** സ്ട്രീറ്റ് മിനിസ്ട്രി താഴെപ്പറയുന്ന തീയതികളിൽ നടത്തി.

01.05.2024 - Paika Bhagam, 03.05.2024-Idukki Kanjikuzhi, 08.05.2024-Marykulam, 15.05.2024 - Paika.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ദ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെ കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. മേയ് മാസത്തിൽ സി. സ്റ്റാർലെറ്റ് MSMI കയ്യൂർ, സി. ആൻജോസ് SH, ബ്രദർ സെബാസ്റ്റ്യൻ താന്നിക്കൽ, ബ്രദർ ബിനു ജേക്കബ് വാഴേപ്പറമ്പിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2.** രൂപതാ കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനി ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടനദൈവലയത്തിൽ വച്ചു നടന്നുവരുന്ന രാത്രി ആരാധന മേയ് 25 ശനി വൈകുന്നേരം 7 മണി മുതൽ 26 രാവിലെ 5 മണി വരെ നടത്തപ്പെട്ടു. ബ്രദർ തോമസ് കുമളി വചനപ്രഘോഷണം നടത്തി. റവ. ഫാ അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ (തീർത്ഥാടനകേന്ദ്രം റെക്ടർ), റവ. ഫാ.

ജേക്കബ് വെള്ളമരുതുങ്കൽ (കരിസ്മാറ്റിക് ഡയറക്ടർ), റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ (അസി. ഡയറക്ടർ), കരിസ്മാറ്റിക് സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന സെമിനാർ പ്രവിത്താനം ഫൊറോന ദൈവാലയത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

**4. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാകരിസ്മാറ്റിക് നവീകരണസുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന മേയ് 7 ചൊവ്വ കുറവിലങ്ങാട് സബ് സോണിലുള്ള കൂടല്ലൂർ ദൈവാലയത്തിൽ വച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ ജേക്കബ് വെള്ളമരുതുങ്കൽ, സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയുണ്ടായി.

**5.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെവഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെട്ടു.

**7.** മേയ് 19 ന് പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് പന്തക്കുസ്താത്തിരുനാൾ ആഘോഷം നടത്തുകയുണ്ടായി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് തിരിതെളിച്ച് ശുശ്രൂഷ ഉദ്ഘാടനം ചെയ്തു. ബ്രദർ സന്തോഷ് കരുമാത്ര വചനപ്രഘോഷണം നടത്തി. റവ. ഫാ ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോൺ, സബ് സോൺ അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. LSS വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

**8.** രൂപതയിലെ ഇടവകകളിൽ പ്രാർത്ഥനക്കൂട്ടായ്മകളുടെ പുനഃസംഘടന നടന്നുകൊണ്ടിരിക്കുന്നു. ജൂൺമാസത്തിൽ സബ് സോണിന്റ പുനഃസംഘടന നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ സന്ദർശനം നടത്തുന്ന ജയിലിനോടനുബന്ധമായി പ്രാർത്ഥനക്കൂട്ടായ്മകൾ നടത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി ഫ്രട്ടേണിറ്റി അംഗങ്ങൾ ആദ്യഞായറാഴ്ച അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

മരങ്ങാട്ടുപിള്ളി ഇടവകയിലെ യുവജനസംഘടനയുടെ സഹകരണത്തോടെ ജയിലിൽ ബോധവത്കരണം ലക്ഷ്യംവച്ചുള്ള കലാപരിപാടികൾ നടത്തി. ഫ്രട്ടേണിറ്റി ഡയറക്ടർ, മരങ്ങാട്ടുപിള്ളി SMYM ഡയറക്ടർ റവ. ഫാ. ജോസഫ് തയ്യിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. 2024 ഏപ്രിൽ 28 മുതൽ മേയ് 4 വരെയും, മേയ് 19 മുതൽ 25 വരെയും മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനങ്ങൾ നടന്നു.

2. രണ്ടാം ശനിയഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ അഭിഷേക-കൈവയ്പ്പു ശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - മേയ് 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

3. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 ജൂൺ 8 - ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം.

2024 ജൂൺ 16 മുതൽ ജൂൺ 22 വരെ പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

ബുക്കിംഗിന്: www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായ സഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

ആലുവയിൽ കപ്പൂച്ചിൻസഭയുടെ സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2024 മേയ് 18-ാം തീയതി ശനിയാഴ്ച രാവിലെ 9:30 മുതൽ 1:30 വരെ നടന്ന SFO Syro Malabar Area Council മീറ്റിംഗിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് രൂപത Spiritual Assistant മാരായ ഫാ. ആന്റണി വെച്ചൂർ OFM. Cap., ഫാ. ജിതിൻ വടക്കുംമുറി OFM. Cap. റീജിയൻ പ്രസിഡന്റുമാരായ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ, പാലാ, സി. ജെ. കുര്യൻ ചെറുകാട്ടിൽ കുറവിലങ്ങാട്, സി. ജെ. തോമസ് തയ്യിൽ അരുവിത്തുറ, ടോമി സേവ്യർ തെക്കേൽ ഭരണങ്ങാനം, ടോമി തോമസ് കുന്നത്തൂർ തുടങ്ങനാട് എന്നിവർ പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ചു. ബഹു. സ്പിരിചൽ അസിസ്റ്റന്റുമാർ യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും തുടർന്ന് അല്മായസഭാംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ആന്റണി വെച്ചൂർ** OFM. Cap.(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിംഗ്**

(1) ഡി.എഫ്.സി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി.

(2) ഡി.എഫ്.സി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പുതിയ പ്രൊമോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി.

(3) ഡി.എഫ്.സി. ഫൊറോനാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**2. അവലോകനം**

കടനാട് ഇടവകയിൽ ദീപികപത്ര വർക്ക് നടത്തിയതിനെക്കുറിച്ചുള്ള അവലോകനമീറ്റിംഗ് കൂടി.

**3. ട്രെയിനിംഗ് പ്രോഗ്രാം രണ്ടാം ഘട്ടം**

ഡി.എഫ്.സി. പ്രൊമോട്ടേഴ്സിന് രണ്ടാം ഘട്ട ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ നേതൃത്വം നൽകി.

**4. വർക്ക്**

വാകക്കാട് ഇടവകയിൽ ദീപിക വർക്ക് നടത്തി.

**5. സപ്ലിമെന്റ്**

സംസ്ഥാന കൺവൻഷനോടനുബന്ധിച്ച് ഡി.എഫ്.സി പാലാ രൂപത സപ്ലിമെന്റ് പബ്ലിഷ് ചെയ്തു.

**6. ഡി.എഫ്.സി സംസ്ഥാന കൺവൻഷൻ**

18,19 തീയതികളിൽ നടന്ന ഡി.എഫ്.സി ദ്വിദിന സംസ്ഥാന കൺവൻഷനിൽ 35 പേർ പങ്കെടുത്തു. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് സമാപനസമ്മേളനത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു.

**7. യാത്രയയപ്പ്**

ഡി.എഫ്.സി ഓഫീസിലേക്ക് 6 മാസത്തെ സേവനത്തിനായി എത്തിയ ബ്രദർ റീജന്റ് ബ്ലസ്സൻ തുരുത്തേലിന് ഹൃദ്യമായ യാത്രയയപ്പു നൽകി.

**8. സ്റ്റാൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ജൂബിലിയോടനുബന്ധിച്ചുനടന്ന സമ്മേളനത്തിൽ ദീപിക പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് സ്റ്റാൾ ഇട്ടു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. പാലാ ജില്ലാ എക്സിക്യൂട്ടീവ്**

ജില്ലാതല (രൂപത) പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാനായി മേയ് 11 ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുനടന്ന യോഗത്തിൽ ഇൻഫാം ജില്ലാതലത്തിൽ

നടക്കുന്ന താലൂക്ക് (ഫൊറോന, ഗ്രാമ (ഇടവക) പ്രവർത്തനങ്ങളെക്കുറിച്ചു വില യിരുത്തി. യോഗ്യരായ നാനാജാതി കർഷകരെ അംഗങ്ങളായി സ്വീകരിച്ചുകൊണ്ട് ഇൻഫാമിന്റെ സെക്കുലർ സ്വഭാവം നിലനിർത്തണമെന്ന് യോഗം തീരുമാനിച്ചു. പുതിയ യൂണിറ്റുകൾ എല്ലായിടത്തും ആരംഭിക്കുവാൻ വികാരിയച്ചന്മാരുടെ സഹ കരണം ചോദിക്കുവാൻ യോഗം തീരുമാനിച്ചു.

**കടുത്തുരുത്തി താലൂക്ക് (ഫൊറോന) മീറ്റിംഗ്**

മേയ് 4-ാം തീയതി ഫൊറോന വികാരി റവ.ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇൻഫാം കടുത്തുരുത്തി യൂണിറ്റ് ഭാരവാ ഹികളെ തിരഞ്ഞെടുത്തു. മേയ് 21 ന് യൂണിറ്റുതല മീറ്റിംഗിൽ ഫാ. ജോസ് തറ പ്പേൽ പങ്കെടുത്ത് ജൂൺ 15 ന് നടക്കുന്ന ഇൻഫാം കടുത്തുരുത്തി താലൂക്ക് (ഫൊറോന) സമ്മേളനങ്ങളെക്കുറിച്ച് ആലോചിച്ചു. ഇൻഫാം പരിസ്ഥിതിദിനാ ഘോഷപരിപാടികളും മെമ്പർഷിപ്പ് വിതരണവും അന്നേദിവസം വൈകുന്നേരം 4 ന് കടുത്തുരുത്തിയിൽ വച്ചു നടത്തുന്നതാണ്.

**3. ഇൻഫാം ലീഡേഴ്സ് മീറ്റ്**

പാറത്തോട് എം.ഡി.എസിൽ വച്ചു മേയ് 24 ന് നടന്ന റീജണൽ മീറ്റിംഗിൽ ഫാ. ജോസ് തറപ്പേൽ, തോമസ് മറ്റം, ഡോ. കെ.കെ. ജോസ്, ബെന്നി തുളുവ നാനി, ജസ്റ്റിൻ മലയിഞ്ചിപ്പാറ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. സിറിയക് കാനാട്ട്

മുണ്ടാങ്കൽ സെയ്ന്റ് ഡൊമിനിക് പള്ളിയിൽ ജോസഫിന്റെയും ബ്രിജിറ്റിന്റെയും 7 മക്കളിൽ ഒരാളായി 1932 ജനുവരി 11-ാം തീയതി സിറിയക് കാനാട്ട് ജനിച്ചു. ആംഗലേയസാഹിത്യത്തിൽ ബിരുദം കരസ്ഥമാക്കിയ തിനുശേഷം 1949 ൽ ചങ്ങനാശ്ശേരി സെയ്ന്റ് തോമസ് പെറ്റി സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം ആരംഭിച്ചു. ആലുവ സെയ്ന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി യിൽനിന്നു തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1958 മാർച്ച് 15-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽപിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ കൂടല്ലൂർ, മരങ്ങാട്ടു പിള്ളി, കോതനല്ലൂർ എന്നീ പള്ളികളിൽ അസ്തേന്തി അച്ചനായും, തുടർന്ന് ജിയോവാലി, മറ്റത്തിപ്പാറ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. 1972 - 1988 കാലഘട്ടത്തിൽ കോഴിക്കോട് സെയ്ന്റ് ജോസഫ്സ് ദേവഗിരി കോളജിൽ പ്രൊഫസറായി സേവനം ചെയ്തു. ഒപ്പം ഹോസ്റ്റൽ വാർഡനായും ശുശ്രൂഷ ചെയ്തു. 1991 മുതൽ 2010 വരെ U.S.A. യിലെ Lafayette രൂപതയിൽ ശുശ്രൂഷ ചെയ്തു. ശേഷം മുണ്ടാങ്കലുള്ള അദ്ദേഹ ത്തിന്റെ സഹോദരപുത്രന്റെ വസതിയിൽ വിശ്രമജീവിതം നയിച്ചുവരിക യായിരുന്നു. 2024 മേയ് 26 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യ കിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട സിറിയക് കാനാട്ടച്ചന്റെ ഭൗതികശരീരം 2024 മേയ് 28-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ഭവനത്തിലുള്ള ശുശ്രൂഷകൾക്കുശേഷം 2.30 ന് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്

പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയ്ക്കും തുടർന്ന് മൃതസംസ്കാരശുശ്രൂഷാപ്രാർത്ഥനകൾക്കുംശേഷം മുണ്ടാങ്കൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട സിറിയക് കാനാട്ടച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## സി. റോസ് കാർമ്മൽ മുണ്ടത്താനത്ത് SH

ചക്കാമ്പുഴ ഇടവകയിലെ, ക്രൈസ്തവവിശ്വാസത്തിലും ദൈവവിളിയിലും സമ്പന്നമായ മുണ്ടത്താനത്തു കുടുംബത്തിൽ ജോസഫ് - മറിയം ദമ്പതികളുടെ ആറുമക്കളിൽ മൂന്നാമത്തെ സന്താനമായി 1942 മാർച്ച് 21 ന് ഭൂജാതയായ സി. കാർമ്മലിന് മാമ്മോദീസയിൽ ലഭിച്ച പേര് ത്രേസ്യ എന്നായിരുന്നു. കുട്ടിയമ്മ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന റോസ് കാർമ്മൽ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹഭാജനമായി നല്ല ശിക്ഷണത്തിലും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വളർന്നു. 1966 ജൂൺ 16 ന് പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1968 ഏപ്രിൽ 15 ന് ആദ്യവ്രതവും 1974 ഏപ്രിൽ 15 ന് നിത്യവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി ത്തീർന്നു. ഒരു വർഷത്തെ ഹോമിയോ ചികിത്സാപഠനത്തിനുശേഷം ഏഴാച്ചേരിയിൽ 10 വർഷം പ്രാക്ടീസ് ചെയ്തു. പാലാ, ഏഴാച്ചേരി, പറത്താനം, രാമപുരം, മേരിലാന്റ്, മൂന്നിലവ്, വിളക്കുമരുത്, കുമ്മണ്ണൂർ മേലുകാവ്, മൂലമറ്റം, ബാംഗ്ലൂർ എന്നീ മഠങ്ങളിലും ഇടവകകളിലും ആയിരുന്നുകൊണ്ട് ദൈവത്തിനും ദൈവജനത്തിനും സമൂഹാംഗങ്ങൾക്കുംവേണ്ടി തന്റെ ആയുസ്സും ആരോഗ്യവും വ്യയം ചെയ്യുന്നതിൽ റോസ് കാർമ്മലമ്മ ആനന്ദം കണ്ടെത്തി. 56 വർഷത്തെ സമർപ്പണജീവിതത്തിൽ 18 വർഷത്തോളം രാമപുരം മഠത്തിലായിരുന്ന റോസ് കാർമ്മലമ്മ സമൂഹത്തിൽ നിറസാന്നിധ്യമായിരുന്നു. 1993 മുതൽ ഡയബറ്റിക്, പ്രഷർ, തേയ്മാനം മുതലായ രോഗങ്ങൾമൂലം സിസ്റ്ററിന്റെ ആരോഗ്യം ക്ഷയിച്ചുവന്നു. ലിവർ സിറോസിസ്, എല്ലുകളുടെ ബലക്കുറവ് എന്നിവമൂലവും സിസ്റ്റർ ക്ലേശിച്ചിരുന്നു. ഏതാണ്ട് മൂന്നുമാസമായി ക്ഷീണിതയായിരുന്ന റോസ് കാർമ്മലമ്മയെ വിദഗ്ധപരിശോധനകൾക്കു വിധേയമാക്കിയെങ്കിലും രോഗത്തിനു കാര്യമായ ശമനം ഉണ്ടായില്ല. അന്ത്യകൂദാശകൾ സ്വബോധത്തോടെ സ്വീകരിച്ച് 12/4/2024 വെള്ളിയാഴ്ച 5.30 am ന് നിത്യസമ്മാന

ത്തിനായി ആ പാവനാത്മാവ് പറന്നകന്നു. 13/4/2024 ശനിയാഴ്ച പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തി ലിന്റെ കാർമികത്വത്തിൽ മൃതദേഹം കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. മേരിദാസ് വിലങ്ങുപാറ എഫ്.സി.സി.

കാഞ്ഞിരപ്പള്ളി രൂപത ആനിക്കാട് സെന്റ് മേരീസ് പള്ളി ഇടവക, വിലങ്ങുപാറ സേവ്യർ-മറിയാമ്മ ദമ്പ തികളുടെ 9 മക്കളിൽ സീമന്തപുത്രിയായി 14.6.1943 ൽ സി. മേരിദാസ് ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്ന പേര് നൽകപ്പെട്ടു. ചിന്നമ്മ എന്ന ഓമനപ്പേരി ലാണ് വിളിച്ചുപോന്നത്. 1964 ൽ SSLC പാസ്സായി. മാതാപിതാക്കളുടെ പ്രാർത്ഥനാചൈതന്യവും വിശ്വാസതീക്ഷ്ണതയും ദൈവവിളി സ്വീക രിക്കാൻ പ്രചോദനമായി. ഈശോയ്ക്ക്, തന്നെ സമർപ്പിക്കണം എന്ന അതിയായ ആഗ്രഹത്തോടെ 15.06.1964 ൽ വളക്കാട്ടുകുന്ന് വിമലഗിരി നോവിഷ്യേറ്റ് ഹൗസിൽ അർഥിനിയായി ചേർന്ന് സന്ന്യാസപരിശീലനം പൂർത്തിയാക്കിയ ചിന്നമ്മ 6.04.1966 ൽ സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തി. സി. മേരിദാസ് എന്ന നാമം സ്വീകരിച്ചു. തുടർന്ന് വിജയവാഡാ സെന്റ് ആന്റണീസ് ഹോസ്പിറ്റലിൽ നേഴ്സിംഗ് പഠനം ആരംഭിച്ചു. 1970 ൽ പഠനം പൂർത്തിയാക്കിയ സി. മേരിദാസ് നാട്ടിൽ വന്ന ശേഷം കൊഴുവനാൽ ഫാത്തിമ മിഷൻ ആശുപത്രിയിൽ തന്റെ സേവനം ആരംഭിച്ചു. 1972 ൽ നിത്യവ്രതവാഗ്ദാനവും നടത്തി ദൈവത്തിനു പൂർണ മായി സമർപ്പിച്ചു. തുടർന്ന് തന്റെ ആരോഗ്യം അനുവദിച്ചിടത്തോളം കാലം അവിടെത്തന്നെ തന്റെ നിസ്തുലമായ സേവനം തുടർന്നു.

കൊഴുവനാൽ ആശുപത്രിയിൽ മേട്രൻ, മഠത്തിലെ സുപ്പീരിയർ എന്നീ നിലയിൽ സ്തുത്യർഹമായ സേവനം അമ്മ അനുഷ്ഠിച്ചിട്ടുണ്ട്. 1998 മുതൽ ശാരീരികമായ അസുഖം നിമിത്തം വിശ്രമത്തിനായി കല്ലൂർ ക്കുളം മഠത്തിലേക്ക് സ്ഥലംമാറി വിശ്രമജീവിതം തുടർന്നു. 2015 ൽ കൊഴു വനാൽമഠത്തിൽനിന്നു കല്ലൂർക്കുളംമഠത്തിലേക്കു അമ്മ സ്ഥലംമാറിവന്നു. ഈ കാലഘട്ടത്തിൽ പലവിധ രോഗങ്ങൾ അമ്മയെ അലട്ടിയിരുന്നു.

2023 ഫെബ്രുവരിയിൽ അമ്മയ്ക്ക് ഒരു സ്ട്രോക്ക് ഉണ്ടാവുകയും ശയ്യാവലംബിയാകുകയും ചെയ്തു. 2024 ഫെബ്രുവരി 2-ാം തീയതി ശ്വാസ തടസ്സംമൂലം പാലാ അരുണാപുരം മരിയൻ മെഡിക്കൽ സെന്ററിൽ ICCU യിൽ പ്രവേശിപ്പിച്ചു. ക്ഷീണം വർദ്ധിക്കുകയാൽ ബഹു. ജോർജ് ഞാറ ക്കുന്നേലച്ചനിൽനിന്നു രോഗീലേപനം സ്വീകരിച്ചു. 27-04-2024 ശനിയാഴ്ച

10 മണിയോടെ ക്ഷീണം വർദ്ധിച്ചു. ബഹു. ചാപ്ലൈൻ റവ. ഫാ. ജോസഫ് പൂവത്തുങ്കൽ മരണാസന്നർക്കുള്ള പ്രാർത്ഥനയും ആശീർവാദവും നല്കി. 12.45 പി.എം. ന് ബഹു. അച്ചനും ഭവനാംഗങ്ങളും പ്രാർത്ഥിച്ചുകൊണ്ടു നിൽക്കേ അമ്മ ശാന്തമായി ദൈവസന്നിധിയിലേക്കു യാത്രയായി.

30.04.2024 ചൊവ്വാഴ്ച രാവിലെ 7.30 ന് മേരിദാസമ്മയുടെ മൃതദേഹം കല്ലൂർക്കുളം മഠം കപ്പേളയിൽ കൊണ്ടുവന്നു. തുടർന്ന് അമ്മയുടെ ആത്മശാന്തിക്കായി ബഹു. ജോസഫ് പൂവത്തുങ്കലച്ചൻ ദിവ്യബലി അർപ്പിച്ചു. സംസ്കാരശുശ്രൂഷയോടനുബന്ധിച്ച് റവ. ഫാ. ഗർവ്വാസീസ് ആനിത്തോട്ടം, റവ. ഫാ. ജോസഫ് പാണ്ടിയപ്പള്ളിൽ MCBS എന്നിവർ ചേർന്ന് സമൂഹബലി അർപ്പിച്ചു. ദിവ്യബലിമദ്ധ്യേ റവ. ഫാ. ജിബിൻ ഫിലിപ്പ് കൊമ്പാറനിരപ്പേൽ അനുസ്മരണസന്ദേശം നല്കി. ദിവ്യബലിക്കുശേഷം പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിൽ അച്ചൻ അനുശോചനസന്ദേശം നല്കുകയും സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. ഏകദേശം 5 മണിയോടെ ബഹു. മേരിദാസമ്മയുടെ മൃതദേഹം ബഹു. വൈദികരുടെയും സന്ന്യാസസഹോദരങ്ങളുടെയും കുടുംബാംഗങ്ങളുടെയും ഇടവകാംഗങ്ങളുടെയും സാന്നിധ്യത്തിൽ മഠംവക സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം മേരിദാസമ്മയെ മഹത്ത്വത്തിന്റെ കിരീടം അണിയിക്കട്ടേയെന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. റ്റെസി പൂവംനിൽക്കുന്നതിൽ എസ്.എച്ച്.

പാലാ രൂപതയിലെ കൂടല്ലൂർ ഇടവകയിൽ പുരാതനവും പ്രശസ്തവുമായ പൂവംനിൽക്കുന്നതിൽ കുടുംബത്തിൽ പരേതരായ ദേവസ്യായുടെയും അന്നമ്മയുടെയും 9 മക്കളിൽ ആറാമത്തെ സന്താനമായി 1963 മാർച്ച് 3-ന് ഭൂജാതയായ ലില്ലിക്കുട്ടിക്ക് മാമ്മോദീസയിൽ ലഭിച്ച പേര് ത്രേസ്യ എന്നായിരുന്നു വിശ്വാസത്തിൽ ആഴപ്പെട്ട ക്രൈസ്തവമാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ശിക്ഷണത്തിൽ വളർന്ന ലില്ലിക്കുട്ടി 1979 ജൂലൈ മൂന്നാം തീയതി കുരുവിനാൽ മഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസ പരിശീലനത്തിനുശേഷം 1981 ഓഗസ്റ്റ് 22ന് ആദ്യവ്രതവും 1988 മേയ് രണ്ടിന് നിത്യവ്രതവും അനുഷ്ഠിച്ച് സി. റ്റെസി എന്ന നാമം സ്വീകരിച്ചു.

വ്രതവാഗ്ദാനത്തിനുശേഷം 1981 – 82 ൽ അടിവാരത്ത് നഴ്സറി ടീച്ചറായി സേവനമനുഷ്ഠിച്ചു. തുടർന്ന് കുമ്മണ്ണൂർ ഭവനത്തിൽ കുഞ്ഞുങ്ങളെ പരിചരിക്കുകയായിരുന്ന സിസ്റ്ററിൽ നല്ല ഒരു അധ്യാപികയെ

കണ്ടെത്തിയ അധികാരികൾ ടിടിസി പഠനത്തിനായി തിരുവനന്തപുരത്തിന് അയച്ചു. ടിടിസി പാസായശേഷം അറക്കുളം, രാമപുരം, ചേറ്റുതോട്, നരിയങ്ങാനം, അടിവാരം എന്നിവിടങ്ങളിലെ സ്കൂളുകളിൽ ഏറെ വ്യത്യസ്തതയോടെ അധ്യാപനശുശ്രൂഷ ചെയ്തു. വിശ്വാസപരിശീലന രംഗത്തും സിസ്റ്ററിന്റെ സേവനം തികച്ചും ശ്ലാഘനീയമായിരുന്നു. ഏല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ എല്ലാം ഏറെ വിശ്വസ്തതയോടെയും ആത്മാർത്ഥതയോടെയും നിർവഹിക്കുന്നതിൽ ഉത്സുകയായിരുന്നു.

തുടർന്ന്, പാലാ, മൂലമറ്റം മഠങ്ങളിലായി സിസ്റ്റർ തന്റെ വിശ്രമജീവിതം നയിക്കുകയായിരുന്നു കഴിഞ്ഞ ഒരു വർഷമായി ഡയബറ്റിസ് വർദ്ധിച്ചതിനാൽ സിസ്റ്ററിന് നല്ല ക്ഷീണം ഉണ്ടായിരുന്നു. 28/03/2024 ൽ പെസഹാ ആഘോഷത്തിൽ പങ്കുചേരാൻ എല്ലാ ഒരുക്കങ്ങളും സമൂഹാംഗങ്ങളോടൊപ്പം നിർവ്വഹിച്ച് 3:00 pm ന് ക്ഷീണം തോന്നിയതിനാൽ വിശ്രമാർത്ഥം സ്വന്തം മുറിയിലേക്കു പോയി. പിന്നീട് മുറിയിൽ അന്വേഷിച്ചു ചെന്ന സഹോദരിമാർ കഠിനമായ ശ്വാസതടസ്സം നേരിടുന്ന സി. റ്റെസിയെയാണു കണ്ടത്. ഉടൻതന്നെ മൂലമറ്റം BVMC യിൽ പ്രവേശിപ്പിച്ച് സാധിക്കാവുന്ന പരിചരണങ്ങൾ നൽകിയെങ്കിലും 1 തെസ. 4/14 അന്വർത്ഥമാകുമാറ് യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടുകൂടി ഉയർപ്പിക്കും എന്ന പ്രത്യാശയിൽ സി. റ്റെസി നമ്മോട് അന്ത്യയാത്ര പറഞ്ഞു കഴിഞ്ഞിരുന്നു.

30/03/2024 ദുഃഖശനിയാഴ്ച രാവിലെ 9.30 ന് മൃതദേഹം പൊതുദർശനത്തിനായി പാലാ മഠത്തിൽ കൊണ്ടുവന്നു. തുടർന്ന് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ പ്രധാനകാർമികത്വത്തിൽ മൃതദേഹം കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| MAY 2024 | | |
|---|---|---|
| 01 | 11. 00 am | വാഴേമഠം എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ തിരുഹൃദയസന്ന്യാസിനിസമൂഹാംഗങ്ങളുടെ സുവർണ്ണജൂബിലിയും നിത്യവ്രതവാഗ്ദാനവും നടത്തി. |
| | 04.00 pm | മംഗളഗിരി ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഭവനം ആശീർവദിച്ചു. |
| 02 | 09.00 am | തുരുത്തിപ്പള്ളി ഇടവകയിൽ മ്ശംശാന ജോസഫ് തുരുത്തിപ്പള്ളി CMF ന് തിരുപ്പട്ടം നൽകി. |
| | 11. 00 am | മൂഴൂർ ഇടവകയിൽ ജോസഫ് തടത്തിൽ (Sr) അച്ചന്റെ ജ്യേഷ്ഠൻ തടത്തിൽ ലൂക്കായുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 02.30 pm | ബിഷപ്സ് ഹൗസിൽ സെന്റ് തോമസ് കോളേജിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | ഭരണങ്ങാനം ഫൊറോനയിൽ ഈറ്റയ്ക്കക്കുന്നേൽ ദേവസ്യായുടെ മൃതശരീരത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 04 | 08.00 am | ളാലം പഴയപള്ളിയിൽ SMS സന്ന്യാസസമൂഹസ്ഥാപകനായ ബഹു. കൈപ്പൻപ്ലാക്കലച്ചന്റെ ചരമത്തിന്റെ 10-ാം വാർഷികദിനത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 06.45 pm | മാന്നാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാല പ്രാർത്ഥനയിലും സംബന്ധിച്ചു. |
| 05 | 07.45 am | മാന്നാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നുനടന്ന പൊതുയോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| | 05. 15 pm | തീക്കോയി ഫൊറോനപ്പള്ളി പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് ആശീർവദിച്ചു. ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കാൻ പോകുന്ന ഭവനത്തിന്റെ ശിലയും ആശീർവദിച്ചു. |
| 06 | 02.30 pm | പാലാ കത്തീഡ്രലിൽ സ്നേഹഗിരി സന്ന്യാസസമൂഹത്തിന്റെ പ്രഥമനിത്യവ്രതവാഗ്ദാനകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 07 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ ഹെൽത്ത് ഡയലോഗ് സീരീസ് – ആരോഗ്യ ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു. |
| 08 | 06.00 pm | കരൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ 'ഗുഡ്ഷെപ്പേർഡ് ഡെ'യിൽ വൈദികവിദ്യാർത്ഥികളോടു സംസാരിച്ചു. തുടർന്നു റംശാപ്രാർത്ഥനയിലും സെമിനാരി തിരിച്ചുള്ള വൈദികവിദ്യാർത്ഥികളുടെ കലാപരിപാടികളിലും സംബന്ധിച്ചു. |
| 09 | 6.30 am | കയ്യൂർ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 09.00 pm | ചങ്ങനാശ്ശേരി അതിരൂപതാകേന്ദ്രത്തിൽ ദീപികയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വജ്ര ജൂബിലിസമ്മേളനം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |
| | 05.30 pm | മുട്ടുചിറ ഫൊറോനായിൽ പുതുക്കിപ്പണിത കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 11 | 07.00 am | പാലാ കത്തീഡ്രലിൽ രൂപതാവൈദികവിദ്യാർ ഥികൾക്ക് വൈദികവസ്ത്രവും, കാറോയ – ഹെവ്പ്പദ് യാക്ക്നാപ്പട്ടങ്ങളും നൽകി. |
| | 04.30 pm | അരുണാപുരം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 12 | 03.00 pm | അരുവിത്തുറയിൽ കത്തോലിക്കാ കോൺഗ്രസ് രൂപീ കൃതമായതിന്റെ 106-ാം വാർഷികം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |
| | 06.00 pm | കുറുമണ്ണ് പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട ഗ്രോട്ടോ വെഞ്ചെരിച്ചു. |
| 13 | 09. 15 am | ഭരണങ്ങാനം അസീസി ആശ്രമത്തിൽ ഫാ. ജോമോൻ ആശാംപറമ്പിൽ OFM. Cap ന്റെ മൃതദേഹത്തിനരി കിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ DCMS ന്റെ മീറ്റിംഗിൽ സംബ ന്ധിച്ചു. |
| | 05.00 pm | ബിഷപ്സ് ഹൗസിൽ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.30 pm | ചെത്തിമറ്റം ക്രിസ്തുജ്യോതി സെന്ററിൽ നടന്ന KCSL ജൂനിയർ ക്യാമ്പ് ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |
| | 06.30 pm | വാകക്കാട് ഇടവകയിൽ ചുങ്കപ്പുര മറിയാമ്മ മാത്യു വിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലിപ്രാർ ത്ഥിച്ചു. |
| 15 | 10.00 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻ സ്റ്റിറ്റ്യൂട്ടിൽ PSWS ന്റെ നേതൃത്വത്തിൽ 2004 മുതൽ വൈദികപട്ടം സ്വീകരിച്ചിട്ടുള്ള ബഹു. വൈദികരുടെ ഓൺഗോയിങ് ഫോർമേഷൻ ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |
| | 12. 00 noon | ഭരണങ്ങാനം ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ റായ്പുർ മുൻ മെത്രാപ്പോലീത്ത മോസ്റ്റ് റൈറ്റ് റവ. ഡോ. ജോസഫ് അഗസ്റ്റിൻ ചരണകുന്നേൽ പിതാ വിന്റെ പൗരോഹിത്യസുവർണ്ണജൂബിലിവാർഷിക ത്തിൽ ആശംസകളർപ്പിച്ചു. |

| | | |
|---|---|---|
| 16 | 10.04 pm | പാലാരിവട്ടം പി.ഒ.സിയിൽ നടന്ന സെമിനാരി കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 09. 30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 06.00 pm | പകലോമറ്റം തറവാടുപള്ളിയിൽ അർക്കദിയാക്കോന്മാരുടെ കബറിടത്തിങ്കൽ മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ മെത്രാപ്പോലീത്തയെ സ്വീകരിച്ചു. ശേഷം കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ചുഡീക്കൻ തീർത്ഥാടനദൈവാലയത്തിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 02.00 pm | പാലായിൽ മണ്ണംപ്ലാക്കൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 08.00 pm | പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷിക്കുന്ന റായ്പുർ മുൻ മെത്രാപ്പോലീത്ത മോസ്റ്റ് റൈറ്റ് റവ. ഡോ. ജോസഫ് അഗസ്റ്റിൻ ചരണകുന്നേൽ പിതാവിന് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി. |
| 19 | 07. 45 am | പന്തക്കുസ്താതിരുനാളിൽ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ 2024-25 അൽഫോൻസിയൻ ആത്മീയവർഷം 'സ്ലീവ' ഉദ്ഘാടനം ചെയ്തുസംസാരിച്ചു. തുടർന്ന് കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിച്ചു. |
| | 10.45 am | പാലാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ പന്തക്കുസ്താത്തിരുനാളിൽ രൂപതയുടെ ഇവാഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ നടന്ന സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 03.00 pm | കോതമംഗലം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് NESTT ൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ സംസ്ഥാന സമ്മേളനത്തിൽ സമാപനസന്ദേശം നൽകി. |
| 20 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | പ്ലാശനാൽ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 09. 00 pm | ദീപികയുടെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 21 | 3.00 pm | ബിഷപ്സ് ഹൗസിൽ ഡി.സി.എം.എസ്. ന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 22 | 11.00 am | പുതുതായി നിർമ്മിക്കപ്പെട്ട മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. |
| | 02.30 pm | ബിഷപ്സ് ഹൗസിൽ വിദ്യാഭ്യാസകമ്മീഷൻ സിനഡൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 23 | 10.00 am | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ചരമവാർഷികദിനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും കബറിടത്തിങ്കൽ പ്രാർത്ഥിച്ച് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനെക്കുറിച്ചുള്ള ഡോക്യുമെന്ററി റിലീസ് ചെയ്യുകയും ചെയ്തു. |
| | 4.00 pm | സേവ്യർപുരം ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട മൂന്നു ഭവനങ്ങൾ വെഞ്ചരിച്ചു. |
| | 5.30 pm | ഉദയഗിരി ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഭവനം വെഞ്ചരിച്ചു. |
| 24 | 09. 30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | പറത്താനം ഇടവകയിൽ പുതിയാപറമ്പിൽ ജേക്കബ് അച്ചന്റെ പിതാവ് പുതിയാപറമ്പിൽ പി. സി. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4.30 pm | അരുണാപുരം ഇടവകയിൽ ഹോംപാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഭവനം വെഞ്ചരിച്ചു. |
| 25 | 06.45 pm | മുട്ടുചിറ ഫൊറോനയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 26 | 07.45 am | മുട്ടുചിറ ഫൊറോനയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 05.00 pm | കാട്ടാമ്പാക്കു പള്ളിയുടെ റൂബിജൂബിലി ആഘോഷ ങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുടുംബ ക്കൂട്ടായ്മ, എസ്.എം.വൈ.എം. എന്നിവയുടെ 25-ാം വാർഷികവും, ഇടവക ഡയറക്ടറി, ബൈബിൾ കൈ യെഴുത്തുപ്രതി എന്നിവയുടെ പ്രകാശനവും നടത്തി. |
| 27 | 02.30 pm | ADART ന്റെ മാനേജിംഗ് ബോർഡ് മീറ്റിങ്ങിൽ സംബ ന്ധിച്ചു. |
| | 05.00 pm | പയ്യാനിത്തോട്ടം ഇടവകയിൽ ഹോം പാലാ പ്രോജ ക്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഭവനം വെഞ്ച രിച്ചു. |
| | 07.00 pm | ഉള്ളനാട് ഇടവകയിൽ ഒരു ഭവനം സന്ദർശിച്ചു. |
| 28 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | മുണ്ടാങ്കൽ ഇടവകയിൽ ബഹു. സിറിയക് കാനാട്ട് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമി കത്വം നൽകി. |
| 30 | 03.00 pm | ബിഷപ്സ് ഹൗസിൽ രൂപതയുടെ പ്ലാറ്റിനം ജൂബിലി ആലോചനാസമിതി മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | സ്ലീവാപുരം ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെട്ട കുരിശുപള്ളി ആശീർവദിച്ചു. |



കുറവിലങ്ങാട് മർത്ത് മറിയം
മേജർ ആർക്കി എപ്പിസ്കോപ്പൽ
ആർച്ചുഡീക്കൻ തീർത്ഥാടനദൈവാലയ
യോഗശാലയിൽ മലങ്കര സുറിയാനി
ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ
ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്
തൃതീയൻ മെത്രാപ്പോലീത്തയ്ക്ക്
കുറവിലങ്ങാട് മുത്തിയമ്മയുടെ
ഛായാചിത്രം അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് സമ്മാനിക്കുന്നു.

പകലോമറ്റം തറവാട്
പള്ളിയിൽ അർക്കദിയാക്കോന്മാരുടെ
കബറിടത്തിൽ അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവിന്റെ സാന്നിധ്യത്തിൽ
മലങ്കര സുറിയാനി ഓർത്തഡോക്സ്
സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് തൃതീയൻ
മെത്രാപ്പോലീത്താ പുഷ്പചക്രം
സമർപ്പിക്കുന്നു.





രൂപത മൈനർ സെമിനാരിയിൽ വൈദികരോടും വൈദികവിദ്യാർത്ഥികളോടുമൊപ്പം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഗുഡ്ഷെപ്പേർഡ് ഡെയിൽ പങ്കെടുക്കുന്നു.




പാലാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ പന്തക്കുസ്താത്തിരുനാളിൽ രൂപതയുടെ ഇവാഞ്ചലൈസേഷൻ
ടീമിന്റെ നേതൃത്വത്തിൽ നടന്ന സംഗമം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

# ഇടയനടുത്ത സന്ദർശനം – മാന്നാർ ഇടവക














# ഇടയനടുത്ത സന്ദർശനം – മുട്ടുചിറ ഫൊറോന





























2024
JUNE

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



ഹെവ്പ്പദ്യാക്ക്നാപ്പട്ടം സ്വീകരിച്ച രൂപതാവൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടും വൈദികരോടുമൊപ്പം.



കാറോയപ്പട്ടം സ്വീകരിച്ച രൂപതാവൈദികവിദ്യാർത്ഥികൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിനോടും വൈദികരോടുമൊപ്പം.



വൈദികവസ്ത്രം സ്വീകരിച്ച രൂപതാവൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടും വൈദികരോടുമൊപ്പം.

*Printed at St.Thomas Press, Palai and Published by Fr. John Pakkarampel*